Adelaide & Metropolitan Malayalee Association

# പ്രവാസി

Pravasi Magazine 2024



## നളപാചകം

## My Migration Experience

## വൈശ്വായനം

## അമ്മയ്ക്കൊപ്പം 25 വർഷം

## FROM BACKYARD CRICKET TO AUSTRALIAN U16S

# Dance & Music Classes at KALALAYA

Kalalaya
SCHOOL OF INDIAN PERFORMING ARTS
ESTD. 2011

## Dance Classes

- BHARTANATYAM
- MOHINIYATTAM
- KATHAK
- BOLLYWOOD



## Music Classes

- GUITAR | KEYBOARD
- VIOLIN | SITAR
- MANDOLIN | DRUMS



0425 761 360
0466 772 138
kalalayaadelaide@gmail.com
www kalalaya.net


/kalalayaadelaide
Kalalaya Adelaide

# പ്രവാസി

രജതജൂബിലിപതിപ്പ് 2024

# AMMA

ADELAIDE & METROPLITAN MALAYALEE ASSOCIATION




Silver Jubilee Souvenir

Adelaide & Metropolitan Malayalee Association (AMMA)

## Editorial Board

Ram Kumar
Karthika Thannickan
Divya Bejoy
Suresh Thankamala
Marshal K. Mathai

Email: amma@adelaidemalayalee.org
Website: www.adelaidemalayalee.org

Jubilee Logo Design: Praveen Kelath

Design & Layout:

Chetana Media, Kottayam
Phone: +91 9447001122

Cover Design: Ramya A R
Page Layout: Rajani N K

# MESSAGE





മലയാളത്തിന്റെ പ്രിയ കഥാകാരന്, അമരരായ കഥാപാത്രങ്ങളുടെ സൃഷ്ടാവിന്,
പ്രിയപ്പെട്ട എം. ടി. സാറിന്  നവതിയുടെ സ്നേഹം നിറഞ്ഞ ആശംസകൾ

അമ്മ എഡിറ്റോറിയൽ ടീം
അഡ്‌ലെയ്ഡ്‌ലെ മലയാളി സമൂഹം



സന്തോഷ് ജോർജ് കുളങ്ങര


# MESSAGE

ഓസ്ട്രേലിയ എന്റെ ഇഷ്ടദേശങ്ങളിൽ ഒന്നാണ്. ഭൂമിശാസ്ത്രപരമായ പ്രത്യേകതകളോ പ്രകൃതി സൗന്ദര്യമോ മാത്രമല്ല അതിനു നിദാനം. അവിടെയുള്ള മലയാളി സാന്നിധ്യം കൂടിയാണ്. ഓസ്ട്രേലിയയിലൂടെയുള്ള സഞ്ചാരത്തിനിടയിൽ ആ സുന്ദരനാടിന്റെ സംസ്കാരത്തിലേക്കും ചരിത്രത്തിലേക്കും ഇന്നത്തെ ജീവിത രീതികളിലേക്കും കാർഷികപ്പെരുമയിലേക്കും അബോറിജിനൽസിന്റെ തനതു സംസ്കാരത്തിലേക്കുമെല്ലാം പോകാൻ എനിക്ക് കഴിഞ്ഞിരുന്നു. സഞ്ചാരത്തിന് മറക്കാനാവാത്ത എപ്പിസോഡുകളാണ് ഓസ്ട്രേലിയ സമ്മാനിച്ചത്.

ഒരുകാലത്ത് പുറമേനിന്ന് വെള്ളക്കാർക്ക് മാത്രം പ്രവേശനമുണ്ടായിരുന്ന നാടാണല്ലോ ഓസ്ട്രേലിയ. അവിടേക്കുള്ള ഇന്ത്യക്കാരുടെ കുടിയേറ്റം അത്ഭുതകരമായ ഒരു പ്രതിഭാസമായിരുന്നു. ചുരുങ്ങിയ കാലത്തിനിടയിൽ ലക്ഷക്കണക്കിന് ഇന്ത്യക്കാരാണ് ഓസ്ട്രേലിയയിൽ ചെന്നെത്തിയത്. അതിൽ നല്ലൊരു ശതമാനം മലയാളികളുമുണ്ടായിരുന്നു. കഴിഞ്ഞ 25 വർഷമായി അഡ്ലെയ്ഡിലെ മലയാളികൾക്കിടയിൽ അവരുടെ ക്ഷേമത്തിനും സൗഹൃദത്തിനും ഉണർവിനും ഉയർച്ചയ്ക്കും വേണ്ടി ഒരു സംഘടന പ്രവർത്തിക്കുന്നു എന്നത് അത്ഭുതകരവും ആനന്ദകരവുമായ അറിവാണ്. അഡ്ലെയ്ഡ് മെട്രോപൊളിറ്റൻ മലയാളി അസോസിയേഷൻ അഥവാ 'അമ്മ' അതിന്റെ രജതജൂബിലി ആഘോഷിക്കുകയാണല്ലോ. കേരളം വിട്ട് ഓസ്ട്രേലിയയിൽ സ്ഥിരതാമസമാക്കി ആ നാടിന്റെ രീതികളിലേക്ക് അലിഞ്ഞു ചേരുമ്പോഴും മലയാളിത്തം കൈവിടാത്തവരാണ് ഈ സംഘടനയിലുള്ളതെന്ന് വ്യക്തം. മറുനാട്ടിൽ കേരളീയമായ സാംസ്കാരികത്തനിമയുടെ ഉണർവ് നിലനിർത്താൻ യത്നിക്കുന്ന 'അമ്മ'യ്ക്ക് എല്ലാവിധ നന്മകളും നേരുന്നു. മികച്ച പ്രവർത്തനങ്ങളിലൂടെ, ഓസ്ട്രേലിയയിൽ ഇനിയും വരാനിരിക്കുന്ന മലയാളി തലമുറകൾക്ക് മാർഗ്ഗദീപമായി ഈ സംഘടന വർത്തിക്കട്ടെ എന്ന് ആശംസിക്കുന്നു.

സന്തോഷ് ജോർജ് കുളങ്ങര

# MESSAGE



സത്യൻ അന്തിക്കാട്

നാട്ടിൽ നിന്ന് മാറി നിൽക്കുമ്പോഴാണ് നമ്മൾ നാടിനേയും നമ്മുടെ ഭാഷയേയും കൂടുതൽ സ്നേഹിക്കുക എന്നു പറഞ്ഞു കേട്ടിട്ടുണ്ട്. ഡൽഹിയിൽ സ്ഥിരതാമസമാക്കിയപ്പോഴാണത്രെ ശ്രീ. എം. മുകുന്ദൻ 'മയ്യഴിപ്പുഴയുടെ തീരങ്ങളിൽ' എന്ന പുസ്തകം എഴുതിയത്. ഇന്ത്യക്കു പുറത്ത് വർഷങ്ങളായി ജീവിക്കുന്ന 'അമ്മ' യിലെ അംഗങ്ങൾക്ക് കേരളവും മലയാളവും എത്രത്തോളം പ്രിയപ്പെട്ടതാണെന്ന് എനിക്ക് ഊഹിക്കാം.

മലയാളികൾക്കൊരു പ്രത്യേകതയുണ്ട്. ഒത്തുചേരുന്നയിടത്ത് ഒരു കൊച്ചു കേരളം സൃഷ്ടിക്കാൻ അവർക്കു പറ്റും. സ്നേഹവും സൗഹൃദവും തന്നെയാണ് ആ കൂട്ടായ്മയ്ക്ക് കാരണം. ADELAIDE ലും അത്തരമൊരു കൂട്ടായ്മ സജീവമാണെന്ന് ഞാനറിയുന്നു. ADELAIDE & METROPLITAN MALAYALEE ASSOCIATION അമ്മ – രൂപം കൊണ്ടിട്ട് ഇരുപത്തിയഞ്ച് വർഷം തികയുകയാണല്ലോ, അവിടുത്തെ മലയാളികൾക്കിടയിൽ അവരുടെ ക്ഷേമത്തിനും, ഐശ്വര്യത്തിനും വേണ്ടി പ്രവർത്തിക്കുന്ന 'അമ്മ'യ്ക്ക് എന്റെ എല്ലാ ആശംസകളും നേരുന്നു. വളർന്നു വരുന്ന പുതിയ തലമുറയ്ക്ക് 'അമ്മ' ഒരു പ്രചോദനമായി മാറട്ടെ. 'അമ്മ' യിലെ ഓരോ അംഗങ്ങൾക്കും എന്റെ സ്നേഹം.

സ്വന്തം

സത്യൻ അന്തിക്കാട്


IVY'S
Group of Companies
Pty. Ltd.
We bring the feast to you
RESTAURANT & BAR
DINE-IN & TAKE-AWAY
We do all types of
FUNCTIONS
Birthdays, Weddings
Social and Private Events
Corporate Events and more
0431 434 800 or 0434 584 094
www.ivyskitchen.com.au

# MESSAGE

## A message from the Premier and Minister

On behalf of the Government of South Australia, we wish the Adelaide and Metropolitan Malayalee Association a very happy 25th anniversary.

This milestone occasion is a timely opportunity to reflect on the many cultural, economic and social contributions you have made – and continue to make – to our great state.

Thank you for continuing to promote the beauty and vibrancy of Kerala in South Australia, and your willingness to celebrate and share its cultures, language and traditions with others.

South Australia's Keralan community is well known for its vitality, enterprising spirit, and tremendous hospitality. We have enjoyed celebrating festivals and special occasions with you over many years.

We congratulate the Executive Committee, volunteers, members and supporters of the Adelaide and Metropolitan Malayalee Association Inc. on all you have achieved so far.

We wish you a joyous Silver Jubilee celebration and we hope the future brings continued success, health and happiness to your community.



Peter Malinauskas
**PREMIER OF SOUTH AUSTRALIA**

20 / 06 / 2024



Zoe Bettison
**MINISTER FOR MULTICULTURAL AFFARS**

20 / 06 / 2024

PRESIDENT, AMMA



സൈജൻ ദേവസി ഇഞ്ചക്കൽ

# MESSAGE

അഡ്‌ലെയ്ഡ് & മെട്രോപ്പൊളിറ്റൻ മലയാളി അസോസിയേഷൻ (AMMA) സ്ഥാപിതമായത് 1999-ലാണ്. കഴിഞ്ഞ ഇരുപത്തിയഞ്ച് വർഷമായിട്ട് അഡ്‌ലെയിഡിലെ മലയാളി സമൂഹത്തിന് പൂർണ്ണ പിന്തുണയും, സഹകരണവും നൽകി വരുന്ന ഒരു സംഘടനയാണ് അമ്മ. അമ്പത് പേരിൽ തുടങ്ങിയ സംഘടന ഇന്ന് പതിനായിരത്തിലധികം ആൾക്കാരിലേക്ക് വ്യാപരിക്കപ്പെട്ടിരിക്കുന്നു. കേരളത്തിന്റെ തനതായ കലാസാംസ്കാരിക പൈതൃകം ജാതിമതവർഗ്ഗവർണ്ണ വ്യതിയാനങ്ങളില്ലാതെ അഡ്‌ലെയ്ഡ് മലയാളികൾക്ക് അനുഭവഭേദ്യമാക്കുവാൻ അമ്മയുടെ ഭാരവാഹികളും, ഈ സംഘടനയിൽ ലാഭേച്ഛ കൂടാതെ പ്രവൃത്തിക്കുന്ന ആയിരത്തിലധികം വോളന്റിയേഴ്സും ഏറ്റവും ആത്മാർത്ഥമായി പരിശ്രമിക്കുന്നു.

അമ്മ അസ്സോസിയേഷന്റെ നേതൃത്വത്തിൽ രണ്ട് വർഷം കൂടുമ്പോൾ ഇറങ്ങുന്ന പ്രവാസി മാഗസിന്റെ സുവനീർ പതിപ്പ് ഏറ്റവും അഭിമാനത്തോടെ നിങ്ങൾക്ക് മുൻപിൽ സമർപ്പിക്കുന്നു. അഡ്‌ലെയ്ഡ്ലെ കലാഭിരുചിയുള്ള ഒരു കൂട്ടം കലാകാരൻമാരുടെ രചനകൾക്കൊപ്പം, കഴിഞ്ഞ ഇരുപത്തിയഞ്ച് വർഷത്തെ ഓർമ്മ കളും കോർത്തിണക്കി സെപ്റ്റംബർ ഏഴിനു ഓണഘോഷ പരിപാടിയിൽ പ്രവാസി മാഗസിൻ പ്രസാധനം ചെയ്യുമ്പോൾ ഇതിന്റെ ചീഫ് എഡിറ്ററായ രാം കുമാർ, എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ, രചയിതാക്കൾ, മാഗസിനെ സപ്പോർട്ട് ചെയ്ത സ്പോൺസർമാർ, അതുപോലെ പബ്ലീഷർ ചേതന മീഡിയ എന്നിവരെ നന്ദിയോടെ സ്മരിക്കുന്നു.

ഇരുപത്തി അഞ്ചാം വാർഷികം ഇവിടുത്തെ മലയാളികൾക്ക് എന്നും ഓർമ്മയിൽ സൂക്ഷിക്കുവാൻ സാധിക്കുന്ന ഒന്നായി തീരുവാൻ അമ്മയുടെ സംഘടനാ ഭാരവാഹികളും, അതുപോലെ ഇരുപത്തിയഞ്ചാം വാർഷിക പരിപാടികളുടെ കൺവീനറായ ജോസ് ജോർജ് ജോസഫിന്റെ നേതൃത്വത്തിലുള്ള ടീം അംഗങ്ങളും വളരെ ആത്മാർത്ഥമായി പരിശ്രമിക്കുന്നൂ. ജാതിമതരാഷ്ട്രീയ വേർതിരിവുകൾ ഈ സംഘടനയിൽ ഇല്ലായെന്നതാണ് ഈ സംഘടനയുടെ മുഖമുദ്ര. അതുപോലെ ഒരേ മനസ്സോടെ, ആത്മാർത്ഥമായി പ്രവർത്തിക്കുന്ന വോളന്റിയേഴ്സാണ് ഈ സംഘടനയുടെ ശക്തി, മലയാളികളുടെ ആവശ്യങ്ങളിൽ, ആഘോഷങ്ങളിൽ കൂടെ നിൽക്കുന്ന ശക്തമായ ഇതിന്റെ ഭാരവാഹികളുടെ നേതൃത്വമാണ് ഈ സംഘടനയെ മലയാളികൾക്കിടയിൽ ജനപ്രിയമാക്കുന്നത്.

സസ്നേഹം
സൈജൻ ദേവസി ഇഞ്ചക്കൽ

CHIEF EDITOR



രാം കുമാർ

# EDITORIAL

അഡ്‌ലെയ്ഡ് & മെട്രോപ്പൊളിറ്റൻ അസോസിയേഷൻ (AMMA) പിറവിയെടുത്തിട്ട് 25 വർഷങ്ങൾ പൂർത്തിയാവുകയാണ്. ജാതിയുടെയും മതത്തിന്റെയും അതിർ വരമ്പുകൾ ഒന്നുമില്ലാതെ അഡ്‌ലെയ്ഡ്‌ലെ മുഴുവൻ മലയാളി സമൂഹത്തെയും ഒരു പെറ്റമ്മയെ പോലെ ചേർത്ത് പിടിച്ച് ഓണവും ക്രിസ്മസും പെരുന്നാളും തുടങ്ങി എല്ലാ ആഘോഷങ്ങളും വർണ്ണ വർഗ്ഗത്തിന്റെ വേലിക്കെട്ടുകൾ ഒന്നുമി ല്ലാതെ ഒരുമിച്ച് ആഘോഷിക്കാൻ നമ്മെ പഠിപ്പിച്ച ഒരമ്മ.

AMMA പ്രവാസി മാഗസിന്റെ പത്താമത്തെ പതിപ്പാണിത്. എഴുത്തിനെയും വായന യെയും ഇഷ്ടപ്പെടുന്ന അഡലെയ്ഡിലെ മലയാളി പ്രവാസികളെ ചേർത്തു പി ടിക്കാനും അവരുടെ കലാസൃഷ്ടികളെ പ്രോത്സാഹിപ്പിക്കുവാനുമായി ഒരുക്കുന്ന ഈ പ്രവാസി മാഗസിന്റെ താളുകളിൽ സ്നേഹവും സംസ്കാരവും ഓർമ്മകളു മൊക്കെ കൂട്ടിവെക്കാനായുള്ള ഞങ്ങളുടെ ഒരു എളിയ ശ്രമം.

പ്രവാസി മാഗസിന്റെ ഈ പത്താം പതിപ്പ് യാഥാർത്ഥ്യമാക്കാനുള്ള യാത്ര അധികഠിനം തന്നെയായിരുന്നു. യാത്രയിൽ കൂടെ നടന്നവർക്കും ഒപ്പം നിന്ന് കൈ പിടിച്ചു നടത്തിയവർക്കും മാഗസിന്റെ ചീഫ് എഡിറ്ററായി എന്നെ ചുമതല ഏൽപ്പിച്ച AMMA പ്രസിഡന്റ് സൈജനും, കമ്മിറ്റിക്കും, എഡിറ്റോറി യൽ അംഗങ്ങളായ കാർത്തിക താന്നിക്കൻ, ദിവ്യ ബിജോയ്, സുരേഷ് തങ്കമല, മാർഷൽ മത്തായി എന്നിവർക്കും, പുറത്തുനിന്ന് സർവ്വ പിന്തുണയും തന്ന ഗിരീഷ് വി, റഫീഖ് മുഹമ്മദ് എന്നിവരെയും ഈ സമയം നന്ദിയോടെ ഓർക്കുന്നു. ഒരു മാഗസിന്റെ തുടിപ്പുകൾ അതിലെ ഓരോ രചനകളും ആണ്. ആസ്വാദ്യകരമായ രചനകൾ സമർപ്പിച്ച ഓരോ എഴുത്തുകാരോടും, പേജുകളിൽ വർണ്ണ വിസ്മയം തീർത്ത് സ്വപ്ന സാക്ഷാത്കാരത്തിന്റെ പൂർണ്ണതയിലേക്ക് എത്താൻ സഹായിച്ച ചേതന മീഡിയയോടും, സാമ്പത്തിക സഹായങ്ങൾ നൽകിയ സുമനസ്സുകളോടും സർവ്വോപരി ഈശ്വരനോടുള്ള നന്ദിയും കടപ്പാടും ഈ അവസരത്തിൽ രേഖപ്പെടുത്തുന്നു.

ഇതിലെ പ്രതിഫലനങ്ങൾ നമ്മുടെ സമൂഹത്തിലെ തുടിപ്പുകൾ തന്നെയാണ്. ഈ തുടിപ്പുകൾ തിരിച്ചറിയുക. ഹൃദയത്തിന്റെ അടിത്തട്ടിലെ തെളിനീരുറവയിൽ നിന്ന് ഒരു കുടന്ന ജലത്തോടൊപ്പം ഇത് നിങ്ങൾക്കായി സമർപ്പിക്കുന്നു.

ഒരുപാട് സ്നേഹത്തോടെ,
രാം കുമാർ

# ഉൾത്താളുകളിൽ CONTENTS

## ലേഖനങ്ങൾ


79 ലിപികളുടെ കഥ

85 ഹോം ഷെഫ്
മിൽക്ക് പേഡ

91 മറുനാടും
മലയാളപ്പച്ചയും





70


## അഭിമുഖം


48 അമ്മയ്ക്കൊപ്പം 25 വർഷം

68 From Backyard Cricket to Australian U16s

80 നളപാചകം

## അനുഭവക്കുറിപ്പ്


24 My Migration Experience

36 These Eyes of Mine

86 ഒരു പാതിരാ കുർബാനയുടെ ഓർമയ്ക്ക്

88 ചിന്നക്കനാലും കുറേ ഓർമകളും


## കഥ, കവിത


26 വൈശ്യായനം

30 The Last Survivour

32 What Stops You

40 ബീഫ് സ്റ്റീക്കും ഒളിക്യാമറയും

44 അറിയാതെപോകുന്നവർ

64 I Remain Strong

64 അവസാനത്തെ പെൺകുട്ടി

66 Date Night

76 പകൽ കിനാവുകൾ

94 ഓർമകൾ

96 Under The Sequoia Tree






82





52 ഓർമ്മച്ചിത്രങ്ങൾ

PRESIDENT EX-OFFICE



**BIJU KURIEN**

# REFLECTIONS

Adelaide & Metropolitan Malayalee Association was started in 1999 with the intention of becoming a prominent cultural entity to cater to the rapidly growing Malayalee community in Adelaide and surrounding areas. The organisation was registered as a non-profit, non- religious enterprise to be an integral part of the Australian community, simultaneously giving migrants from Kerala, South India, an opportunity to celebrate their cultural heritage whilst assimilating into the mainstream culture.

It was the vision of a few senior members to assign a formal structure with streamlined process and proper guidelines to sustain the rapidly growing community, making it effective for future generations through the years.

I was honoured to serve as its first President, alongside a team of talented individuals committed to the cultural heritage and altruistic persuasions. At the time, it continued to be a vital link in offering social networking and other services to new migrants.

AMMA remained committed to respond to the cultural and social needs of the Malayalee community. It willingly participated in religious, cultural and social activities of community organisations across the spectrum.

I would like to wish the Pravasi literary magazine all the very best as it tries to unify cultural organisations across the diaspora in an attempt to support the interests and talents of a people.

**Biju Kurien**

PRESIDENT EX-OFFICE



**ശ്രീകുമാർ മഠത്തിൽ**

# REFLECTIONS

അമ്മ എന്ന സംഘടന എന്തുകൊണ്ട് മറ്റുള്ള സംഘടനകളിൽ നിന്ന് വ്യത്യസ്തമായിരിക്കുന്നു എന്ന ചോദ്യത്തിന് ഒരു ഉത്തരമേ എനിക്കുള്ളൂ. നീണ്ട 25 വർഷത്തെ ഓസ്ട്രേലിയൻ ജീവിതത്തിൽ, സൗത്ത് ഓസ്ട്രേലിയയിൽ അല്ലെങ്കിൽ കൂടി ഇന്നും ഞാൻ അഭി മാനത്തോടെ ഓർക്കുകയും ചൂണ്ടിക്കാണിക്കുകയും ചെയ്യുന്ന ഒരു സംഘടനയാണ് അമ്മ അഥവാ Adelaide & Metropolital Malayalee Association.

1998 ആദ്യപകുതിയിലാണ് മലേഷ്യയിൽ നിന്ന് ഞാൻ സൗത്താസ്ട്രേലിയയിലേക്ക് എത്തുന്നത്. അമ്മ എന്ന സംഘടന അന്ന് രൂപം കൊണ്ടിരുന്നില്ലെങ്കിലും മലയാളികൾ തമ്മിലുള്ള സ്നേഹവും ഒത്തൊരുമയും വളരെ ഊഷ്മളമായിരുന്നു. ഓണത്തിനും മറ്റു വിശേഷ ദിവസങ്ങളിലും ആരുടെയെങ്കിലും വീട്ടിൽ ഒത്തുകൂടി ഒരുമിച്ചാഘോഷിക്കുന്ന ഒരു ചെറിയ കൂട്ടായ്മ.

എന്റെ ഓർമ്മ ശരിയാണെങ്കിൽ 1998 പകുതി കഴിഞ്ഞാണ് അമ്മ എന്ന സംഘടന രൂപീകരിക്കുന്നതിന് വേണ്ടി ഔദ്യോഗിക ചർച്ചകൾ ആരംഭിക്കുന്നത്. അമ്മ എന്ന പേരിലേക്ക് എത്തുന്നതിനു വേണ്ടി നടന്ന രസകരമായ ചർച്ചകൾ ആലോചിക്കുമ്പോൾ ഇന്നും ചുണ്ടത്ത് അറിയാതെ ഒരു ചിരി പടരും. ആ വർഷം അവസാനത്തോടെ തന്നെ അമ്മ രജിസ്റ്റർ ചെയ്യാനുള്ള എല്ലാ നടപടിക്രമങ്ങളും അന്നത്തെ മലയാളികൾ പൂർത്തിയാക്കി.

അടിത്തറ ഭദ്രമാണെങ്കിൽ അതിൽ കെട്ടിപ്പൊക്കിയ സൗധങ്ങളും ഭദ്രമായിരിക്കും. തിരിഞ്ഞുനോക്കുമ്പോൾ ആ പ്രയത്നത്തിൽ പങ്കാളികളായ ഒരുപാടുപേരുടെ മുഖങ്ങൾ മിന്നിമറയുന്നുണ്ട്. അമ്മ എന്ന സുന്ദര സംരംഭം രൂപം കൊടുക്കാനും അതിൻറെ വളർച്ചയിൽ ആത്മാർത്ഥമായി പങ്കാളികളാകാനും സമയം നീക്കിവെച്ച ഒരുപാട് പേർ മനസ്സിൽ ഇന്നും മായാത്ത ചിത്രമായി ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നു.

അമ്മയുടെ ചരിത്രത്തിലേക്ക് കണ്ണോടിച്ചാൽ നമ്മളെ അഭിമാനപൂരിതമാക്കുന്ന പല സംരംഭങ്ങളും അമ്മ ചെയ്തതായോ അല്ലെങ്കിൽ ഇപ്പോഴും ചെയ്തുകൊണ്ടിരിക്കുന്നതായോ കാണാം. ന്യൂസ് ആൻഡ് വ്യൂസ് പത്രം, പ്രവാസി മാഗസിൻ, കലാമേള, മൾട്ടി കൾച്ചറൽ ഫെസ്റ്റ്, എന്നിവ അവയിൽ ചിലതു മാത്രമാണ്. അഭിമാനത്തോടെ നമുക്കെല്ലാവർക്കും പറയാൻ കഴിയുന്ന ഒരു പ്രത്യേകത, അമ്മ ഇന്നും ഓണസദ്യ തങ്ങളുടെ സന്നദ്ധ സേവകരുടെ സഹായത്തോടെ പാകം ചെയ്തു കഴിക്കുന്നു എന്നതാണ്. കല്യാണ തലേന്ന് അനുസ്മരിപ്പിക്കുന്ന ഓണത്തിന്റെ തലേദിവസം ഇന്നും ഒരു ഹരമായി നമ്മളിൽ പലരും കൊണ്ടുനടക്കുന്നു.

ഏതു സംഘടന ആണെങ്കിലും ഒരുപാട് പ്രതിസന്ധികളെ അതിജീവിച്ചായിരിക്കും അത് മുന്നേറുന്നത്. പ്രതിസന്ധിഘട്ടങ്ങളിൽ സ്വമേധയാ ഇറങ്ങിച്ചെന്ന് സഹായമായി വർത്തിക്കുന്ന ഒരുകൂട്ടം സന്നദ്ധസേവകർ അമ്മക്ക് എന്നും ഉണ്ടായിരുന്നു. ഒരുപക്ഷേ അതും അമ്മയെ മറ്റു സംഘടനകളിൽ നിന്ന് വ്യത്യസ്തമാക്കുന്ന മറ്റൊരു പ്രത്യേകത കൂടിയാണ്.

അമ്മ ഇരുപത്തഞ്ചാം വാർഷികം ആഘോഷിക്കുന്ന ഈ വേളയിൽ, ഈ സംഘടനയുടെ താങ്ങും തണലുമായി നിന്ന എല്ലാവരെയും, അതേപോലെതന്നെ ഇന്നും ഈ സംഘടനയുടെ മജ്ജയും മാംസവുമായി നിലകൊള്ളുന്ന പ്രവർത്തകരെയും അഭിമാനത്തോടെ ഓർത്തുകൊണ്ട് അമ്മയ്ക്ക് എല്ലാ മംഗളാശംസകളും നേർന്നു കൊള്ളുന്നു.

അമ്മ ഒന്നേ ഉണ്ടാകൂ. അതിനാൽ തന്നെ Adelaide ലെ അമ്മക്ക് പകരം വയ്ക്കാൻ മറ്റൊരു അമ്മ ഉണ്ടാകില്ല തന്നെ.

**ശ്രീകുമാർ മഠത്തിൽ**

PRESIDENT EX-OFFICE



**ജോസ് ജോർജ്ജ് ജോസഫ്**

# REFLECTIONS

അഡലെയ്ഡിലേക്കുള്ള കൂടുമാറ്റത്തിന്റെ ആദ്യദിനങ്ങളിൽ അഡലെയ്ഡിലുള്ള ആരുടെയെങ്കിലും കോൺടാക്റ്റ് നമ്പർ അന്വേഷിച്ചപ്പോൾ ആദ്യം ലഭിച്ചത് കാലയവനിക്കുള്ളിൽ മറഞ്ഞുപോയ 'അമ്മയുടെ' സ്ഥാപകരിൽ ഒരാളായ സണ്ണിയങ്കിളിന്റെ നമ്പറായിരുന്നു. ആദ്യ സംഭാഷണങ്ങളിൽ തന്നെ അഡ്ലെയ്ഡിലെ മലയാളി അസോസിയേഷനെപ്പറ്റിയും അതിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും അറിയുവാൻ സാധിച്ചു. അഡ്ലെയ്ഡ് എന്ന നഗരത്തിൽ എത്തിച്ചേർന്നതിന്റെ അടുത്ത ദിനങ്ങളിൽ തന്നെ ആയിരുന്നു 'അമ്മ' യുടെ AGM അവിടെ നിന്നും തുടങ്ങിയ ബന്ധം ഇന്നും തുടരുന്നു. ഒരുപാട് നല്ല ഓർമ്മകളും ഒരുപറ്റം നല്ല സുഹൃത്തുക്കളേയും സമ്പാദിക്കുവാൻ കഴിഞ്ഞ ഈ 'അമ്മ' ബന്ധം ജീവിതത്തിൽ ഒരു മുതൽ കൂട്ടായി സൂക്ഷിക്കുന്നു. പതിനേഴു വർഷങ്ങൾക്കു മുമ്പുണ്ടായിരുന്ന മലയാളി സമൂഹത്തിന് ഇന്ന് ഏറെ മാറ്റങ്ങൾ കൈവന്നിരിക്കുന്നു. അക്കാലത്ത് മിക്കവാറും എല്ലാ മലയാളികളും ഒരുമിച്ചു കൂടുന്ന കൂട്ടങ്ങൾ, ഒരു സമൂഹവും തങ്ങളുടെ മാത്രം ഐഡിന്റിറ്റിയിൽ അറിയുവാൻ ആഗ്രഹിക്കാത്ത ഒരു കാലം, കേരളവും മലയാളവും എല്ലാവരേയും ഒന്നിപ്പിച്ചു. ഇന്ന് ആ സമൂഹം ക്രമാതീതമായി വളർച്ച പ്രാപിച്ചിരിക്കുന്നു. എല്ലാവരെയും ഒരുമിച്ചു കൂട്ടാൻ സാധിക്കാത്ത അത്രയും വളർന്നിരിക്കുന്നു. എങ്കിലും ഇന്ന് 'അമ്മ' അഡ്ലെയ്ഡിന്റെ 'അമ്മ' യായി തന്നെ തുടരുന്നു എന്നുള്ള സന്തോഷം പങ്കു വയ്ക്കട്ടെ. 25 വർഷം പൂർത്തിയാക്കുന്ന ഈ സംഘടനയുടെ മുൻനിരയിൽ നിന്ന് പ്രവർത്തിക്കുവാൻ എനിക്കും ഭാഗ്യം ലഭിച്ചു. സമൂഹത്തിന്റെ വളർച്ചയുടെ ഒരു ഘട്ടമായിരുന്നു അത്.

അതുവരേയും ഓണം ബുഫേ ആയിരുന്നു എങ്കിൽ നാട്ടിലെ പോലെ ഇലയിട്ട് ഓണസദ്യ വിളമ്പിയപ്പോൾ ഉണ്ടായ സന്തോഷവും അതിനുവേണ്ടിയുള്ള തയ്യാറെടുപ്പുകളും ജനബാഹുല്യവുമെല്ലാം ഇന്നും ഓർമ്മയിൽ നിറഞ്ഞു നിൽക്കുന്നു. അമ്മ' യുടെ പരിപാടികളായ ഓണം, ക്രിസ്തുമസ്, ഫാമിലി ഫൺ ഡേ, കലാമേള, സ്പോർട്സ് എല്ലാത്തിനും ഒത്തിരി മാറ്റങ്ങൾ സമ്മാനിച്ച സമയം. ഇന്നും ആ ആവേശം കൈവിടാതെ 'അമ്മ' യെ ചേർത്തു പിടിക്കുന്ന ഒരു വലിയ സംഘമാണ് 'അമ്മ' യുടെ കരുത്തും ഊർജ്ജവും. കഴിഞ്ഞ കാലങ്ങളിൽ മാർഗ്ഗ നിർദ്ദേശം നൽകിയ, കൈപിടിച്ചു നടത്തിയ ഒരു മുതിർന്ന തലമുറ മെല്ലെ തിരശീലയ്ക്ക് പുറത്തേക്ക് പോയി തുടങ്ങിയിരിക്കുന്നു. ഇപ്പോഴും ഈ സംഘടനയോട് ചേർന്നു നിൽക്കുവാൻ താൽപര്യം കാണിക്കുന്ന പുതുതലമുറ ഇനിയും മുൻപോട്ടു പോകുവാനുള്ള ഊർജ്ജം പകർന്നു നൽകന്നു.

ഇരുപത്തഞ്ചാം വാർഷികത്തിന്റെ ചുക്കാൻ പിടിക്കുവാൻ ഈ വർഷം നിയോഗിതനായതിൽ ഏറെ സന്തോഷമുണ്ട്. ഇനിയും നമ്മുടെ പ്രവർത്തനങ്ങൾ സമൂഹത്തിന്റെ ഒരുമയ്ക്കും എല്ലാ ജാതിമത, വർണ്ണങ്ങൾക്കും അതീതമായി മുൻപോട്ടു പോകുവാൻ ഇടയാകണം. എങ്കിൽ മാത്രമേ 25 വർഷം മുമ്പ് ആരംഭിച്ച 'അമ്മ' എന്ന ഈ കൂടി വരവിന് ഒരു 'അമ്മ' യായി അഡലെയ്ഡിൽ നിലനിൽക്കുവാൻ സാധിക്കുകയുള്ളൂ. അതിന് ഈ ജൂബിലി വർഷം ഇടയാകട്ടെ എന്ന് ആശംസിച്ചുകൊണ്ട് എല്ലാവരേയും എക്കാലവും ഒരുമിച്ചു ചേർത്തു പിടിച്ച 'അമ്മ' അതിന്റെ ജൈത്രയാത്ര അഭംഗുരം തുടരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**ജോസ് ജോർജ്ജ് ജോസഫ്**

PRESIDENT EX-OFFICE



**DEENA SAJU**

# REFLECTIONS

In April 1995, my husband Saju and I immigrated to Adelaide, Australia. Newly married and expecting a child, I found myself longing for the familiarity of home: my family, community, cuisine, language, climate, scents, colours, and clothing. Shortly after my arrival, I became acquainted with the Malayalee Association in Adelaide—a gathering of individuals celebrating cultural milestones. At that time, it wasn't officially registered but rather a collective of like-minded people sharing a Malayalee cultural heritage. Fondly referred to as uncles and aunties, the pioneers who had migrated earlier initiated this informal group in their own backyard upon arriving in Australia.

It's difficult to articulate the emotions of displacement from one's homeland, but discovering a community where one feels a sense of belonging is profoundly comforting. For my family, the Malayalee Association, known as The Adelaide Metropolitan Malayalee Association (AMMA), became that connection to Kerala. The association consisted of approximately 70 to 80 individuals who were familiar with each other, fostering a strong sense of camaraderie, and this became an extended family for us. Events like Onam and Christmas meets were eagerly anticipated occasions for everyone involved.

In the latter part of the 2000s, AMMA experienced significant growth due to a substantial influx of migrants. Suddenly, I noticed that the number of unfamiliar faces outnumbered those I knew personally.

During my tenure as the President of AMMA, our committee aimed to revive the sense of camaraderie and family that I cherished upon first arriving in Adelaide. Our vision was to recreate that feeling of being part of a large extended family. I'm proud to say that we succeeded in rekindling that emotional connection, which may have been diluted by the rapid expansion of our organization. Many families who had previously stopped participating in AMMA events returned, marking a significant milestone. That year, we saw an attendance of around 1200 people at our Onam Sadhya, reflecting the renewed sense of community and togetherness we had fostered. The two years were lots of hard work to keep the community connection going, but I think we succeeded.

I am thankful to the committee I served with, the committed volunteers, and the community members who worked alongside my team and me to bring our vision to fruition.

As the first female president of AMMA, I faced the dual challenge of proving myself to the community and setting an example for future generations of women. In our traditionally patriarchal culture, leadership roles have historically been dominated by men. Achieving gender equality in such roles is crucial.As we celebrate the 25th year of AMMA's formalisation, I aspire for more women to step forward and take on leadership positions within AMMA, ensuring our community remains united and vibrant for generations to come.

**Deena Saju**

PRESIDENT EX-OFFICE



**GEORGY ZACHARIAH**

# REFLECTIONS

As I reflect on my tenure as president of the Adelaide & Metropolitan Malayalee Association from 2021 to 2023, I'm overwhelmed with a sense of profound gratitude and immense pride. Stepping into the role of leading such a highly respected South Australian organization was not just an honour, but a challenge as well that I approached with both excitement and a touch of trepidation, particularly given the illustrious legacy left by my predecessors.

Our committee came together during a unique period in history - the post-COVID era. We faced unprecedented obstacles as we navigated the complex landscape of ongoing pandemic restrictions. However, these challenges only fuelled our determination to deliver to the communities expectation. We set our sights on two crucial objectives: nurturing community growth and dramatically increasing member engagement in innovative ways.

Despite the constraints of social distancing and health protocols, we managed to orchestrate a diverse array of vibrant events. The Onam payasam drive filled homes with the sweet aroma of traditional Kerala desserts, while our blood donation camp showcased our community's spirit of giving. The online Pookalam competition brought the colourful artistry of Kerala to digital platforms, and our wellbeing seminars provided much-needed support during trying times. Of course, our flagship events - the grand Onam festival and the extravaganza of Kerala Fest - continued to be the jewels in our crown, albeit adapted to the new normal.

One of the most heartening developments during my presidency was the remarkable surge in event attendance. This growth was largely driven by a wave of bright-eyed students and new migrants choosing South Australia as their home. As our community blossomed, we found ourselves facing new challenges, particularly an acute housing shortage. In true Malayalee spirit, we banded together, creating a robust information network to help newcomers navigate the tricky waters of finding accommodation in an unfamiliar land.

As we celebrate our 25th year anniversary, I wish our beloved association to continue being a beacon of Kerala culture, a haven of community spirit, and a bridge between our rich heritage and the promising future that lies ahead in our adopted Australian home.

**Georgy Zachariah**

# EDITORS TILL NOW


JESSY KAPPAMANKAL (2005)


SAROH CHELLAIH (2007)


SREEJITH KESAVAN (2009)


ASHA THOMAS (2011)


DILEEP JOSE (2013)


MAHESH SUBRAMANIAN (2018)


KARTHIKA THANNICKAN (2021)



RAM KUMAR (2024)


WELL BEGUN : THE TEAM THAT MADE THE MAIDEN PRAVASI A REALITY

# PRESIDENTS DOWN THE LINE



BIJU KURIEN
1999-2000




ALEX DANIEL
2000-2001



RAJIV MOUVERI
2001-2003



TOM GEORGE
2003-2004




GOVIND NARAYAN
2004-2005



SREEKUMAR MADATHIL
2005-2007



BIJU JOSEPH
2007-2009




PREMKUMAR C PANICKER
2009-2011

## YOU DON'T NEED A TITLE TO BE A LEADER

# PRESIDENTS DOWN THE LINE



JOSE GEORGE JOSEPH
2011-2013



VIMALDAS KOTTARAPAT
2013-2015



SAJI VERGHESE
2015-2017



SUNIL LANGLIN
2017 (JUL - SEPT)



DEENA SAJU
2017-2019



BOBBY ALEX KOSHY
2019-2021



GEORGY ZACHARIAH
2021-2023



SIGAN DEVASSY
2024

## YOU DON'T NEED A TITLE TO BE A LEADER

## AMMA EXECUTIVE COMMITTEE



Nishad Manampatta-Treasurer, Sigan Devassy Enchackal-President, Ajith Simpson-Vice President, Bindu Sunil-Secretary [Sitting]; Sarath Krishnan Nair, Ciby Jacob Kurian, Sholy Vettukattil John, Sherna Rajiv, Dimal Savio - Committe Members [Standing]

## PRAVASI EDITORIAL BOARD



Ram Kumar-Chief Editor



Divya Bejoy




Suresh Thankamala



Karthika Thannickan



Marshal K. Mathai



FIELDERS
If you can
imagine it.
You can do it with Fielders.
The Centenary® range is the perfect way to add the finishing touches to your home, by providing spaces that not only look great, but are functional and add value. So whether you want extra space to entertain family and friends, or added protection to keep the sun and rain off the daily driver or weekend cruiser, Fielders Centenary® has the answer.
Proudly Supporting
Adelaide Metropolitan Malayalee Association
FIELDERS®, CENTENARY® and COLORBOND® are registered trademarks of BlueScope Steel Limited



Sholy



# My Migration Experience

My induction into an Australian life had indeed been a hard one. My arrival was on a student visa, but on landing found that the agent had played foul by not fulfilling the terms and conditions he himself had agreed in advance.

In that total uncertainty, we had to pull on somehow. Getting an accommodation was as strenuous as anything; moreover I was also carrying for a second time. We even had thought of getting the down journey tickets to our home in Kerala as the situation turned extremely taxing with literally no ray of hope.

We temporarily put ourselves up at Windsor Gardens and I desperately wanted somehow to find a Catholic Church in the neighborhood to go and pray. A map showed me one, but at a distance, at a place called Hampstead. I decided to try the map, started walking from Albert Street, Windsor Garden through the road that leads to Hampstead area. As the road went longer I felt my feet turning unsure by pulling on with us three, myself, the child in the womb and the tiny baby in a pram that also acted as a support for my fatigued body at times.

The journey appeared endless, I don't know where; my feet came to a staggering halt lest my frail frame might faint. My eyes on a frantic gaze all sides for some soothing sights, suddenly noticed that I was positioned before Uniting Church, Geenacre on the way to Hampstead. In addition to this comforting sight, my ears also were soothened by a melodious

Christian hymn that was flowing out of building. Come what may, I decided to just walk in. To my great surprise, the man standing at the pulpit extended at us a very welcoming smile and told the listeners sitting on pews that they were having some guests that day. Ladies from the community stood up, took us to a comfortable place offered us seats while some others kept the pram at a little distance. I was also given a hymn book and one Bible, and some discreet instructions as to which page to turn to for the hymns. Thank God, finally I am given a group of amiable people, and their loving company. There were smiles and willingness to help everywhere.

As the service reached its end, someone took me from the care of the baby in the pram and invited me for a cuppa in a hall close by. This was the first time a person other than me offering care for the baby since my landing in this unfamiliar country.

There were coffee, tea and some snacks kept ready for the community and I too was invited to partake of them. What was more heartening was their unalloyed love. They took care of me and the baby in all possible ways; kept us in company and enquired our whereabouts and plans on this foreign land. My eyes brimmed with tears of gratitude, because it was at a point of no hope and that I found myself ensconced amidst lovable people, it was on the face of my utter desperation and subsequent decision to return home that my dreams found a chance of nurturing.

A somehow-earned-confidence made me share my story with the community. I had a chat with the lay lady preacher of the day, unbagged all my misfortunes and found some ease slowly dawning within. She promised to help me in whatever way possible after proper discussions with the Minister of the congregation and other members. For the time being we were given some loaves of bread and groceries to manage us through those indefinite days. I felt like having found, though temporary, a harbor and some helping people. More over I could vent out a lot of my anguish, fears, anxieties and worries with a community whom I could trust.

Two days later a Toyota van was found halting before the house where I had homed in one rented room, a person with broad and pleasing smile stepped out of the automotive, took a rather heavy bag out, and asked me “Are you Sophy?” I remembered, those people at the Church also were calling me Sophy instead of Sholy. I replied, “Yes”. The bag had all sorts of necessary groceries for a home. I stood absolutely wonder-struck. He again asked me if he could step into my room to see my living conditions. He came in, surveyed all my scant belongings and finally gave me packet of money to begin everything anew in this alien land. Then on, for a few weeks, one family after another started donating us some money for sheer subsistence and that really helped us structure out a life in an uncertain Diaspora.

Things began changing. My husband managed to find a job. We were given a comfortable accommodation in a house that belonged to the mother-in-law of the Minister. The entire community at the Uniting Church soon became our kith and kin in that land. Ever since we started associating with all the activities of the Church.

Even in the years that followed we had ups and downs in life, but life had taught me a great lesson-seek help when it is needed. Someone will be out there to help you. Never think that you are alone. Never keep all your worries to yourself. We never know from where our Good Samaritan will step in. Anyhow there will be a Good Samaritan. And take it as our duty to be a Good Samaritan to someone else in all our capacity. ■

ഏകാകിയായി ഈ കൊച്ചി നഗരത്തിലെ കാഴ്ചകൾ കണ്ട് നടക്കുന്നത് എന്റെ ഇഷ്ട വിനോദമാണ്. ഗൾഫ് രാജ്യത്തെ എണ്ണയിട്ട യന്ത്രം കണക്കെയുള്ള ജീവിതം മടുത്തപ്പോൾ പാലക്കുഴിയിലെ സ്വന്തം വീട് ഒഴിവാക്കി ഈ മഹാനഗരത്തിന്റെ ഒരു കോണിൽ ഒരു ഫ്ളാറ്റിലേക്ക് താമസം മാറ്റിയത് ആധുനിക സൗകര്യങ്ങൾ പ്രതീക്ഷിച്ചായിരുന്നില്ല. വേട്ടയാടുന്ന ഓർമ്മകളിൽ നിന്നും വിട്ടൊഴിഞ്ഞ് നഗരത്തിന്റെ തിരക്കുകളിൽ അലിഞ്ഞ് ചേർന്ന് മറ്റൊരു ലോകത്ത് ജീവിക്കാനായിരുന്നു.



അരുൺ

സെയ്ന്റ്ആൽബർട്ട്സ് കോളജിന് മുന്നിലൂടെ കടന്നു പോകുമ്പോൾ ഓർമ്മകൾ എന്നെ പുറകോട്ടു വലിച്ചു. എന്റെ പ്രണയം പൂവിട്ട കലാലയം. അത് പൂത്ത് വിടർന്നത് മദ്രാസിലാണെങ്കിലും ആദ്യമായി ആശയെ കണ്ടതും മനസ്സിലെ മോഹങ്ങൾ പറയാതെ പറഞ്ഞതും ഇവിടെ വച്ചായിരുന്നു. അവസാനം കണ്ടതും ഈ കലാലയത്തിന്റെ തിരുമുറ്റത്തു വച്ച് തന്നെ.



പലപ്പോഴും ഒരു വലിയ തിരമാല പോലെ എന്റെ ബോധത്തെത്തന്നെ അപഹരിക്കുന്ന ചോദ്യം വീണ്ടും എന്നിലേക്ക് കടന്നു വരുന്നത് ഞാൻ അറിഞ്ഞിരുന്നു. ആശ എന്നെയാണോ അതോ ഞാൻ ആശയെ ആണോ ഉപേക്ഷിച്ചത്.

അവസാനമായി ആശയെ കണ്ട ദിവസം ഇന്നലത്തേതുപോലെ ഓർമ്മയുണ്ട്. അപ്പോൾ ആശയുടെ കണ്ണുകളിൽ എന്നും നിറഞ്ഞു നിന്നിരുന്ന സ്വപ്നങ്ങളുടെ തിളക്കം ഉണ്ടായിരുന്നില്ല. രണ്ടുവർഷത്തിനിപ്പുറം കാണുമ്പോൾ ജീവിതയാഥാർത്ഥ്യങ്ങളെ നേരിട്ട് തിളക്കം നഷ്ടപ്പെട്ട രണ്ട് ചില്ലുകഷണങ്ങൾ മാത്രമായിരുന്നു അവിടെ.

അന്ന് അത്ഭുതത്തോടെ ഞാൻ ചോദിച്ചു.

'ആശ നീയാകെ അവശയായിരിക്കുന്നു. നിനക്കെന്താ സംഭവിക്കുന്നത്.'

'നീയെന്നേ കളിയാക്കുകയാണോ ജിതേഷ്. എരിതീയിലൂടെ നടക്കുന്ന എന്റെ അകവും പുറവും ഒരേപോലെ ദഹിച്ചുകൊണ്ടിരിക്കുകയാണിപ്പോൾ' ഇത് പറയുമ്പോൾ ആശയുടെ ദൃഷ്ടി അനന്തതയിലെവിടെയോ അലഞ്ഞുകൊണ്ടിരുന്നു.

'ലീവ് ആപ്ലിക്കേഷന് മറുപടി വന്നോ'? വിഷയം മാറ്റുവാൻ ഞാൻ മനഃപൂർവ്വം ജോലിക്കാര്യം എടുത്തിട്ടു.

'ഒരു മാസം കിട്ടിയിട്ടുണ്ട്' നിർവ്വികാരയായി പറഞ്ഞ ആ മറുപടി കേട്ട് ഒരു നിമിഷത്തെ മൗനത്തിന് ശേഷം ഞാൻ ആശയുടെ പിന്നിൽ നിന്ന്

# വൈശ്യായനം

ആ തോളുകളിൽ കൈവച്ച് കഴുത്തിനൊപ്പം മുഖം ചേർത്തു വച്ച് എന്നിൽ നിറയുന്ന പ്രണയം വീണ്ടും അവളിലേക്ക് പകർന്നു കൊണ്ട് പതിയെ പറഞ്ഞു.

'ഞാൻ എത്ര നാളായി കാത്തിരിക്കുകയാണ്. നിനക്കൊരു മാറ്റം വേണ്ടേ. ഒഴിവ് കഴിവുകൾ മാറ്റി വച്ച് നീ എന്റെ കൂടെ വരൂ. നമ്മൾ സ്വപ്നം കണ്ട ജീവിതം നമുക്ക് ജീവിക്കാം. മദ്രാസിൽ MBA ചെയ്തിരുന്ന കാലത്ത് നമ്മൾ പങ്കു വച്ച സ്വപ്നങ്ങൾ നീ ഓർക്കുന്നില്ലേ. നീ ദുബായിൽ വന്നാൽ ഇപ്പോഴത്തേതിന്റെ പത്തിരട്ടി ശമ്പളവും ജോലിയും നിനക്ക് കിട്ടും. നമുക്ക് സുഖമായി മനസമാധാനത്തോടെ ജീവിക്കാം, പ്രണയിക്കാം, ജീവിതവസാനം വരെ'. എത്ര നിയന്ത്രിക്കാൻ ശ്രമിച്ചിട്ടും എന്റെയുള്ളിലെ പ്രണയപരിഭവങ്ങൾ പുറത്ത് ചാടി.

'അപ്പോൾ അച്ഛനും അമ്മയും നഷ്ടപ്പെട്ട ആ കുഞ്ഞ്. ആറുമാസം മാത്രം പ്രായമായ അതിനാരുണ്ട്. ചേച്ചിയുടെ കുട്ടി എന്നു പറഞ്ഞാൽ എന്റെ രക്തം തന്നെയല്ലേ.' വിദൂരതയിലേക്ക് കണ്ണും നട്ട് നിന്ന ആശ തെല്ലനക്കമില്ലാതെ ഇതു പറയു

മ്പോൾ ഞാൻ നിശബ്ദനായതുപോലെ അഭിനയിച്ചു. അപ്പോൾ ഉചിതം അതാണെന്നു തോന്നി. കഴിഞ്ഞ രണ്ടാഴ്ചയായി പറയുന്ന കാര്യം ആശ വീണ്ടും വീണ്ടും ആവർത്തിച്ചുകൊണ്ടിരുന്നു.

തിരിച്ചു ചോദിക്കാൻ എന്റെയുള്ളിൽ ഒരായിരം ചോദ്യങ്ങളുണ്ടായിരുന്നു. ആ കുഞ്ഞിന്റെ മറ്റു ബന്ധുക്കളെപ്പറ്റി, ആശയുടെ ജീവിതത്തെപ്പറ്റി, പിടിവാശികളെപ്പറ്റി ആശയെ കാത്തിരിക്കുന്ന എന്നെപ്പറ്റി, ഒന്നിച്ചു കണ്ട സ്വപ്നങ്ങളെപ്പറ്റി. എല്ലാം ഉള്ളിലൊതുക്കി ആശയെ എന്നിലേക്ക് ചേർത്തു.

'കുഞ്ഞിന്റെ ആറാം മാസത്തെ കുത്തിവയ്പ്പ് എടുത്തതുകൊണ്ട് ഇന്നലെ ഒന്നു പനിച്ചു.'

എന്നോട് ചേർന്നു നിന്നപ്പോൾ ആശ മറ്റു ചിന്തകൾ വിട്ട് കുഞ്ഞിനെക്കുറിച്ചുള്ള കൂടുതൽ കാര്യങ്ങൾ പറഞ്ഞ് തുടങ്ങി. ചേർന്നു നിൽക്കുമ്പോഴും കുഞ്ഞിന്റെ കാര്യങ്ങൾ മാത്രം സംസാരിച്ചു കൊണ്ടിരുന്നത് എന്നെ വീർപ്പു മുട്ടിച്ചു. ആശയുടെ ജീവിതത്തിൽ എന്നെക്കാളും സ്ഥാനം ആ കുഞ്ഞിനാണെന്നു എനിക്കു തീർച്ചയായി. കുഞ്ഞിനെക്കുറിച്ചുള്ള തന്റെ വേവലാതികൾ ഓരോന്നായി ആശ പറഞ്ഞുകൊണ്ടിരുന്നു. എന്നെക്കുറിച്ചു തന്നെ വ്യഥപൂണ്ടു നിന്ന എന്റെ കർണ്ണപുടങ്ങളിൽ അതൊരു കലപില ശബ്ദം മാത്രമായിരുന്നു. അങ്ങനെ ഓരോ ജീവിതവ്യഥകളുമായി ഞങ്ങൾ എപ്പോഴോ പിരിഞ്ഞു. വൈകിട്ട് വീട്ടിലെത്തിയപ്പോൾ അമ്മ ചോദിച്ചു; 'ആശ എന്തു പറഞ്ഞു.'



ഒരു മൗനം മാത്രമായിരുന്നു എന്റെ മറുപടി. അത് ഗ്രഹിച്ചിട്ടെന്നവണ്ണം അമ്മ പറഞ്ഞു.

'പ്രായം കൂടി വരികയല്ലേ. ഇപ്പോഴത്തെ പെൺകുട്ടികൾക്ക് പ്രായം...' അത് മുഴുമിപ്പിക്കുവാൻ അമ്മയ്ക്ക് സാധിച്ചില്ല. അമ്മ ചുമച്ചു തുടങ്ങി. ഉള്ളിലെ ആധികളും ശരീരത്തിലെ വ്യാധികളുമായി അമ്മ നിരന്തരം പോരാടികൊണ്ടിരുന്നു. ഒരു ചുമയുടെ രൂപത്തിൽ അത് വിട്ടുമാറാതെ കൂടെയുണ്ട്.

'നാളെ പോകാനുള്ളത് ഒക്കെയായോ'? ചുമ ഒന്ന് ശമിച്ചപ്പോൾ അമ്മ ചോദിച്ചു മറുപടിയായി ഒന്നു മൂളുക മാത്രം ചെയ്തിട്ട് ഞാൻ മുറിയിലേക്ക് പോയി.

തിരികെ ദുബായ് എത്തിയപ്പോൾ ഒരു രക്ഷപ്പെടൽ എന്ന വണ്ണം ഞാൻ കൂടുതൽ ശ്രദ്ധ ജോലിയിലേക്ക് തിരിച്ചു. എന്റെ ജീവിത പ്രശ്നങ്ങൾ അറിയാവുന്ന ചില കൂട്ടുകാർ ചോദിച്ച ചില ചോദ്യങ്ങൾ എന്റെ മനസ്സിൽ മായാതെ കിടന്നു. എനിക്കും മറുപടിയില്ലാത്ത ചോദ്യങ്ങൾ, എന്നെ കുത്തിനോവിക്കുന്ന ചോദ്യങ്ങൾ.

'ആദ്യം നാട്ടിലെ ജോലി... ഇപ്പോൾ അച്ഛനും അമ്മയും നഷ്ടപ്പെട്ട കുഞ്ഞ്... ഇങ്ങനെ ഓരോ കാര്യത്തിലും പിടിവാശി പിടിച്ചാൽ നിന്റെ വാക്കിന് നിങ്ങളുടെ ജീവിതത്തിൽ എന്താ വില.'
ക്രൂരമായ മറ്റൊരു തമാശയും അവർ പറഞ്ഞ് അടക്കിച്ചിരിക്കുന്നുണ്ടായിരുന്നു. 'അഞ്ചു വർഷം പ്രണയിച്ചു കല്യാണം കഴിച്ചപ്പോൾ ആറു മാസം പ്രായമുള്ള കുട്ടി ഫ്രീ. അവനെ കഷ്ടപ്പെടുത്താതെ കാര്യം കഴിഞ്ഞല്ലോ.' ആ ചിരികൾ എത്ര ആഴത്തിൽ എന്നെ വേദനിപ്പിച്ചിരുന്നുവെന്ന് അവർ അറിയുന്നുണ്ടാകുമോ.

'ബാങ്കിലെ ജോലിഭാരവും കുട്ടിയുടെ കാര്യങ്ങളും കഴിഞ്ഞ് ശ്വാസം വിടാൻ നേരമില്ലാത്ത അവസ്ഥയിലായി.'

എപ്പോഴെങ്കിലുമൊക്കെ ഫോണിൽ കിട്ടിയാൽ ആശ പറഞ്ഞുതുടങ്ങുക ഇങ്ങനെയായിരിക്കും. രണ്ടാഴ്ചയോളം ഞാൻ മനപൂർവ്വം ഫോൺ ചെയ്യാതിരുന്നിട്ടുണ്ട്. ആശയ്ക്ക് അതൊരു പ്രശ്നമായേ തോന്നിയിട്ടില്ല.

'കണ്ണീന്ന് പോയാൽ മനസ്സീന്ന് പോകും എന്ന് പറയുന്നത് എത്ര ശരി.

വിവാഹം എന്ന സ്വപ്നം ഞാൻ തൽക്കാലം മാറ്റി വച്ചു. സാവകാശം ഫോൺവിളികളുടെ ദൈർഘ്യം കുറഞ്ഞു. ഇടവേളകൾ വർദ്ധിച്ചു. അറിഞ്ഞോ അറിയാതയോ ഞങ്ങൾ അപരിചിതരായി മാറിക്കൊണ്ടിരുന്നു. നൊമ്പരങ്ങൾ ഉറഞ്ഞ് കൂടുന്ന നിമിഷങ്ങളെ ഞാൻ ലഹരിയുടെ നുരകളിൽ മുക്കിക്കൊന്നു. ഋതുക്കൾ മാറി വന്നു. മറ്റ് വിവാഹാലോചനകൾ നടന്നു. പക്ഷേ വിവാഹം ഉത്തരമില്ലാതെ സമസ്യയായി അവശേഷിച്ചു.

ജോലിത്തിരക്കുകൾക്കിടയിൽ ജീവന്റെകാലചക്രം തിരയുന്നത് ഞാൻ ആദ്യമൊന്നും ശ്രദ്ധിച്ചതേയില്ല ഘടികാരത്തിന്റെ സൂചികൾ പോലെ നിർത്താതെയുള്ള ഓട്ടം പതിയെ പതിയെ മടുപ്പായി തുടങ്ങി. മടുപ്പിൽ നിന്നും മരവിപ്പിലേക്ക് മാറാൻ തുടങ്ങിയപ്പോൾ എനിക്ക് നാടും വീടുമൊക്കെ സ്വർഗ്ഗസമാനമായി തോന്നി. അങ്ങനെ ഒരു സുപ്രഭാതത്തിൽ പ്രവാസ ജീവിതത്തിന് വിരാമമിട്ട് നാട്ടിലെത്തി.

മനസ്സ് ഭൂതകാലത്തിലൂടെ പിന്നോട്ട് ചലിച്ചപ്പോൾ കാലുകൾ ലക്ഷ്യസ്ഥാനം തേടി മുന്നോട്ടു പൊയ്ക്കൊണ്ടിരുന്നു. വൈറ്റിലയിലെ അലങ്കാർ ബാറിൽ വച്ച് ഒരു സഹകുടിയൻ തന്ന വിലാസം തേടിയാണ് ഇന്ന് നഗരത്തിലെ ഊടുവഴികൾ താണ്ടിയുള്ള ഈ നടപ്പ്.

ഒടുവിൽ വിലാസം കണ്ടെത്തി.

മുട്ട് കേട്ട് വാതിൽ തുറന്നയാളെ ഒറ്റ നോട്ടത്തിൽ തന്നെ എനിക്ക് ഇഷ്ടമായി. നഗരത്തിന്റെ ഒരു കോണിൽ ഒരു തനി നാട്ടിൻപുറത്തുകാരി. ഒരു മധുരമായ ചിരിയോടെ ഞാൻ പരിചയപ്പെടുത്തി.

'ഞാൻ ജിതേഷ്"

'എന്റെ പേര് കൊച്ചു റാണി. റാണി എന്നു വിളിക്കും' അവർ പറഞ്ഞു.

അവർ എന്നെ അകത്തേക്ക് ആനയിച്ചു. ലഹരി നിലനിർത്താൻ റാണിയുടെ അനുവാദത്തോടെ കയ്യിൽ കരുതിയിരുന്ന മദ്യം അല്പം കൂടി സേവിച്ചു. റാണിയോട് കുറച്ചു നേരം സംസാരിച്ചിരുന്നു. നിരർത്ഥകമായ ഒരു സൗഹൃദം. നല്ലൊരു സുഹൃത്തിനെപ്പോലെയുള്ള റാണിയുടെ പെരുമാറ്റം എന്നെ വല്ലാതാകർഷിക്കുന്നുണ്ട്. നീണ്ട മുടിയും ഇരുനിറവുമുള്ള റാണിയുടെ പ്രത്യേകത ആ വലിയ കണ്ണുകളാണ്.

വലിയ കണ്ണുള്ളവരെ എനിക്കിഷ്ടമാണ്. മനസ്സെവിടെയാണെന്ന് ചോദിച്ചാൽ ഞാൻ പറയും അത് മനുഷ്യരുടെ കണ്ണുകളിലാണെന്ന്. റാണിയുടെ കണ്ണുകളിൽ ഒളിപ്പിച്ചു വച്ചിരിക്കുന്ന കാർമേഘങ്ങളുടെ കൂമ്പാരം ഞാൻ കാണുന്നുണ്ട്. പെയ്തിറങ്ങാൻ ഒരു ഇളം കാറ്റു മതി. ഞാനെന്തിന് അവരെപ്പറ്റി വേവലാതിപ്പെടണം. അതിന് തക്ക എന്ത് ബന്ധമാണ് എനിക്ക് റാണിയുമായുള്ളത്. പക്ഷെ ഒരു സുഹൃത്ത് എന്ന നിലയിൽ ചോദിക്കുന്നതുകൊണ്ട് എന്താ തെറ്റ്. എന്റെയുള്ളിൽ ഒരു മൽപ്പിടുത്തം നടന്നു. മദ്യം പകർന്നു തന്ന ധൈര്യത്തിലും ആവേശത്തിലും ഞാൻ ചോദിച്ചു.

'എത്ര ചിരിക്കാൻ ശ്രമിച്ചാലും റാണിയുടെ ഉള്ളിൽ എന്തോ വിഷമം ഉണ്ട് അല്ലേ'

'മൂന്നു നാല് വയറുകൾ കഴിയണം സാറെ, അതിനാ ഞാനീ പണി ചെയ്യുന്നത്. റാണി ചോദ്യങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറാൻ ശ്രമിച്ചു.

'മറ്റൊരു ജോലിയും...'

അനവസരത്തിലാണെന്ന് തോന്നിയെങ്കിലും എന്റെയുള്ളിൽ തികട്ടി വന്നത് പുറത്തേക്ക് വമിച്ചു. അത് മനസ്സിലാക്കിയ റാണി ഒരു നിമിഷം മൗനമായിട്ടിരുന്ന ശേഷം പറഞ്ഞു.

'ചെറുപ്പത്തിലേ എന്റെ കല്യാണം കഴിഞ്ഞു സാറെ. ഞങ്ങൾക്ക് ഉണ്ടായത് ഒരു സുഖമില്ലാത്ത കുഞ്ഞായിരുന്നു. അതിനേം കൊണ്ട് ആശുപത്രികൾ കയറി ഇറങ്ങി മടുത്തപ്പോൾ കെട്ട്യോൻ ഞങ്ങളെ ഇട്ടേച്ച് പോയി.

പലേടത്തും വിടുപണിയെടുത്താ ഞാൻ കൊച്ചിനെ നോക്കിയത്. കൊച്ചിന് മരുന്ന് വാങ്ങാൻ തന്നെ വലിയ തുക വേണമായിരുന്നു. പണിയെടുത്ത് കിട്ടുന്നത് എല്ലാത്തിനും കൂടി തികയാതെ വന്നപ്പോൾ ഞാൻ പലരുടെ മുമ്പിൽ കൈ നീട്ടി. ഒരു മനുഷ്യകൊച്ചിന്റെ കാര്യമല്ലേ. ഒത്തിരിപേര് സഹായിച്ചു സാറെ. പക്ഷേ അവരിൽ പലർക്കും വേണ്ടത് എന്റെ ശരീരമായിരു





ന്നു. എന്റെ കുഞ്ഞിന്റത്രയും വലുതല്ലല്ലോ എന്റെ ശരീരം. എന്നെ വിറ്റ് അവനെ ഞാൻ പത്ത് വയസ്സുവരെ വളർത്തി.

പത്ത് വയസ്സിന്റെ പിറന്നാൾ കഴിഞ്ഞ അന്ന് പിന്നെയും ദീനം കലശലായി. നാട്ടുകാരുടെ സഹായം കൊണ്ട് കൊച്ചിനെ വേഗം മെഡിക്കൽ കോളജ് ആശുപത്രിയിൽ എത്തിച്ചു. പക്ഷെ ആശുപത്രീന്ന് തന്ന കുറിപ്പടിയിലെ മരുന്ന് വാങ്ങി വന്നപ്പോഴേക്ക് എല്ലാം കഴിഞ്ഞൂന്ന് ഡോക്ടർമാര് പറഞ്ഞു. മരുന്നിനും മന്ത്രത്തിനും ഒന്നും എന്റെ കുഞ്ഞിനെ രക്ഷിക്കാൻ കഴിഞ്ഞില്ല. പെട്ടെന്ന് ഞാൻ ആരുമില്ലാത്തവളായി പോയി സാറെ. എന്റെ കുഞ്ഞിന്റെ ആത്മാവ് മേലോട്ട് പോയപ്പോൾ എന്റെ ജീവിതത്തിന് തന്നെ അർത്ഥമില്ലാതായി.

കരഞ്ഞ് തളർന്ന ഞാൻ എന്റെ കുഞ്ഞിന്റെ തണുത്തുറഞ്ഞ ശരീരം കെട്ടിപ്പിടിച്ച് മരവിച്ച മനസ്സുമായി ഇരിക്കുമ്പോൾ അവിടുത്തെ ഒരു ഡോക്ടറ് കൊച്ച് ചോദിച്ചു ആ ശരീരം അവർക്ക് പഠിക്കാൻ കൊടുക്കാമോന്ന്. ഞാനതിന് സമ്മതിച്ചു സാറെ. അങ്ങനെങ്കിലും എന്റെ കുഞ്ഞിന്റെ ജീവിതത്തിന് ഒരർത്ഥം ഉണ്ടാകുവല്ലോന്നാ അപ്പോ തോന്നിയത്. എല്ലാ നഷ്ടപ്പെട്ട് എന്തു ചെയ്യണമെന്നറിയാതെ ആശുപത്രി വരാന്തയിൽ ഇരുന്ന് കരഞ്ഞ് കരഞ്ഞ് മയങ്ങിപ്പോയി. ഉണർന്നപ്പോ ഒരു പൊടിക്കുഞ്ഞ് എന്റെയടുത്ത് കിടപ്പുണ്ട്. പാതിര വരെ കാത്തിരുന്നിട്ടും ആരും വന്നില്ല. ദൈവം തന്നതാണെന്നു കരുതി ഞാനതിനെ എടുത്തുകൊണ്ടു പോന്നു സാറെ...'

റാണിയുടെ ചരിത്രം ജീവനുള്ള ഒരു സിനിമ പോലെ ഞാനെന്റെ മുന്നിൽ കണ്ടു. അത് എന്നിൽ അജ്ഞാതമായ ഒരു കുറ്റബോധം ഉളവാക്കാൻ തുടങ്ങി. അതെന്നെ വരിഞ്ഞു മുറുക്കുന്നതറിയാതെ റാണി തുടർന്നു.

'അവന് ഇപ്പോ ഏഴ് വയസ്സായി. അവന് ഒരു കൂട്ടു വേണോന്ന് തോന്നിയപ്പോ പിന്നേം പോയി ആശുത്രീല്. അവിടുന്ന് തന്നെ പിന്നേം കിട്ടി രണ്ടു കുഞ്ഞുങ്ങളെ കൂടെ അവർക്കും അഞ്ചും ആറും വയസ്സായി പ്രായം.

ഒരു പെണ്ണല്ലേ, കുഞ്ഞുങ്ങളെ എനിക്ക് ജീവനാ. ജീവിക്കുവാണെന്ന് തോന്നണോങ്കി നമുക്ക് മിണ്ടാനും പറയാനും ആരെങ്കിലും വേണ്ടേ സാറെ. തീയും വെള്ളവും തിരിച്ചറിയുന്നത് വരെയെങ്കിലും നോക്കിയാൽ പിന്നെ അവര് വളർന്നോളും. ഞാനവരെ സ്കൂളിലും വിടുന്നുണ്ട്. നാലക്ഷരം പഠിച്ചാൽ അവർക്ക് എന്റെ ഗതികേട് വരില്ല'. ഇത് പറയുമ്പോൾ റാണിയുടെ കണ്ണുകളിലെ കാർമേഘം പെയ്തിറങ്ങുകയായിരുന്നു.

റാണിയുടെ വാക്കുകൾ കേട്ട് ഞാൻ ഒരു നിമിഷം തരിച്ചിരുന്നു പോയി. ലഹരി എന്നിൽ നിന്നും മാഞ്ഞു പോയിരുന്നു. എന്റെ മനസ്സ് ആർത്ത് വിലപിക്കുകയായിരുന്നു. ദരിദ്രമായ എന്റെ തൊണ്ടയിൽ നിന്ന് ശബ്ദം പുറത്തു വന്നില്ല. വിറയാർന്ന കൂപ്പു കൈയ്യോടെ എന്റെ മുന്നിലിരുന്ന റാണിയുടെ കാലിലേക്ക് ഞാൻ വീണു. എന്റെ പ്രവർത്തി കണ്ട് റാണി പരിഭ്രമിച്ചിരിക്കണം. എനിക്ക് പാദസ്പർശം നൽകാതെ അവർ പിന്നോട്ട് മാറി.

'ഓരോ ജീവന്റെയും വിലയറിയുന്ന നിനക്ക് മാലാഖമാരുടെ മനസ്സാണ് അതറിയാത്ത ഞാൻ പച്ചയായ ജീവിതത്തിൽ നിന്ന് ഒളിച്ചോടിക്കൊണ്ടിരിക്കുകയാണ്. റാണിയിൽ നിന്ന്, ആശയിൽ നിന്ന്, ആശയുടെ കുഞ്ഞിൽ നിന്ന്, പിന്നെ എന്നിൽ നിന്ന് തന്നെ.' വിതുമ്പുന്ന ഹൃദയം എന്റെ വാക്കുകളെ ഛേദിച്ചു.

'സാറ് വെഷമിക്കാൻ വേണ്ടി പറഞ്ഞതല്ല. നേരം വൈകി പിള്ളാര് തനിച്ചാ എനിക്ക് പോണം സാറെ.'

എന്ത് ചെയ്യണം എന്നറിയാതെ ഞാൻ പോക്കറ്റിൽ പരതി പേഴ്സിൽ നിന്നും പറഞ്ഞ കരാർ പ്രകാരമുള്ള തുകയുടെ ഇരട്ടിയിലധികം റാണിയുടെ കയ്യിലേക്ക് വച്ചു. അരുതാത്തതെന്തോ തൊട്ടത് പോലെ റാണി കൈ വലിച്ചു.

'വേണ്ട സാറെ സന്തോഷിക്കാൻ വന്ന സാറിനെ വിഷമിപ്പിച്ചിട്ട് ആ കാശ് എനിക്ക് വേണ്ട. ഞാൻ പോയേക്കുവാ' റാണി പുറത്തേക്ക് നടന്നു. ഗാന്ധിജിയുടെ ചിത്രമുള്ള ആ നോട്ടുകൾ എന്റെ ചുറ്റും ചിതറി വീണു. ഒരു ചിലവും ഇല്ലാത്ത സാധനങ്ങൾക്ക് നടുവിലിരിക്കുന്ന വഴി വാണിഭക്കാരനെപ്പോലെ ആ നോട്ടുകൾക്കു നടുവിൽ നഷ്ടപ്രജ്ഞനായി ഞാനും.



Avani Binu

It's over. Troy has fallen.   It's over. At least it should be.

Odysseus' soldiers guarded the streets, filling up each crevice of Troy, outnumbering the survivors. The wooden horse responsible for our downfall stands tall and proud in the middle of the courtyard. Looking back, I know that we should have entertained Cassandra's seemingly mad ramblings. She had known all along what that horse truly was. A trick. A ploy.

Looking back, there were many things that we could have done differently. Perhaps if my husband, Hector, had not been so involved in the war efforts, he would still be here to look after our son with me. Yet, in my heart, I know that he would not have done so. He was not one to take the way of cowardice and hide in his palace chambers. He fought alongside his soldier with honour, and died with that same amount of honour.

I hope to raise Astyanax to be a man just like you were.

Reminiscing will get me nowhere. I headed up the cracked cobblestone stairs, back to the room where my son is resting. I rested my hand upon the door handle before entering. Inside, my eyes wandered to the small cotton dolls stacked in the corner, chests overflowing with clothes bought by my husband, and finally, to my son's cot. The cot was empty.

I rushed out of the room. Two guards grab onto my wrist, preventing me from going any further. Odysseus stood a few metres in front of me, carrying Astyanax in his arms. I

# THE LAST SURVIVOR



struggled against the guards, shouting at Odysseus to give back my son, yet it was all in vain. Odysseus does not even spare me a glance as he hands over my child to Neoptolemus. Neoptolemus strolled towards the fence overlooking the sea. Waves crashed against the shore, hundreds of metres below us. He dangled Astyanax over the edge using two hands.

"Give him back!" One hand.

"He's just a child!" Two fingers.

"STOP"

The sound of my baby crashing into the water echoes in my brain.

Why did they do this? What harm could a baby possibly do?

"He's just a child," I repeated.

Odysseus let out a shaky breath upon hearing my words, Neoptolemus however, just laughed. He leant back against the railing, head thrown back, cackling.

Tears dripped down my face, and my arms went slack against the guards. What was the point of fighting? It was over. These monsters had killed my baby, had killed my husband. Never would I be able to hold him again in my arms. Never would I be able to watch him grow. Now, there was nothing left. Nothing left but white noise in my brain, and rage.

"Are you proud of yourselves?" I asked, my voice low.

"You murdered an innocent child, you killed hundreds of innocent civilians in their sleep. You think you are so talented, don't you? Winning a war that the other side wasn't even aware they were fighting. Or perhaps you think of yourselves as strong, as courageous. strong enough to beat an enemy that can't even walk, much less fight back."

I stared Odysseus in the eye.

"Imagine that was your son, Telemachus, who was thrown off that cliff, and you stood idly by. In fact, you directly handed him off to die. How is my son any different? I wonder how your wife, Penelope, would react if you told her. Would she turn away, and hide her son from you, from the monster that was once her husband? Then, you would be just as alone as I am, then you would understand how I feel!"

Odysseus flinched, hands trembling at his side, eyes wide. His breaths were short and quick, as if he was desperate for air.

"You know what you Greeks are lacking?" I said, "It's honour."

"This - what you've done - isn't tactical, it isn't caution, it's just cruelty."

.............................

The ship swayed underneath my feet, dancing as it meandered through the waves. I watched as the wind fluttered the sails, before turning and looking down at the ocean below.

There was nothing I could do now, I was already being shipped back to Greece. But I will survive, as I have done for so long. As long as I am alive, Troy will live on through me, the last survivor of the royal family.


I called out to the ocean. Please, all I want is for one of them to know what happens when you mess with someone's son.

Waves crashed with increasing strength against the ship.

The last survivor let a content smile fall on her face.



Pay no attention to what
others think of you,
Why should you care?
You have your own dreams to pursue
So, what if they stare?
These people who might judge,
And think of you in some way
Probably hold a grudge,
That they take out on you today



# WHAT STOPS YOU?

What you do is in your control,
Your mind, your decision
Its always your choice in whole,
Not what's trending on television

When you worry about such things,
You're being held behind in many ways
Just think what a wider imagination brings,
Without all these delays
So go out there today,
Without caring what people say
And enjoy your day,
Knowing that everything will be okay!



Rhythm Rajiv

Physicians SA

**Medical Specialists and Diagnostics**

North East Specialist Centre
738 North east Road Holden Hill 5088
Thebarton House , 105 South Road, Thebarton
2/23-25, Metro Pde, Mawson Lakes
Call us 08 82613211
www.physicianssa.com.au

Urgent Scripts

Tele health
Prescriptions
Sick certificates
**Call 1300 974 333**

*Adelaide Cosmetic & Laser Clinic*

*4/132, O 'Connell Street , North Adelaide*

Laser Hair Removal
Cosmetic Injectables
Body Sculpting
Facials and Peels
Call us 08 81664343
www.aclc.com.au


SAP
CORPORATION PTY. LTD.


EMPOWERING YOUNG MINDS
FOR A FUTURE DRIVEN BY CURIOSITY & DISCOVERY!
STEM Centre Australia
SCIENCE TECHNOLOGY ENGINEERING MATHEMATICS
Fun, Interactive & Educative STEM Courses
Reception – Year 12
ROBOTICS & CODING
PROGRAMMING (PYTHON)
ARTIFICIAL INTELLIGENCE
Learn More!
08 8166 7579
TutorsSA.com.au/STEM-Centre-Australia
Campbelltown Centre, SA 5074
Mitcham Centre, SA 5062
SCAN ME


08 8166 7579
MedPrep.net
Campbelltown Centre, SA 5074
Mitcham Centre, SA 5062
MP | MedPrep
Years 10 –12
UCAT | Medical Interview Training Courses
2024/25 Course Open for Enrolments!
Learn More!
*Preparation course for the admissions test used by the universities in Australia and New Zealand for their medical, dental and clinical science degree programms.
SCAN ME


10 Years
INSPIRE LEARNING
DONASH
EDUCATION CENTRE
Ignite Your Child's Potential with South Australia's Leading Tutoring Experts!
All Aspects Covered
• Reception to Year 12
• Small group tuition
• Explicit teaching
• Qualified tutors
• Hybrid tuition
At Centre | Online
Range of Subjects and Courses
• Maths | English | Science
• All SACE subjects +
• SACE Mock Exams
• ACER Scholarship, Ignite Entry & STEM entry exam preparation
• Extension courses
Tutors SA
Your partner in academic excellence!
Inquire Now!
SCAN ME
Visit us!
Campbelltown Centre | 27 Montacute Road, Campbelltown SA 5074
Mitcham Centre | Mitcham Girls High School, Kyre Avenue, Kingswood SA 5062
TutorsSA.com.au
08 8166 7579

The chilly air slapped our faces and bore into my bones as I, with my partner and firstborn, stepped on to the tarmac of Adelaide Airport. Thereafter we proceeded to the immigration desk and further on for quarantine screening which seemed like a hurdle. Oh, those days. That is my first memory as we stepped on Australian soil the first time. Australia, the land of kangaroos, koalas and kookaburras! The first few weeks were miserable and I felt the silence seeping into me. The cold weather didn't help either. I felt I was navigating uncharted waters. The first strategy in acclimatizing to the new land was familiarising myself with the neighbourhood and in the process encounter some souls to stave off loneliness. Resourcefulness was set into motion as most arrivals would do in a new land.



Elizabeth Rajesh

# THESE EYES OF MINE

During the early months of our arrival in Adelaide I would trot up and down the streets and alleyways of my suburb and surroundings and shoot fleeting glances into people's gardens to see how my botanical knowledge fared, my parents being avid gardeners. What had I to lose? During those wanderings I had my *aha* moment - that I and we would certainly survive and thrive undeterred by the stretch between us and our loved ones who were afar. In conversations with neighbourhood folk, I was able to glean oft used and interesting Australian slang like “g'day”, “brekkie”, “barbie”, “good on ya” and many more. Language was hardly a barrier for me; cultural assimilation was not protracted either.



The lush tropical landscape of my homeland in India gave way to the beauty of the Australian bush. As I came to know the lay of the land, I got on with putting our plans into action, bearing in mind that some you win some you lose. I have always marvelled at the sight of the striking plump succulents basking under the sun shining in its full glory. I marvel at the skies so gloriously blue here. The beauty of native Australian flora has grown on me and has become a healing balm. My dream of

bringing into being a slice of paradise in my own backyard is as strong as ever. The ferocity of Australian summers, with the merciless sun beating on the land and accompanying heat waves are a nudge to adapt constantly.


Delighting in nature has placed me in good stead. The sea has become a part of my fabric and inspired me into evolving who I am today, comfortable in my own skin. Walking beside the serene seashore is when I am in communion with my creator and am able to gather my thoughts. Sauntering on well-worn and less worn paths provided manifold benefits and still do. The sea speaks to me. It has been a panacea for disappointment, dejection and dark thoughts. The meandering rivers and lotus laden ponds whose sight I had grown up with were replaced by creeks seeking their way to the sea and the ocean far beyond. The ebbs and flows of the tide made me wish sometimes, if only all the negativity in the world could be swept away with a magic wand. The frolicking ducks in the creek were a reassuring and familiar sight from my hometown in Kerala and a reminder of fun times and rocky rides ahead. Life having progressed with study, work and expansion of family with the arrival of our second born, it was a cue to nourish and sustain the spark of spontaneity and vivaciousness.

Food is the bridge between cultures and the link to our loved ones. As a nod to my heritage, I rustle up dishes utilising an array of fresh, flavourful and abundant Australian produce, adding my own twist. But not before the initial constant back and forth between me and my parents exchanging recipes and nuggets of advice, harking back to those times when letter writing was not passé. In the early days after our arrival here, I sorely missed mum's cooking and the rock-solid guidance of my dad. Advice was and still is ladled out with dollops of common sense, reinforcing to do what is right and not what is easy. Communication across seven seas via ubiquitous technology has come to the rescue now and is within a button's reach. Setting off with the humble sausage, fondly known as thesnag, I have devised myriad ways to incorporate it into the cuisine of my homeland. Broccoli was embraced by my family with a hint of reluctance. Masking the pungency of the humble broccoli by adding it to stir fries or serving steamed with a dusting of spices was how I pulled it off. Using a cornucopia of fruits in the months of summer, I cook up a storm turning them into chutneys and dips and relishes. I long to see more of Australian tropical produce at the local greengrocers. After all these years I am still excited when spring arrives, in eager anticipation of the luscious stone fruits, cherries being my all-time favourite. For me visiting a farmer's market is akin to a kid in a candy store. I always miss the colours and fragrances of my homeland, but now am content with the salty tang of the sea and the aroma of fish and chips wafting from the local chippery.

Interstate visits have brought into perspective the vastness and uniqueness of the Australian land, ranging from snow laden mountains of the Victorian Alps to balmy evenings at Perth's foreshore. The travel experiences enriched me and those around me, goading me to take on more road trips and appreciate the beauty and expanse of Australia. This reminded me of the enjoyable trips with my parents and my brother across the Thar desert including a brief glimpse of the remnants of the Indus Valley civilization. The riches of Australia are varied too, encompassing minerals, metals,

bountiful produce, livestock and wilderness which are truly extraordinary. The ruggedness and remoteness of the Grampians and Blue Mountains is stunning. Trudging up the walking trails led me to realize what the people before us must have endured. Close to home, in the Adelaide hills my eyes drink in the rich earthy hues of brown interspersed with swathes of green and variegated flora. More awe inspiring is that the island called Australia spans two major oceans, the Pacific and Indian Ocean. The razzle-dazzle of Sydney and the melting pot of Melbourne is a wonderful example of a convergence of diverse cultures knitted together with an unseen common bond.

Attending fairs and festivals was for me a way to see multitudes of humanity, feel the thrum of music, and dip my fingers into other cultures. The populace of Australia is as diverse as its landscape, and therein ends the similarity with my homeland India. As I amble through the streets of my adopted city Adelaide there is a one in fifty chance that I will meet people ranging from Argentina to Zimbabwe along with people from my own diaspora and herein lies the beauty of a diverse and inclusive Australia.



It has been heartwarming to come across sharing and caring and giving someone a leg up in the sphere of everyday life. Never in my childhood would I have dreamt of experiencing such a melting pot of cultures and it has been a humbling experience, having made some great friends along the road. These meaningful multicultural relationships have added a richness to my being. Since then, my favourite motto has been - there is more to someone or something than meets the eye.

My hunger for reading, be it any topic under the sun, is satiated by books loaned from public libraries and devouring them. The library which I lovingly term my second home was yet another ground to intermingle with people from various communities. Over the years, I have observed the changing scene of my adopted home, Adelaide.

The gentle pace of life, giving way to controlled chaos but offering hope. Chasing a gentler pace of life, I am grateful for the opportunities that come my way. Home is where the heart is. But after all these bygone years my heart is still torn between two worlds. I yearn to visit my homeland yet again and also eagerly look forward to what the future may bring.

I pinch myself to remind myself how lucky and fortunate we are to be living in Australia, a land truly blessed with opportunities and "beauty, rich and rare." The beautiful vistas in my life are a constant reminder that the bright side of life is always around the corner. As we move forward, I know the aspirations and ambitions which were kept in abeyance due to the pandemic will come to fruition one day.


iDEAL LOANZ
Designing loans to cherish your dreams
www.idealloanz.com.au
One-stop shop for 32 banks.
Save time with our services.
Simplifying the complex mortgage process.
Tailored mortgage solutions to meet your specific needs.
On time, all the time, every time.
Shibu Paulose
0434 064 308
0488 880 152
Cinoj Radhakrishna
0421 677 762
0488 880 152
Bindu Sivaraman
0431 196 248
0488 880 152
OUR SERVICES
Home Loans
Investment Loans
Car Loans
Low Doc Loans
SDA (NDIS) Lending
Refinances & Debt Consolidation
Business & Commercial Finance
Equipment Finance
Superfund Investments (SMSF loans)
Commercial Development Finance
Credit Representative (No. 492745) of Buyers Choice Licencing Pty Ltd. Australian Credit Licence No. 509484


FUTURA CARE
Empowering People
OUR SERVICES
Assist-Life Stage, Transition
Assist-Personal Activities
Community Nursing Care
Daily Tasks / Shared Living
Development-Life Skills
Participate Community
Therapeutic Supports Group / Centre Activities
Specialised Disability Accommodation
Self-Independent Living
24/7 SERVICE
Futura Care is a visionary in healthcare, dedicated to delivering round-the-clock support and personalized care to individuals according to their specific needs and preferences. Together, we create possibilities.
www.futuracare.com
+61 403 403 733
admin@futuracare.com.au

# ബീഫ് സ്ടീക്കും പിന്നെ ഒരു ഒളി ക്യാമറയും



മഹേഷ് മാത്യു

വീടിന്റെ മുറ്റത്ത് അങ്ങിങ്ങായി നിൽക്കുന്ന റോസാചെടികൾ പരിപാലിച്ചു കൊണ്ടു നിന്ന അന്നമ്മ, പോസ്റ്റ്ബോക്സിൽ പോസ്റ്റുമാൻ എന്തോ കൊണ്ടിടുന്നത് കണ്ടുവെങ്കിലും, വ്യഗ്രതപ്പെട്ടൊന്നും ആ കത്തുകൾ എടുക്കുവാൻ ശ്രമിച്ചില്ല. അതിന് പ്രത്യേകമായൊരു കാരണം കൂടി ഉണ്ടായിരുന്നു. വീടിനുള്ളിൽ പോയി താക്കോൽ എടുത്തുകൊണ്ടു വന്നാൽ മാത്രമേ എഴുത്തുപെട്ടി തുറക്കാൻ കഴിയുകയുള്ളൂ. അതിന്റെ പിന്നാലെ പായുമ്പോൾ പൂന്തോട്ട പരിലാളനം പാതി വഴിയിൽ മുടങ്ങുകയും ചെയ്യും.


മോളേ.. ബ്ലസി.. അഭിമുഖമായി തിരിഞ്ഞുകൊണ്ടായിരുന്നു അവർ അങ്ങനെ ഉച്ചത്തിൽ വിളിച്ചത്. കുറെയേറെ നേരം കണ്ഠശുദ്ധി വരുത്തിയെങ്കിലും യാതൊരു പ്രയോജനവും ഉണ്ടായില്ലെന്നു മാത്രമല്ല, അവരുടെ വളർത്തു പട്ടിയായ ടോമി പോലും മറുപടി നൽകുവാനായി ഒന്നു കുരച്ചു ശല്യപ്പെടുത്തിയില്ല.

ഒഴിവു കിട്ടുമ്പോൾ മാത്രമേ ഈ ചെടിയൊക്കെ പരിപാലിക്കുവാൻ കഴിയുകയുള്ളൂ. നേഴ്സ് ആയി ജോലി ചെയ്യുന്ന അന്നമ്മയ്ക്ക് ഒഴിവു നേരങ്ങളിൽ പൂന്തോട്ടത്തിൽ കയറി ഇറങ്ങാതെ ഉറക്കം വരുകയുമില്ല. നാട്ടിൽ വച്ച് ഇല്ലാതിരുന്നൊരു ശീലം കങ്കാരുക്കളുടെ നാട്ടിൽ എത്തിയപ്പോൾ പച്ച പിടിച്ചു എന്നു വേണമെങ്കിൽ പറയാം.

ഈ പിള്ളാരോടൊന്നും പറഞ്ഞിട്ട് യാതൊരു പ്രയോജനവുമില്ല. ഏതു നേരവും ടെലിവിഷനും മൊബൈലുമായി ഇരിക്കുന്ന അവർക്കൊന്നും സമയത്തിന്റെ വില അറിയുക കൂടിയില്ല.

മകൻ ബ്ലസന്റെ കാര്യം പറയാതിരിക്കുകയാ ഭേദം. മുറിയിൽ കയറി അടച്ചു കഴിഞ്ഞാൽ പാട്ടും കൂത്തുമായി അവൻ അവിടെത്തന്നെ കഴിഞ്ഞു കൂടും. ഇനിയിപ്പോൾ അവറാച്ചൻ വന്നിട്ട് കത്ത് എടുക്കുന്നതാണ് നല്ലത്.

മുറ്റത്തു നിൽക്കുന്ന ഓറഞ്ച് ചെടിയിൽ നിന്നും രണ്ട് ഓറഞ്ച് പൊളിച്ചു തിന്നുവാനും അവർ മറ



ന്നില്ല. ഇത്രയും ഓറഞ്ച് മുറ്റത്ത് നിൽക്കുമ്പോഴും അവറാച്ചൻ കടയിൽ പോയി ഓറഞ്ച് വാങ്ങി കൊണ്ടുവരുന്നതിൽ അവർ അമർഷം പ്രകടിപ്പിക്കുവാനും മറന്നില്ല. ഭർത്താവിന്റെ ഭരണ നിർവ്വഹണത്തിലെ വീഴ്ചയിലേക്ക് ഒരു വിരൽ ചൂണ്ടൽ ആയിരുന്നു അത്.

നടക്കുവാൻ പോകുന്നവരും വ്യായാമം ചെയ്യുന്നവരുമായ ആളുകൾ കുട്ടി നിക്കറും, ഷോർട്സും ഇട്ടു നടന്നു നീങ്ങുന്നത് കണ്ടപ്പോൾ അന്നമ്മയ്ക്ക് ദേഷ്യം വന്നു. ഇവിടെ ഉള്ളയാൾക്ക് ഭാര്യ കുട്ടിനിക്കർ ഇടുന്നത് ഇഷ്ടമേ അല്ല. പെണ്ണുകാണാൻ വന്നപ്പോൾ വേണ്ടായെന്നു പറഞ്ഞിരുന്നെങ്കിൽ ഇങ്ങനെയൊരു പൊല്ലാപ്പ് ഉണ്ടാകുമായിരുന്നില്ല.

ഒക്കെ എന്റെ വിധി... വിലപിച്ചുകൊണ്ട് അവർ വീടിനുള്ളിലേക്ക് മെല്ലെ കയറി...

'എന്തായാലും അടുത്ത സിഡ്നി യാത്രയിൽ താൻ കുട്ടിനിക്കർ ഇടുക തന്നെ ചെയ്യും. അവറാച്ചന്റെ സാമീപ്യം ഇല്ലാത്തിടത്ത് അങ്ങനെയൊരു കോപ്രായം കാട്ടിയാൽ കൂടെയുള്ള പെണ്ണുങ്ങൾക്ക് വിരോധം ഒന്നും ഉണ്ടാകാൻ ഇടയില്ല.

അടുക്കള പണിയിൽ മുഴുകിയപ്പോഴും മനസ്സ് ആകുലതയുടെ നേർരേഖയിലൂടെ സഞ്ചരിക്കുകയായിരുന്നു.

അവരുടെ മനസ്സ് അപ്പോൾ 'അന്ന് അത്താഴത്തിനു വെച്ചു വിളമ്പേണ്ടിയ വിഭവങ്ങളുടെ പട്ടികയും, മക്കളുടെ പഠനത്തെപ്പറ്റിയും, ജീവിതപങ്കാളി അവറാച്ചനെ പറ്റിയുമൊക്കെയുള്ള ആകുലചിന്തകളുടെ വലിയൊരു ഭാണ്ഡക്കെട്ട് പേറുന്നുണ്ടായിരുന്നു.'അവസാനം അവർത്തന്നെ ഒരു നിഗമനത്തിൽ എത്തി.

എല്ലാം ഈശ്വരൻ നടത്തും... രണ്ടുപേരും കൂടി കഷ്ടപ്പെട്ടിട്ടും കടങ്ങൾ മാത്രമേ ബാക്കിയുള്ളൂ... മക്കൾ ഒന്നു വളർന്നു കഴിഞ്ഞാൽ എല്ലാം ശരിയാകും.

ആരോഗ്യമേഖലയിലൊരു ജോലി ശരിപ്പെടുത്തുവാനായി അവറാച്ചൻ ശ്രമിക്കുവാൻ തുടങ്ങിയിട്ട് കാലം കുറെയേറെയായി. കിട്ടുന്ന ജോലിയ്ക്ക് ഒക്കെ പോയി എന്തെങ്കിലുമൊക്കെ വരുമാനം ഉണ്ടാക്കുവാൻ ശ്രമിക്കുന്നതിനെ അനുമോദിക്കുവാൻ അന്നമ്മയ്ക്ക് ഇതുവരെ കഴിഞ്ഞിട്ടുമില്ല.

അമ്മേ കഴിക്കുവാൻ എന്തെങ്കിലും ആയോ?. മകളുടെ ആ ചോദ്യം അവരെ ശുണ്ഠിയുടെ വക്കിൽ കൊണ്ടെത്തിച്ചു. പോത്തുപോലെ വളർന്നെങ്കിലും അടുക്കളയിൽ കയറി ഒരു പണിയും ചെയ്യരുത് കേട്ടോ!.

കുഴിമടിച്ചി... മകളുടെ നേരെ കയർക്കുവാൻ തുടങ്ങിയപ്പോഴേക്കും മകൻ രംഗപ്രവേശനം ചെയ്തിരുന്നു.

അമ്മാ.... വാട്ട് ഈസ് ദി മീനിംഗ് ഓഫ് പോത്ത്?

'നിന്നു ചിലയ്ക്കാതെ പോടാ അപ്പുറത്ത്.'

അന്നമ്മയുടെ അരിശം അതിന്റെ മൂർദ്ധന്യാവസ്ഥയിൽ എത്തിയപ്പോഴേക്കും പള്ളിയിൽ അച്ചന്റെ ഉപദേശം അവരുടെ മനസ്സിനെ കീഴടക്കിയിരുന്നു. 'നിങ്ങളുടെ മക്കളോട് നിങ്ങൾ സ്നേഹത്തോടെയും ബഹുമാനത്തോടെയും ഇടപ്പെട്ടില്ലെങ്കിൽ മരണസമയത്ത് ഒരു തുള്ളി വെള്ളം നാക്കിൽ ഇറ്റു തരുവാൻ ആരും കാണില്ല.

അങ്ങനെയൊരു പ്രതീക്ഷയില്ലെങ്കിൽ പോലും അല്പം സംയമനം കാണിക്കുവാൻ അവർ മുതിർന്നു.

രാത്രിയേറെ വൈകിയാണ് അവറാച്ചൻ ജോലികഴിഞ്ഞു തിരികെ വീട്ടിലെത്തിയത്. രാത്രിയിൽ എന്തൊക്കെയോ കഴിച്ചു

എന്നു വരുത്തി തീർത്തിട്ട് അവർ ഉറങ്ങുവാൻ കിടന്നു.

രണ്ടു ദിവസം കഴിഞ്ഞാണ് പോസ്റ്റ് ബോക്സിലെ കത്തിന്റെ കാര്യം അന്നമ്മയുടെ മനസ്സിലേക്ക് ഓടിയെത്തിയത്. മിക്കവാറും ബില്ലുകൾ എല്ലാം തന്നെ ബാങ്ക് അക്കൗണ്ടിൽ നിന്നും നേരിട്ട് കിഴിവ് ചെയ്യുകയാണ് പതിവ്. എങ്കിലും ഒന്ന് നോക്കിയേക്കാമെന്ന് അവരുടെ മനസ്സ് പറഞ്ഞു.

രണ്ടു കത്തുകൾ... അതും ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെന്റിൽ നിന്നും....

ഒരു കത്ത് പൊട്ടിച്ചു നോക്കിയപ്പോൾ തന്നെ അവരുടെ ജീവൻ പകുതിപോയിരുന്നു. ഓസ്ട്രേലിയൻ പോലീസിന്റെ വക സമ്മാനം'എസ്പിയേഷൻ നോട്ടീസ്.. അഥവാ പ്രായശ്ചിത്ത താക്കീത്.' കത്തിലൂടെ കണ്ണുകൾ പായിച്ച അവരുടെ കണ്ണിലൂടെ പൊന്നീച്ചകൾ പാറിപറക്കുവാൻ തുടങ്ങിയിരുന്നു.

എന്റെ ഈശോയേ... എന്റെ അച്ചായനോട് വണ്ടി മര്യാദയ്ക്ക് ഓടിക്കണമെന്ന് എത്ര പറഞ്ഞാലും കേൾക്കില്ല.

നിസ്സാര തുകയൊന്നുമല്ല വന്നിരിക്കുന്നത്... അറുന്നൂറ്റി മുപ്പത്തി അഞ്ചു ഡോളർ... ഇന്ത്യൻ രൂപയിൽ മാറ്റിയെടുത്താൽ മുപ്പത്തയ്യായിരം രൂപാ...തലയ്ക്ക് നേരിയൊരു വെളിവ് വച്ചപ്പോൾ അവർ അടുത്ത കത്തും പൊട്ടിച്ചു...

പിന്നെയും എസ്പിയേഷൻ നോട്ടീസ്...അഥവാ പ്രായശ്ചിത്ത താക്കീത്'... ഈ തവണ രണ്ട് കത്തിലെയും തുകകൾ തമ്മിൽ കൂടി നോക്കി ഭ്രാന്തിയെ പോലെ അവർ കസേരയിൽ ഇരുന്നുകൊണ്ട് മെല്ലെ പറഞ്ഞു.

അച്ചായൻ ഇങ്ങു വരട്ടെ... ആയിരത്തി ഇരുന്നൂറ്റി എഴുപത് ഡോളർ നിസ്സാരമാണെന്നാണ് വിചാരം...

നാട്ടിലെ എഴുപതിനായിരം രൂപാ... നാട്ടിൽ വീടിന്റെ പണികൾ പൂർത്തിയാക്കുവാൻ പണമില്ലാതെ കഷ്ടപ്പെടുമ്പോഴാണ് ഇങ്ങേരുടെ ഓരോ ലീലാവിലാസങ്ങൾ...

ഈയിടെ ചിലവു ചുരുക്കാനായി ഹോട്ടലിൽ നിന്നുമുള്ള ഭക്ഷണം പോലും മാസത്തിൽ ഒരിക്കലായി നിജപ്പെടുത്തിയിരിക്കുകയാണ്. ഹോട്ടൽ ഭക്ഷണത്തിന്റെ സ്വാദ് അറിഞ്ഞ മക്കളുടെ പ്രലോഭനങ്ങളെ അതിജീവിക്കുവാൻ അടവുകൾ പലതും മാറി മാറി പരീക്ഷിച്ച് വിജയിച്ചു നിൽക്കുമ്പോഴാണ് ഇടിത്തീ ഫൈനിന്റെ രൂപത്തിൽ വീടിനെ ഗ്രസിക്കുന്നത്. വിഷമതയുടെ നൂൽപ്പാലത്തിലൂടെ യാത്ര ചെയ്യുമ്പോൾ വന്നു ഭവിക്കുന്ന സാമ്പത്തിക അച്ചടക്കമില്ലായ്മയെ കെട്ടിപുണരുവാനുള്ള മനസ്സവർക്ക് ഇല്ലായിരുന്നു.



അന്നും ഏറെ വൈകിയാണ് അവറാച്ചൻ വീട്ടിലെത്തിയത്...

വീടിനുള്ളിൽ കയറിയ അവറാച്ചനെ ഡ്രസ്സ് മാറുവാൻ പോലും സമ്മതിക്കാതെ പുതിയൊരു അങ്കത്തിനു ക്ഷണിക്കുന്നത് പോലെ അടുക്കളയിലേക്ക് അ ല്പം അരിശത്തോടെ അന്നമ്മ ക്ഷണിച്ചു.

അച്ചായൻ... ഇങ്ങോട്ടൊന്നു വന്നേ...

നിങ്ങളെ ഇന്നു ഞാൻ എത്ര തവണ വിളിച്ചു എന്നറിയാമോ? പോക്കറ്റിൽ കിടക്കുന്ന ഫോൺ നിശബ്ദതയുടെ ലോകത്തു കൂടി വിരാജിക്കുന്ന വിവരം അയാൾ അപ്പോഴാണ് ഓർത്തത്. നിന്റെ കൂട്ട് എപ്പോഴും ഫോണിൽ കളിച്ചുകൊണ്ടിരുന്നാൽ ജീവിത ചിലവ് എങ്ങനെ നടക്കും.

എന്നാൽ നാളെ മുതൽ കുറെ കൂടി ഓവർടൈം ചെയ്യുവാൻ ഒരുങ്ങിക്കോളൂ... അല്ലെങ്കിൽ ഈ ഫൈൻ കൊടുക്കുവാനായി മാത്രം പുതിയൊരു ജോലികൂടി കണ്ടുപിടിക്കേണ്ടതായി വരും. ഫൈനോ? അത് ചോദിക്കുമ്പോൾ അവറാച്ചൻ മാന



സികപിരിമുറുക്കത്തിന്റെ ലോകത്തായിരുന്നു.

മേശപ്പുറത്ത് ഭദ്രമായി വച്ചിരുന്ന പേപ്പർ എടുത്ത് ഭർത്താവിന്റെ നേരെ നീട്ടിയിട്ട് അവർ അല്പം ഉച്ചത്തിൽ സംസാരിച്ചു. വണ്ടി പതിയെ ഓടിക്കണമെന്ന് പറയുമ്പോൾ നിങ്ങൾക്ക് എപ്പോഴും എന്നോട് പുച്ഛമാണല്ലോ.

അവറാച്ചൻ തീയതിയിലേക്ക് നോക്കി... ഡിസംബർ പന്ത്രണ്ടാം തീയതി... ആ ദിവസത്തിന് യാതൊരു പ്രത്യേകതയും ഉള്ളതായി അയാൾക്ക് തോന്നിയില്ല. ആ ദിവസം നമ്മൾ വെളിയിൽ പോയിട്ടേ ഇല്ല. മക്കളുടെയും ഭാര്യയുടെയും പിറന്നാൾ ദിവസം അല്ലെന്ന് അയാൾക്ക് ഉറപ്പായിരുന്നു.

എങ്കിൽ നമ്മൾക്ക് നാളെ പോലീസിൽ ഒരു പരാതി കൊടുക്കാം. രാത്രിയിൽ ഉറക്കം അയാളുടെ കൺപോളകളെ തഴുകുവാൻ മടിച്ചു നിന്നു. മനസ്സിൽ വല്ലാത്തൊരു ഭാരം വന്നു നിറയുന്നതായി അയാൾക്ക് തോന്നിതുടങ്ങി 'അവർ തെറ്റി നോട്ടീസ് അയച്ചതാവും'. മനസ്സ് ആശ്വാസത്തിന്റെ മഴത്തുള്ളികൾ അയാളിലേക്ക് വർഷിക്കുവാൻ ശ്രമിച്ചുകൊണ്ടിരുന്നു.

പിറ്റേന്ന് രാവിലെ തന്നെ പോലീസ് സ്റ്റേഷനിലേക്ക് വിളിച്ചു പരാതി പറയുവാൻ അയാൾ മടിച്ചില്ല. വണ്ടി നമ്പർ പറഞ്ഞു കഴിഞ്ഞപ്പോൾ അവറാച്ചന്റെ ഐഡി ശരിയാണെന്ന് ഉറപ്പു വരുത്തി.

ഈസ് ദിസ് കറക്ട് മെയിൽ ഐഡി. 'അവറാച്ചൻകോന്നി@ജിമെയിൽ.കോം'.

വി വിൽ സെന്റ് യൂ ഫോട്ടോ സൂൺ... പോലീസ് ഓഫീസറുടെ മറുപടി അയാൾക്ക് തൃപ്തികരമായി തോന്നി. ആ നിമിഷങ്ങൾക്ക് വളരെയധികം ദൈർഘ്യം ഉള്ളതായി അയാൾക്ക് തോന്നി.

ഫോട്ടോയിലേക്ക് ഒന്നേ നോക്കുവാൻ അവറാച്ചന് തോന്നിയുള്ളു.

മൂലക്കുരുവിന്റെ അസ്കിത വന്നതുപോലെയുള്ള കാർ സീറ്റിലെ ഇരിപ്പുകണ്ടപ്പോൾ തന്നെ രംഗം പന്തിയല്ലെന്നു അയാൾക്കു മനസ്സിലായി. ഒരാളുടെ കണ്ണുകൾ ഇത്രയും വെളിയിലേക്ക് ഉന്തി നിൽക്കുമോ?. സീറ്റിൽ തൂങ്ങി കിടക്കുന്നതുപോലെ വളയത്തിൽ കൈകൾ മുറുകെ പിടിച്ചിരിക്കുന്നു. കൈകളിൽ കിടക്കുന്ന മോതിരം വരെ വ്യക്തമായി കാണുവാൻ കഴിയും. ആദ്യമായി സ്പീഡ് ക്യാമറയോട് അയാൾക്ക് ബഹുമാനം തോന്നിത്തുടങ്ങി.

അപ്പോഴാണ് അവറാച്ചന്റെ മനസ്സിൽ ആ ദിവസത്തെ പറ്റിയൊരു ഓർമ്മ ഉടലെടുത്തത്.

അന്നൊരു വെള്ളിയാഴ്ചയായിരുന്നു. 'വൂൾ വർത്ത്' (കട) അടയ്ക്കുവാൻ പതിനഞ്ച് മിനിറ്റുകൾ കൂടിയേ ബാക്കി ഉണ്ടായിരുന്നുള്ളൂ.' ബീഫ് സ്റ്റീക്ക് കഴിക്കണമെന്ന് കുട്ടികളുടെ ആഗ്രഹത്തിന് മുൻപിൽ വഴങ്ങിക്കൊടുത്ത ആ നിമിഷത്തെ അയാൾ ശപിച്ചു.'അൻപതിന്റെ വേഗതയുള്ള റോഡിലൂടെ എൺപത് കിലോമീറ്റർ വേഗതയിൽ അങ്ങോട്ടും ഇങ്ങോട്ടും വണ്ടി പായിക്കുമ്പോൾ റോഡിന് ഇരുവശവും ശ്രദ്ധിച്ചിരുന്നെങ്കിൽ ഒളിക്യാമറയിൽ നിന്നും ചിലപ്പോൾ മുഖമെങ്കിലും രക്ഷിക്കാമായിരുന്നു.

എന്തായി?.... ചേട്ടായി.... എന്തായി?. അവർ ആളെ കണ്ടെത്തിയോ?..

അന്നമ്മയുടെ ആ ചോദ്യത്തിൽ നിന്നും ഓടി ഒളിക്കുവാനായി അയാളൊരു ബധിരനെപ്പോലെ മേശമേൽ കമഴ്ന്നു കിടന്നു.

ഒട്ടകപക്ഷി മണലിൽ തല പൂഴ്ത്തി ശത്രുക്കളിൽ നിന്നും രക്ഷപ്പെടുന്നതുപോലെ രക്ഷപ്പെടുവാൻ പുതിയ മാർഗ്ഗങ്ങൾ തേടുവാൻ അവറാച്ചന്റെ മനം തുടിക്കുന്നുണ്ടായിരുന്നപ്പോഴും.



രതീഷ് നായർ

അന്ന് കടലിലെ തിരകൾ പോലെയായിരുന്നു ആശുപത്രി വരാന്തകൾ. നിലയ്ക്കാത്ത ജനപ്രവാഹം. ചില വാർഡുകളിൽ നിന്നും തിരയടിക്കുന്ന മരണത്തിന്റെ മണം. കണ്ണുനീരിന്റെ നനവ് പടർന്ന തലയിണകളും, വിരികളും. സന്തോഷം പതഞ്ഞു പൊങ്ങുന്ന ചിരിയുമായി വീട്ടിലേക്ക് മടങ്ങുന്നവർ. ന്യൂന മർദ്ദ ദിവസങ്ങളിലെ ഇടതടവില്ലാതെ അടിക്കുന്ന തിരകൾ പോലെ എപ്പോഴും തിരക്ക്.

ഇവിടെ വരുന്നവരെല്ലാം ശരിക്കും രോഗികളാണോ? അതോ ആശുപത്രികൾ രോഗികളെ സൃഷ്ടിക്കുകയാണോ? സംശയത്തോടെ ആളുകളെ നിരീക്ഷിച്ചു കൊണ്ട് ആനി വാർഡിലേക്ക് നടന്നു.

ഓരോ ദിവസവും വ്യത്യസ്തങ്ങളായ മനുഷ്യരുടെ ജീവിതങ്ങൾ മനസ്സിലേറ്റിയാണ്

# അറിയാതെ പോകുന്നവർ



ആനിയുടെ ദിവസങ്ങൾ കടന്നുപോകുന്നത്. പുതിയതായി ആറ് റെഫറലുകൾ. നാലു പേരെ രാവിലെ തന്നെ കണ്ടു. അഞ്ചാമത്തെ റെഫറൽ ജാൻസിയെ ഉച്ചയൂണിനു ശേഷം കാണാം എന്ന് കരുതി. പക്ഷേ റെഫറലിലെ സംഗ്രഹം ആനിയെന്ന സൈക്കോളജിസ്റ്റിന്റെ മനസ്സുകളെ കീഴടക്കാനുള്ള അഭിനിവേശത്തിൽ എണ്ണയൊഴിച്ചു. തുടർച്ചയായി ആത്മഹത്യയ്ക്ക് ശ്രമിക്കുന്ന പെൺകുട്ടി. ആരോടും സഹകരിക്കാത്ത, ഒന്നിനും വ്യക്തമായി ഉത്തരം നല്കാത്ത പ്രകൃതം.

വെല്ലുവിളി ഉയർത്തുന്ന കേസുകൾ ആനിക്ക് എന്നും ഹരമാണ്. ഒരു ചെറിയ നോട്ടത്തിലോ, അവിചാരിതമായി അടർന്നു വീഴുന്ന വാക്കുകളിലോ പിടിച്ച് ഒരാളുടെ മനസ്സിലൂടെ യാത്ര ചെയ്യുക. ശരീരഭാഷയും, മുഖഭാവങ്ങളും മനസ്സിലാക്കുന്നതിൽ ആനി അഗ്രഗണ്യയാണ്. ജാൻസിയിൽ നിന്നും എന്തെങ്കിലും വീണുകിട്ടാതിരിക്കില്ല. ഊണ് പിന്നീടാക്കി ആനി ജാൻസിയെ വിളിപ്പിച്ചു.

ജാൻസി റൂമിലെത്തിയിട്ട് കുറച്ചു സമയമായി. ഒരു ചോദ്യത്തിനും അവൾ മറുപടി പറഞ്ഞില്ല. നേരെ നോക്കുക പോലും ചെയ്തില്ല. ആനിയും നിശബ്ദതയുടെ ലോകത്തേക്ക് ചേക്കേറി. ചിലരോട് ചോദ്യങ്ങളേക്കാൾ, ഉത്തരങ്ങളേക്കാൾ സംവദിക്കുവാൻ നല്ലത് നിശബ്ദതയാണ്. അര മണിക്കൂറിന് മുകളിൽ ആനി അവളെ നോക്കിയിരുന്നു. ഒടുവിൽ ജാൻസി മുഖമുയർത്തി ആനിയെ നോക്കി. പുഞ്ചിരിച്ച ആനിയുടെ മുഖത്തിൽ

തട്ടി ജാൻസിയുടെ മൂടുപടം അഴിഞ്ഞു വീണു. അവളുടെ മനസ്സ് അണപൊട്ടി ആനി യെന്ന പുഴയിലേക്കൊഴുകി.



സെഷൻ കഴിഞ്ഞ് കൗൺസിലിംഗ് റൂമിനു പുറത്തിറങ്ങിയ ജാൻസി അവളുടെ അമ്മ ച്ചിയെ കെട്ടിപ്പിടിച്ചു. ജാൻസിയുടെ മനസ്സിന്റെ തണുപ്പ് അമ്മച്ചിയിലേക്ക് പടർന്നു. ഇനി യൊരിക്കലും ആത്മഹത്യയ്ക്ക് ശ്രമിക്കില്ല എന്നവൾ പറഞ്ഞപ്പോൾ അമ്മച്ചി കൃതജ്ഞത യോടെ ആനിയെ നോക്കി. ഒറ്റ സെഷനിൽ ആളുകളുടെ മനസ്സ് പൂർണ്ണമായും മാറില്ല എന്നറിയാവുന്ന ആനി ഒരു പുഞ്ചിരിയോടെ തന്റെ ക്യാബിനിലേക്ക് നടന്നു. സൈക്കോ ളജി ബിരുദാനന്തര ബിരുദത്തിനു പുറമേ ഹിപ് നോട്ടിസവും, ശരീര ഭാഷാശാസ്ത്ര വും, സൈക്കോ തെറാപ്പിയുമൊക്കെ പഠിച്ച ആനിക്ക് ജാൻസിയുടെ മാറ്റം പ തിവു പ്രക്രിയ മാത്രം.മനുഷ്യ മനസ്സുകളെ തലനാരു കീറി പരിശോധിക്കുന്ന ഒരു സൈക്യാട്രിസ്റ്റ് ആകണമെന്നായി രുന്നു ആനിയുടെ ആഗ്രഹം. അതു നടക്കാതെ വന്നപ്പോഴാണ് സൈക്കോളജിയിലേക്ക് തിരിഞ്ഞത്. തൊഴിലിനോ ടുള്ള ആനിയുടെ സമർപ്പണത്തിന് സമാനതകൾ ഇല്ല. കുടുംബം പോലും പ ലപ്പോഴും രണ്ടാമതായി. സഹപ്രവർത്തകർക്കിടയിൽ ആനി കൃത്യതയ്ക്കും അറിവിനുമുള്ള പര്യായമായി മാറി.

കാബിനുള്ളിൽ കയറിയ ആനി സുദേവന്റെ സീറ്റിലേക്ക് നോക്കി. ആളവിടെ ഇല്ല. രാവിലെ കണ്ടപ്പോൾ ഉച്ച വരെ തിരക്കാണെന്ന് പറഞ്ഞു. മെഡിക്കൽ കോളേജിന്റെ ആ ബ്ലോക്ക് പൊളിച്ചു പണിയുന്നതിന്റെ ഭാഗമാ യാണ് 6 മാസം മുൻപ് സ്പീച്ച് തെറാപ്പിസ്റ്റായ സുദേവൻ ആനിയുടെ കൂടെ ഓഫീസ് റൂം ഷെയർ ചെയ്യാനെത്തിയത്.

ആളുകളെ സംസാരിപ്പിക്കുന്നതിൽ പ്രതിഭാശാലിയായിരുന്നെങ്കിലും സ്വന്തം സംസാരത്തിൽ അയാൾ പിശുക്കനാണ്. കണ്ണിലും, മുഖത്താകെയും നിറഞ്ഞ പുഞ്ചിരി. വലത്തു കൈ ഉയർത്തി ഒരു നമസ്കാരം. അതാണ് അയാളുടെ സംസാരം. സുദേവൻ വാചാലനാകുന്നത് ഭാര്യ റാണിയേക്കുറിച്ച് ചോദിക്കുമ്പോൾ മാത്രമാണ്. മക്കളി ല്ലാത്ത സുദേവന്റെ ലോകം ഭാര്യയായിരുന്നു. സുദേവന് ഒന്നിനെയും കുറിച്ച് ആധിയില്ല. അപ്പോഴത്തെ കാര്യങ്ങൾ മാത്രം. ആനി' കണ്ടപ്പോൾ മുതൽ സുദേവനി ങ്ങനെയാണ്.

ആനിയുടെ ഒരു സ്കൂൾ സഹപാഠി വിനോദ് കഴിഞ്ഞ മാസം ഒരു വാഹനാ പകടത്തേത്തുടർന്ന് നട്ടെല്ല് തകർന്ന് കിടപ്പിലാവുകയും, വോക്കൽ കോഡിനു ക്ഷതം സംഭവിച്ച് സംസാരശേഷി നഷ്ടമാകുകയും ചെയ്തു.

വിനോദിനെ സ്വന്തം ആവശ്യങ്ങൾ ആംഗ്യങ്ങളും, ശബ്ദങ്ങളും ഉപയോഗിച്ച് മറ്റുള്ളവരെ അറി യിക്കുവാ നും, സഹായം തേടുവാനും ഏതാനും ദിവസങ്ങൾകൊണ്ട് പഠിപ്പിച്ച സുദേവൻ ആനിക്ക് ആത്മവിശ്വാസത്തിന്റെ ഉദാഹരണമായി.

ആനി മൊബൈലിലെ മെസേജുകൾ നോക്കിക്കൊണ്ട് ഉച്ച ഭക്ഷണം കഴിച്ചു. ഇടയ്ക്ക് കാബിന്റെ ഡോർ തുറക്കുന്നതും സുദേവൻ വന്നതും അവൾ അറിഞ്ഞു. മൊബൈലിൽ നിന്നും മുഖമു യർത്താതെ അവൾ ചോദിച്ചു?

'തിരക്കാണല്ലേ?'

'അതെ' അയാൾ മറുപടി പറഞ്ഞു.

സുദേവന്റെ ശബ്ദത്തിൽ ഒരു ക്ഷീണം. നല്ല തിരക്കായിരുന്നിരിക്കണം.

അയാളുടെ നടപ്പിന്റെ ശബ്ദം പോലും ആറു മാസം കൊണ്ട് ആനി മനസ്സിലാക്കി. പുറത്തു പോയി പാത്രം കഴുകി വരുമ്പോൾ സുദേവൻ ഏതോ പേഷ്യന്റിന്റെ റിപ്പോർട്ട് വായിച്ചിരി ക്കുകയാണ്. കിടക്കുന്ന പോലെ അല്പം താഴേക്കിറങ്ങി, കസേരയിൽ തല മുട്ടിച്ച് ശാന്ത

നായി അയാൾ ഇരിക്കുന്നു..

'ഈ തിരക്കിനിടയിലും ഇത്രയും ശാന്തതയോടെ, പ്രസന്നവദനനായി ഓഫീസിലിരിക്കുന്ന ഒരാളെ ഞാൻ എന്റെ ജീവിതത്തിൽ കണ്ടിട്ടില്ല." ആനി സുദേവനോട് പറഞ്ഞു.

അയാൾ പതിവുപോലെ വലതു കൈ ചെറുതായൊന്നുയർത്തി. ആനി തന്റെ ജോലിത്തിരക്കുക ളിലേക്കു തിരിഞ്ഞു.

ഇടയ്ക്കെപ്പോഴോ ജോലിഭാരം മനസ്സിൽ തട്ടിയപ്പോൾ ഫയലുകളിൽ നിന്നും തല ഉയർത്തി ആനി സുദേവനെ നോക്കി. ആനിക്ക് അയാളുടെ ഇരുപ്പിൽ അസൂയ തോന്നി. ഇത്രയൊക്കെ സൈക്കോളജി പഠിച്ചിട്ടും തനിക്കെന്താ സുദേവനേപ്പോലെ ഇരിക്കാൻ പറ്റാത്തത്? നമുക്കുള്ളതിനേക്കാൾ മികച്ചത് മറ്റെവിടെയെങ്കിലും കാണുമ്പോൾ മനുഷ്യർക്കുണ്ടാകുന്ന ചിന്തകൾ ആനിയെയും അലട്ടി. അവൾ സുദേവനെ തിരിഞ്ഞ് നോക്കി. അയാൾ ഇരിക്കുന്ന പോലെ സീറ്റിലിരുന്നു. ചുണ്ടിൽ ചെറു പുഞ്ചിരി നിറഞ്ഞു.

ആ ഇരുപ്പിൽ ആനി ഉറങ്ങിപ്പോയി. ഉണർന്നപ്പോൾ മൂന്ന് മണി. അര മണിക്കൂറിന് മുകളിലായി മയക്കം.



'സുദേവൻ സർ, ഞാനൊന്നു മയങ്ങിപ്പോയി. ഒരു ക്ഷീണം പോലെ, കാന്റീനിൽ പോയി ഒരു കാപ്പി കുടിച്ചാലോ? എനിക്ക് മൂന്നരയ്ക്ക് ഒരു പേഷ്യന്റ് ഉണ്ട്."

അയാൾ മറുപടി പറഞ്ഞില്ല.

ചിലപ്പോൾ അയാൾ അങ്ങനെയാണ്. റിപ്പോർട്ടുകളിൽ മുഴുകിയിരിക്കും. പ്രത്യേകിച്ചും കഴിഞ്ഞ രണ്ട് ആഴ്ചയായി. ആനി അടുത്തുചെന്ന് അയാളെ തട്ടി വിളിച്ചു. അയാൾ സൈഡിലേക്ക് മറിഞ്ഞ് വീണു. അപ്പോഴും അയാളുടെ കയ്യിൽ ആ റിപ്പോർട്ട് മുറുകെ പിടിച്ചിരുന്നു.

ബയോപ്സി റിപ്പോർട്ട്. റാണി സുദേവൻ'

പ്രതിസന്ധികളിൽ എങ്ങനെ പ്രതികരിക്കണം എന്ന് ഓരോ ദിവസവും ആളുകളെ പഠിപ്പിക്കുന്ന ആനി സ്വന്തം നി ല മറന്നു പോയി. ആളുകൾ ക്യാബിനിലേക്ക് ഓടിക്കൂടുന്നത് മൂടൽമഞ്ഞിലെന്ന പോലെ അവ്യക്തമായി അവൾ കണ്ടു. മാസങ്ങളോളം ആ അവ്യക്തത തുടർന്നു.സുദേവന്റെ ശവസംസ്ക്കാരത്തിൽ പങ്കെടുത്തത് ആനിയുടെ ഓർമ്മകളി ൽ ഒരിടത്തുമില്ലായിരുന്നു. ഒരു വർഷത്തെ ലീവിനു ശേഷം തിരികെ ജോലിയിലേക്ക്. ആശുപത്രിയുടെ കവാടം കടക്കുമ്പോൾ ആനിയുടെ നെഞ്ചിടിപ്പ് കൂടി വന്നു. ആത്മവിശ്വാസത്തിന്റെ കൊടുമുടിയിൽ നിന്നും ഉത്കണ്ഠയുടെ ഗർത്തത്തിലേക്കുള്ള വീഴ്ച.

മനസ്സിന്റെ നിയന്ത്രണം തെറ്റാൻ ഒരു നിമിഷം മതി എന്ന് അനുഭവത്തിലൂടെ ആനി തിരിച്ചറിഞ്ഞിരിക്കുന്നു. എത്ര പരിശ്രമിച്ചാലും, പൂർണ്ണമായി മനസ്സിലാക്കാൻ പറ്റാത്ത അത്രയും സങ്കീർണ്ണമാണ് ഈ പ്രപഞ്ചം. അതു പോ ലെ തന്നെ മനുഷ്യ മനസ്സും, ശരീരവും. അനുഭവത്തിന്റെ തിരിച്ചറിവിൽ സ്വയം തിരുത്തിക്കൊണ്ടേയിരിക്കുന്നവർക്ക്

സ്വസ്ഥതയും, സമാധാനവും കൂടുതലായിരിക്കുമെന്ന് ആനിക്ക് തോന്നി. മഹാഭൂരിപക്ഷം ആളുകൾക്കും അനുഭവങ്ങൾ തിരിച്ചറി വുകൾ നല്കുന്ന പാഠങ്ങളാവണമെന്നില്ല എന്ന് മാത്രം.

ആനി മുറിയിലേക്ക് കയറി. കുറച്ചു ദിവങ്ങൾക്കുശേഷം രോഗികളെ കണ്ടാൽ മതി എന്നാണ് സൂപ്രണ്ട് പറഞ്ഞത്. സമയം പോകുവാനും, ജോലിയുടെ അന്തരീക്ഷത്തിലേക്ക് തിരികെയെത്താനും കഴിഞ്ഞ ആഴ്ച ഡിസ്ചാർജ് ആയ രോഗികളുടെ ഫയൽ വായിക്കുവാനും പറഞ്ഞു.

ഫയലുകൾ മേശപ്പുറത്ത് അടുക്കി വെച്ചിട്ടുണ്ട്. കണ്ണുകൾക്കൊപ്പം മനസ്സും ശരീരവും നീങ്ങുന്നില്ല. കണ്ണിൽ സുദേവന്റെ കയ്യിലിരുന്ന ബയോപ്സി റിപ്പോർട്ട് തെളിഞ്ഞു വന്നു. അവൾ അസ്വസ്ഥതയോടെ കണ്ണുകളടച്ച് കസേരയിൽ ചാരി കുറച്ച് നിമിഷങ്ങളിരുന്നു. കണ്ണു തുറന്നപ്പോൾ ആനിക്ക് തോന്നി താൻ സുദേവനിരിക്കുന്നതു പോലെയാണ് കസേരയിലിരിക്കുന്നതെന്ന്. ഓരോ ആളുകളും ജീവിതത്തിൽ നിന്നു പോയാലും ചുറ്റുമുള്ളവരുടെ ജീവിതത്തിൽ എത്രയെത്ര അടയാളങ്ങൾ അവശേഷിപ്പിച്ചു കൊണ്ടാണ് പോകുന്നത്.

ആനി ജനാലയിലൂടെ പുറത്തേക്ക് നോക്കി. പുറത്ത് ഉറുമ്പുകളുടെ ഒരു ഘോഷയാത്ര. എല്ലാവരും വരിവരിയായി പോകുന്നു. കുറച്ചുപേർ ഭക്ഷണവുമായി അവരുടെ കൂട്ടിലേക്കും കുറച്ചുപേർ ഭക്ഷണമെടുക്കുവാനും പോകുന്നു. അവിചാരിതമായി വന്ന കാറ്റിൽ പൂന്തോട്ടത്തിലെ അശോകമരത്തിന്റെ ഒരു ചെറിയ കൊമ്പ് ഉറുമ്പുകളുടെ വഴിയിൽ വീണു. കുറച്ച് ഉറുമ്പുകൾ അനക്കമില്ലാതെ കിടക്കുന്നു.

കുറച്ചു നിമിഷങ്ങളിലേക്ക് മറ്റു ഉറുമ്പുകൾ സ്തബ്ധരായി നിന്നു. കുറച്ചുപേർ കൂട്ടം വിട്ട് പല വഴിക്ക് ചിതറിപ്പോയി. ഭൂരിഭാഗം ഉറുമ്പുകളും മരണപ്പെട്ട ഉറുമ്പുകൾ അടയാളപ്പെടുത്തിയ വഴികൾ പിന്തുടർന്ന് ആ മരക്കമ്പിനു മുകളിലൂടെ പുതിയ വഴിയുണ്ടാക്കി അവരുടെ യാത്ര തുടർന്നു.

ആഴ്ചകൾ കടന്നുപോയി. ആനി തന്റെ പതിവ് ശീലങ്ങളിലേക്ക് തിരികെയെത്തി. പുതിയതായി അഡ്മിറ്റായ പേഷ്യന്റിന്റെ ഫയലുമായി അറ്റൻഡർ ആനിയുടെ മുറിയിലേക്ക് വന്നു: ശബ്ദം കേട്ട് ആനി നോക്കി. ഫയൽ മേശപ്പുറത്ത് വച്ച് ഒന്നു ചിരിച്ച ശേഷം അവർ പുറത്തേക്കിറങ്ങി. ആനിയും അവരെ നോക്കി ചിരിച്ചു. ആനി മേശപ്പുറത്ത് നിന്നും ഫയലെടുത്തു. ജാൻസി കുര്യൻ. ആനിയുടെ കണ്ണുകൾ തിളങ്ങി.

ജാൻസിയെ കാണുവാൻ വാർഡിലേക്ക് നടന്നു. നടക്കുന്നതിനിടയിൽ ആരോ തോളിൽ തട്ടി. റാണിയും, റാണിയുടെ ചേച്ചിയുമായിരുന്നു. റാണിയുടെ മുഖത്ത് വലിയ മാറ്റങ്ങളൊന്നുമില്ല. മുടി കൊഴിഞ്ഞു പോയത് പതിയെ തിരിച്ചു വരുന്നുണ്ട്. കഴിഞ്ഞ മാസം കീമോ തെറാപ്പി പൂർത്തിയായ ശേഷമുള്ള സ്കാൻ റിസൾട്ട് അറിയാൻ വന്നതാണ്.

സുദേവനെ അറിയുന്ന ഡോക്ടറായതിനാൽ ആദ്യം തന്നെ കണ്ടു. എല്ലാം ഭേദമായി എന്നാണ് പറഞ്ഞത്. പക്ഷേ ആറു മാസം കൂടുമ്പോൾ ചെക്കപ്പിന് വരണം. വെയിൽ കനക്കുന്നതിനു മുൻപ് വീട്ടിലെത്തണം എന്ന് പറഞ്ഞ് റാണിയെ ചേച്ചി ധൃതിയിൽ കൂട്ടിക്കൊണ്ടുപോയി. റാണിയുടെ കണ്ണുകൾ എന്തൊക്കെയോ പറയാൻ ബാക്കി വെച്ചു.

ജീവിതത്തിൽ എല്ലാത്തിനും സുദേവനെ ആശ്രയിച്ചിരുന്ന, വീടിനു പുറത്ത് ഒരു ലോകവുമില്ലാതിരുന്ന റാണി, സുദേവനെ നഷ്ടപ്പെട്ട ശേഷം എത്ര പെട്ടെന്നാണ് ജീവിതത്തിലേക്ക് തിരിച്ചു വന്നത്. റാണിയേക്കുറിച്ച് സുദേവൻ ചിന്തിച്ചിരുന്നതിനേക്കാൾ ശക്തയായിരുന്നു അവൾ.

വർഷങ്ങൾ കൂടെക്കഴിഞ്ഞെങ്കിലും അത് മനസ്സിലാക്കാൻ സുദേവനായില്ല. ആ അറിവില്ലായ്മ ഉത്കണ്ഠയായി മാറി സുദേവന്റെ ഹൃദയം നിലച്ചു. സുദേവൻ നടക്കുന്ന ശബ്ദം പോലും തിരിച്ചറിഞ്ഞ തനിക്കെന്തു കൊണ്ട് രണ്ടാഴ്ചയോളം അയാൾ മനസ്സിൽ കൊണ്ടു നടന്ന ആകുലത തിരിച്ചറിയാൻ കഴിഞ്ഞില്ല? സുദേവന്റെ ശബ്ദത്തിലെ ക്ഷീണം തിരിച്ചറിഞ്ഞെങ്കിലും കാരണം തിരക്കാതിരുന്നതെന്താണ്?

മറ്റുള്ളവരെ ശബ്ദിക്കാൻ പഠിപ്പിച്ച, ചെറിയ ഒരു ചലനം കൊണ്ട് പോലും ആളുകളുടെ ശ്രദ്ധ ആകർഷിക്കാൻ രോഗികളെ പഠിപ്പിച്ച സുദേവൻ സ്വന്തം ജീവിതത്തിൽ അപ്രതീക്ഷിതമായ സാഹചര്യത്തിൽ പഠിച്ചതെല്ലാം മറന്നോ? എന്തുകൊണ്ടാ ണ് അയാളിൽ നിന്ന് ഒരു ചെറു ശബ്ദം പോലും പുറത്ത് വരാതിരുന്നത്? അല്ലെങ്കിലും ഉത്തരങ്ങളേക്കാൾ കൂടുതൽ ചോദ്യങ്ങളാണ് ഓരോ ജീവിതവും ചുറ്റുപാടുകളും...



# 25 വർഷം അമ്മയ്ക്കൊപ്പം



ഷിനോയ് ചന്ദ്രൻ

*റഫീഖ് മുഹമ്മദ് എന്ന വ്യക്തിയെക്കുറിച്ച് ? ഒരു സെൽഫ് ഇൻട്രോഡക്ഷൻ പോലെ..*

സ്വദേശം നാട്ടിൽ തലശ്ശേരിയാണ്. ഇവിടെ അഡ്‌ലെഡിൽ എത്തിയിട്ട് 25 വർഷമായി.1999 മാർച്ച് 24 നാണ് ഇവിടെ എത്തുന്നത്. 2000 – ൽ നാട്ടിൽ പോയി കല്യാണം കഴിച്ചു. ഭാര്യയുടെ പേര് പർവീൻ സുൽത്താന. മൂന്ന് പെൺകുട്ടികൾ. ഐടി മേഖലയിലാണ് കഴിഞ്ഞ 20 വർഷമായി ജോലിചെയ്യുന്നത്. സ്വന്തമായി ബിസിനസ് നടത്തുന്നു.

*അമ്മ എന്ന അസോസിയേഷന്റെ ഒപ്പമുള്ള യാത്രയെപ്പറ്റി ഒരു ചെറിയ വിവരണം.*

അമ്മ ഓഫീഷ്യൽ ആയി തുടങ്ങിയത് 1999 ലാണ്. അന്നുമുതൽ അമ്മയുടെ കൂടെ തന്നെയുണ്ട്. പൊതുവേ അമ്മയുമായി എല്ലാ കാര്യങ്ങളും സഹകരണം ഉണ്ടാവാറുണ്ട് എല്ലാ കമ്മിറ്റികളും ആയി നല്ല രീതിയിൽ മുന്നോട്ടു പോകുന്നു. ഇതുവരെ ഔദ്യോഗികമായി അമ്മയുടെ ഒരു ഭാരവാഹിത്വവും ഏറ്റെടുത്തിട്ടില്ല അങ്ങനെ യൊരു

ഉദ്ദേശവും തൽക്കാലം ഇല്ല. എന്റെ ഒരു കൺസെപ്റ്റ് തന്നെ അതാണ് അതുകൊണ്ട് ബാക്ഗ്രൗണ്ട് സപ്പോർട്ട് ആണ് കൂടുതൽ.

*അമ്മയുടെ ചരിത്രം ഓർമ്മകളിൽ നിന്ന് വരുന്നത് ?*

ഞാൻ വന്ന അതേ വർഷമാണ് അമ്മയും ഇവിടെ രൂപീകരിക്കപ്പെടുന്നത്. തുടക്കകാലത്ത് ഏകദേശം 60 ഓളം കുടുംബങ്ങൾ ചേർന്ന് ഉണ്ടാക്കിയ ഒരു ചെറിയ സംഘടന പോലെയാണ് ഈ അമ്മ. അന്നത്തെ ഒത്തുചേരലുകൾ ഒരു ഫാമിലി കൂട്ടായ്മ പോലുള്ള ഒരു ഫീൽ ആയിരുന്നു.അതിൽ അറിയാത്തതായി ആരും ഇല്ലായിരുന്നു എല്ലാവരുമായി നല്ല സൗഹൃദം. ഇന്നത്തെ കാലത്ത് നമ്മൾ ചെറിയ ചെറിയ ഫാമിലി കൂട്ടായ്മകൾ നടത്തുന്ന പോലെയായിരുന്നു അന്നത്തെ അമ്മയുടെ കൂട്ടായ്മയും. ഒഫീഷ്യലായി രണ്ടോ മൂന്നോ പ്രോഗ്രാം മാത്രം സാധാരണ നടത്താറുണ്ടെങ്കിലും ഇടയ്ക്കിടെ കൂടിച്ചേരൽ പതിവായിരുന്നു.തുടക്കകാലത്ത് ഉണ്ടായിരുന്ന സണ്ണി അങ്കിൾ, പത്മനാഭൻ അങ്കിൾ, സോമനങ്കിൾ അങ്ങനെ ഒരുപാട് പേര് അന്ന് നേതൃത്വത്തിൽ ഉണ്ടായിരുന്നു. ഇതിൽ പലരും ഇപ്പോൾ ജീവിച്ചിരിപ്പില്ല.ഇന്ന് അസോസിയേഷൻ ഒരുപാട് വലുതായി. ആ വലുതാവുന്ന കൂടെ തന്നെ ഞാനും ഉണ്ടായിരുന്നു. എന്നെക്കൊണ്ട് ചെയ്യാൻ പറ്റുന്ന എല്ലാ കാര്യങ്ങളും ചെയ്യാൻ കൂടെയുണ്ടായിരുന്നു. ഇപ്പോൾ പ്രധാനമായും ഫോട്ടോഗ്രാഫി, വീഡിയോഗ്രഫി, അമ്മയു ടെ വെബ് സൈറ്റ് എഡിറ്റിംഗ് തുടങ്ങി പലതും. കഴിഞ്ഞ 20 വർഷമായിട്ട് അമ്മയുടെ വെബ്സൈറ്റ് മെയ്ന്റെൻ ചെയ്യുന്നത് ഞാനാണ്.ഇന്ന് അമ്മ അസോസിയേഷൻ ഒരുപാട് വലുതായി അറിയുന്ന ആൾക്കാരി ലും കൂടുതൽ അറിയാത്ത ആൾക്കാരായി മാറി. എന്നാലും കഴിയുന്നത്ര എല്ലാവരും ആയി പരിചയപ്പെട്ട് മുന്നോട്ടുപോകാൻ ശ്രമിക്കുന്നുണ്ട്. ഒരു സുഖമുള്ള യാത്രയാണ് അമ്മയുമായിട്ട് ഇതുവരെ ഉള്ളത്. അമ്മ വേണ്ട എന്ന് ഇതുവരെ തോന്നിയിട്ടില്ല.

> അമ്മ എന്ന സംഘടനയ്ക്ക് ആമുഖം വേണ്ടാത്ത വ്യക്തിത്വമാണ് റഫീഖ് മുഹമ്മദ്. രൂപീകരണ കാലം മുതലേ കൂടെയുണ്ടായിരുന്ന റഫീക്കയെ പുതിയ തലമുറക്കായി പരിചയപ്പെടുത്തുന്നു. സൗഹൃദ സംഭാഷണം നടത്തുന്നത് ഷിനോയ്. ഔപചാരികതകൾ ഒന്നുമില്ലാതെ റഫീക്ക നമുക്കൊപ്പം

*അമ്മ എന്ന സംഘടനയെ കുറിച്ച്?*

അമ്മ അസോസിയേഷൻ എന്നത് മലയാളികളെ ബോണ്ട് ചെയ്യിക്കുന്ന ഒരു അസോസിയേഷൻ ആണ്. 25 വർഷം ഒരു അസോസിയേഷൻ അതേ പോലെ നിലനിൽക്കുക അത് വളരുക എന്നതൊക്കെ അത്രയും ജനങ്ങളിലേക്ക് ഇറങ്ങിച്ചെന്നതിന്റെ ഫലം കൂടിയാണ്. മാറിമാറിവരുന്ന എല്ലാ കമ്മിറ്റികളും അതിന് വളർച്ചയ്ക്ക് വേണ്ട എല്ലാത്തരത്തിലുള്ള സഹായങ്ങളും ചെയ്യാറുണ്ട്. അതും ഒന്നും പെയ്ഡ് വർക്ക് ഒന്നുമല്ല എല്ലാം വളണ്ടിയർ ആയിട്ട് ചെയ്യുന്നതാണ്. വേറെ പല അസോസിയേഷനുകളും ഇതിനിടക്ക് ഉയർന്നു വന്നിരുന്നു. അമ്മക്ക് ബദലായി പോലും പല സംഘടനകളും വന്നിരുന്നു. അമ്മ ഇനി ഉണ്ടാവില്ല എന്നൊക്കെയുള്ള പ്രചാരണങ്ങൾ വരെ ഉണ്ടായിരുന്നു. പക്ഷേ അതൊക്കെ തരണം ചെയ്ത് അമ്മ പൂർവ്വാധികം ശക്തിയോടെ ഇന്നും മലയാളികളുടെ ഇടയിൽ നിലനിൽക്കുന്നുണ്ട്.

കഴിഞ്ഞ ഓണത്തിന് 1400 ഓളം ആളുകൾ പങ്കെടുത്ത വലിയൊരു പരി പാടിയാണ് സംഘടിപ്പിച്ചത്. ലോകത്തിൽ തന്നെ ഇത്രയും വലിയ gathering വളരെ കുറച്ചു മാത്രമേ ഉണ്ടാവുകയുള്ളൂ. എല്ലാ സ്ഥലങ്ങളിലും ഉദാഹരണത്തിന് മെൽബൺ, സിഡ്നിയൊക്കെ ഒരുപാട് ആൾക്കാരുണ്ട്, ഇതിലും കൂടുതൽ മലയാളികളുണ്ട്. പക്ഷേ അവിടെയൊ ക്കെ ഒരുപാട് സംഘടനകളും ഉണ്ട്. അസോസിയേഷൻ ഇതുപോലെ തന്നെ നിലനിൽക്കട്ടെ എന്ന് ആഗ്രഹിക്കുന്നു.

*ഇതുപോലുള്ള സംഘടനകളുടെ ആവശ്യകതയെ കുറിച്ച്? അത് സമൂഹത്തിൽ ഉണ്ടാക്കുന്ന മാറ്റങ്ങളെ കുറിച്ച് എന്താണ് അഭിപ്രായം?*

നല്ല കൂട്ടായ്മകൾ നിലനിൽക്കാൻ ഒരു സംഘടന എന്തായാലും അത്യാവശ്യമാണ്. അതിന് നല്ലൊരു സ്ട്രക്ചർ അത്യാവശ്യ



മാണ്. ഇപ്പോൾ തന്നെ ആൾക്കാർ ഒരുപാട് ചെറിയ ഒരു ഗ്രൂപ്പുകളായി അവരുടെ മാത്രം ലോകത്ത് ജീവിക്കുന്ന ആൾക്കാരാണ്. അവരുടെ ഒരു ഫ്രണ്ട് സർക്കിൾ മാത്രമാണ് അവരുടെ ജീവിതം. അതുകൊണ്ട് ഈ ചെറി യ ചെറിയ കൂട്ടായ്മകൾ ഒക്കെ ഉൾക്കൊള്ളുന്ന, എല്ലാവരെയും ഉൾപ്പെടുത്തുന്ന ഒരു വലിയ സംഘടന ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. സംഘടനകൊണ്ട് ഒരുപാട് നല്ല കാര്യങ്ങളുണ്ട് ഉദാഹരണത്തിന് ആർക്കെങ്കിലും അപകടം ഒക്കെ പറ്റി കഴിഞ്ഞാൽ, അതിനുവേണ്ടി കാര്യങ്ങൾ കമ്മ്യൂണിക്കേറ്റ് ചെയ്യാനും, പുതിയതായി വരുന്ന ആളുകൾക്ക് നല്ലൊരു ഗൈഡൻസ് കൊടുക്കാനും, അവർക്ക് ഇവിടെയുള്ള മലയാളി കമ്മ്യൂണിറ്റിയുമായി ബന്ധപ്പെടാനും ഒക്കെ ഇങ്ങനെയുള്ള സംഘടനകൾ അത്യാവശ്യമാണ്. പിന്നെ ഒഫീഷ്യലായി എന്തെങ്കിലും കാര്യങ്ങൾ നീക്കാൻ ഉണ്ടെങ്കിൽ ഇൻഡിവിജ്വലായി പോ കുന്നതിലും നല്ലത് ഒരു സംഘടനയുടെ പിൻബലത്തിൽ ആയിരിക്കും. അത് അങ്ങനെ തന്നെ മുന്നോട്ടുകൊണ്ടുപോണം.

*നിങ്ങളുടെ പാഷൻ എന്തൊക്കെയാണ്?*

ഏറ്റവും വലിയ ഹോബി എന്നുള്ളത് നാട് ചുറ്റി കാണുക എന്നുള്ളതാണ്. അതും ഡ്രൈവ് ചെയ്തു പോകുന്നതാണ് കൂടുതൽ ഇഷ്ടം. ഓസ്ട്രേലിയയിൽ വന്നിട്ട് 25 വർഷമായിട്ടുങ്കിലും ഡൊമസ്റ്റിക് ഫ്ളൈറ്റിൽ ഒറ്റ തവണയേ യാത്ര ചെയ്തിട്ടുള്ളൂ. അതും ഇവിടെ നിന്ന് മെൽബണിലേക്ക് ഒരു അത്യാവശ്യഘട്ടത്തിൽ മാത്രമാണ് പോയത്. അല്ലാതെ എല്ലാ സമയത്തും ഓസ്ട്രേലിയ കറങ്ങിയത് ഡ്രൈവ് ചെയ്തിട്ട് തന്നെയാണ്. ഡ്രൈവിങ്ങിന്റെ കൂട്ടത്തിൽ കാണുന്ന പല കാഴ്ചകളും ഫോട്ടോ എടുക്കും. ഫോട്ടോഗ്രാഫി ഒരു ഹോബിയായി സൈഡിലൂടെ പോകുന്നു. ഫോട്ടോഗ്രാഫി എന്നത് സെക്കൻഡറി ആണ്. ട്രാവലിംഗ് ആണ് മെയിൻ. ഇപ്പോൾ ജോലിയുടെ തിരക്കും മക്കളുടെ പഠിപ്പും ഒക്കെ കാരണം ട്രാവലിം ഗ് കുറച്ച് കുറവ് ആണ്. ഫോട്ടോഗ്രാഫിൽ തന്നെ ചില സമയത്ത് എടുക്കുന്ന ഫോട്ടോസ് ചാനൽ 7 ചാനൽ 9, എബിസി, അഡ്വൈടൈസർ പോലെയുള്ള മീഡിയ എല്ലാം എന്റെ ഫോട്ടോസ് പബ്ലിഷ് ചെയ്യാറുണ്ട്. പിന്നെയുള്ള ഹോബി എന്ന് പറയു ന്നത് ഫിഷിങ്, ക്രാബിങ് ഒക്കെയാണ്. സമയമാണ് പ്രശ്നം.

ഞാൻ വന്ന അതേ വർഷമാണ് അമ്മയും ഇവിടെ രൂപീകരിക്കപ്പെടുന്നത്. തുടക്കകാലത്ത് ഏകദേശം 60 ഓളം കുടുംബങ്ങൾ. അന്നത്തെ ഒത്തുചേരലുകൾ ഒരു ഫാമിലി കൂട്ടായ്മ പോലുള്ള ഒരു ഫീൽ ആയിരുന്നു.അതിൽ അറിയാത്തതായി ആരും ഇല്ലായിരുന്നു. എല്ലാവരുമായി നല്ല സൗഹൃദം.

> ഏറ്റവും വലിയ ഹോബി നാട് ചുറ്റി കാണുക എന്നുള്ളതാണ്. ഡ്രൈവ് ചെയ്തു പോകുന്നതാണ് കൂടുതൽ ഇഷ്ടം. ഓസ്ട്രേലിയയിൽ വന്നിട്ട് 25 വർഷമായെങ്കിലും ഡൊമസ്റ്റിക് ഫ്ളൈറ്റിൽ ഒറ്റ തവണയേ യാത്ര ചെയ്തിട്ടുള്ളൂ. അതും ഇവിടെനിന്ന് മെൽബണിലേക്ക് ഒരു അത്യാവശ്യ ഘട്ടത്തിൽ. ഓസ്ട്രേലിയ കറങ്ങിയത് ഡ്രൈവ് ചെയ്തിട്ട് തന്നെയാണ്.

*കുടുംബത്തെ പറ്റി കുറച്ച് ഡീറ്റെയിൽ ആയി പറയാമോ?*

ഭാര്യ പർവീൻ സുൽത്താന. മൂന്ന് മക്കൾ. നൂഹ, സോഹ, ഫൈഹ. നാട്ടിൽ ആണ് ബാക്കിയുള്ള ഫാമിലി മെമ്പേഴ്സ് ഒക്കെ. ദിവസവും നാട്ടിലേക്കു വിളിക്കും ഉമ്മയുമായി ഒക്കെ ഡെയിലി മണിക്കൂറോളം സംസാരിക്കും. അതുകൊണ്ട് നാടുമായിട്ടുള്ള കണക്ഷൻ അങ്ങനെ തന്നെ നിലനിൽക്കുന്നു.

*ഈ ലോകത്തിൽ നിങ്ങളെ അടയാളപ്പെടുത്താൻ അവശേഷിക്കുന്ന സ്വപ്നങ്ങളെ കുറിച്ച്.*

ഹഹ.. അങ്ങനെ പ്രത്യേകിച്ച് സ്വപ്നങ്ങൾ ഒന്നുമില്ല. വരുന്നത് വരുന്ന വഴിക്ക് കാണാം എന്നൊരു ആറ്റിറ്റ്യൂഡ് ആണ് പണ്ട് മുതലേ. ഒന്നും മുൻകൂട്ടി പ്ലാൻ ചെയ്യാറില്ല. ഇന്ന് പെട്ടെന്നൊരു സാഹചര്യം ഒത്ത് വന്നാൽ ചെയ്യാൻ പറ്റുന്നത് ചെയ്യുക എന്നല്ലാതെ സ്വപ്നവുമായി നടക്കാറില്ല.

*ഭാവിപരിപാടികൾ പ്രത്യേകിച്ച് എന്തെങ്കിലും?*

നേരത്തെ പറഞ്ഞതുപോലെ വലിയ പ്ലാൻ ഒന്നുമില്ല. പറ്റാവുന്ന കാലത്തോളം ജോലി ചെയ്യുക. കഴിയുന്ന കാലത്തോളം ആക്ടീവായി ജീവിക്കുക. അതിന്റെ കൂടെ ഇഷ്ടമുള്ള താല്പര്യമുള്ള കാര്യങ്ങളെല്ലാം ചെയ്യുക. താല്പര്യങ്ങളൊക്കെ മാറിമാറി വന്നേക്കാം ഇന്നുള്ള താല്പര്യം ആയിരിക്കില്ല നാളെ ഉണ്ടാവുന്നത്.അല്ലാതെ അങ്ങനെ ലൈഫ് അംബീഷൻ എന്ന് പറഞ്ഞിട്ടുള്ള സംഭവമൊന്നും ഇല്ല. ഉള്ളതുപോലെ ഹാപ്പി ആയിട്ട് മുന്നോട്ടുപോവുക.

*പുതിയ തലമുറയോട് പറയാൻ ഉള്ളത്?*

പുതിയ തലമുറയോട് പ്രധാനമായിട്ട് പറയാനുള്ളത് പുറത്തിറങ്ങുക. അതാണ് ഏറ്റവും മെയിൻ ആയിട്ട് വേണ്ടത്. പൊതുജനങ്ങളുമായും സമൂഹമായിട്ടും കൂടുതൽ ഇടപഴകാൻ ശ്രമിക്കുക. ഇപ്പോഴത്തെ പുതിയ ജനറേഷൻ എന്നത് അവര് ഈ ക്യാപ്സ്യൂളിനകത്ത് മാത്രമാണ് കൂടുതൽ ജീവിതം. അതിൽ നിന്നും പുറത്തു വരണം. എന്നിട്ട് ബാക്കിയുള്ള കമ്മ്യൂണിറ്റി ആയിട്ട് നല്ലവണ്ണം ഇടപഴകി ജീവിക്കാൻ ശ്രമിക്കുക. ബാക്കിയുള്ളവർക്ക് ഉപകാരം ചെയ്യാൻ പറ്റുന്ന കാര്യങ്ങളൊക്കെ ചെയ്തു കൊടുക്കുക. ഏറ്റവും പ്രധാനമായിട്ട് അവരവരിലേക്ക് ഒതുങ്ങാതെ ഇരിക്കുക. പുറത്തേക്ക് വരിക.

*ഒരുപാട് നന്ദി റഫീക്ക. ഈ തിരക്കിനിടയിലും ഇത്രയും സമയം നമ്മൾക്ക് വേണ്ടി മാറ്റി വച്ചതിനു. ആഗ്രഹങ്ങൾ ഒക്കെ സഫലമാവട്ടെ. അമ്മയുടെ കൂടെയുള്ള യാത്ര സന്തോഷത്തോടെ തുടരാൻ എല്ലാ ആശംസകളും.*

Sachin Lochanan
DIT Accredited Driving Instructor
WWCC Cleared

☎ +61 452 443 740

RoadMaster ACADEMY
Learn the art of safe driving..

OUR SERVICES
New Driver VORT Preparation
International Driver Training
Returning Driver Training
Defensive Driver Training

Automatic and Manual Car Training
One to One / Door to Door Services
Supervising Drivers Accommodated
5 Star ANCAP Safety Standard Training Vehicles

www.roadmasteracademy.com.au

# EVER VIBRANT MEMORIES



1977



1977

# 2015












# 2016













# 2017



















# 2018
















2019
















2021











# 2022














# 2023

























2023













# 2024












ILLAWARA TITANS
V COMPANY COBRAS
BRISBANE SEVENS BLACK
ADELAIDE CHALLENGERS
JOHNNIE WALKER


GOLDEN STAR SPICES
SOUTH ASIAN & PACIFIC GROCERIES
1156-1158, South Road, Clovelly Park.
Near to ALDI & CHEMIST WAREHOUSE.
0469 768 360
CHEMIST WAREHOUSE


SARAH'S EMPORIUM
PH 0431 549 500

# അവസാനത്തെ പെൺകുട്ടി




ജിൻഷ



സമാധാനത്തിന്റെ നൊബേൽ പ്രൈസ്
നേടിയ നാദിയ മുറാദിന്റെ തടങ്കലിന്റെയും
ഐസിസ് വിരുദ്ധ പോരാട്ടങ്ങളുടെയും കഥ.

ഞാൻ നടക്കുകയായിരുന്നു
എന്റെ പുറകിൽ നിഴലുകൾ കിഴക്കോട്ട് നീളുകയും പിൻവിളികൾ
ഉണർന്നസ്തമിക്കുകയും ചെയ്തു.
എന്റെ കാൽപാദങ്ങൾക്കിടയിൽ ഋതുക്കൾ മാറി മാറി വന്നു.
ദൃഷ്ടികളെ ചലിപ്പിക്കാതെ ഞാൻ ലക്ഷ്യമില്ലാതെ എന്റെ ലക്ഷ്യത്തിലേക്ക് നടന്നു.
ദൂരെ ഞാൻ കണ്ടത് എന്റെ തന്നെ ശവമഞ്ചമായിരുന്നു.
എന്റെ ഹൃദയം ഒരേ സമയം വേഗത്തിലാവുകയും നിലയ്ക്കുകയും ചെയ്തു.
എന്റെ പുറകിൽ നിലവിളികൾ ഉച്ചത്തിലായി.
എന്നാൽ,
ഞാൻ കണ്ടത് എന്റെ ചുറ്റും നിറയുന്ന ഇരുട്ടും
കേട്ടത് അഗാതമായ നിശബ്ദതയും മാത്രമായിരുന്നു.
ആ നിശബ്ദമായ ഇരുട്ടിൽ ഞാൻ എന്റെ പൊക്കിൾക്കൊടിയുടെ മണമുള്ള
ആ പെട്ടിയിലേക്ക് പതിയെ കണ്ണുകളടച്ച് കയറി കിടന്നു.

# I Remain Strong



Gadin Nair

The dream may fade away
The quiet may break me
And life may turn gray
But my mind won't surrender

Troubles may make me weak
Emotions may make me weep
And dejection may hurt me in my sleep
But my mind won't surrender

Mistakes may come
I may feel glum
My body in pain, may feel numb
But my mind won't surrender

The challenges I face may be hard
In the end, I may be scarred
Failure may try to overcome me
but I keep my guard
As I will never give up and
always remain strong.

# ADELAIDE DRIVING ACADEMY

ADA

ADELAIDE DRIVING ACADEMY

www.adelaidedrivingacademy.com

Call Now : 0422 375 538 / 0430 430 590

We Assure Quality & Professional Training for Safe and Confident Driving

# Date Night
## (ഡേറ്റ് നൈറ്റ്)





സുമി അനിരുദ്ധൻ

ഏറ്റവുമടുത്ത് എന്നാണ് ഞാൻ
നിന്നെ കണ്ടിട്ടുള്ളത് ?
ഒരുപാട് വർഷങ്ങൾക്കു മുമ്പ്
പ്രണയം നിറഞ്ഞു നിന്നു പെയ്യുന്ന
ദിവസങ്ങളിൽ നിന്റെ കണ്ണിലേക്ക്
നോക്കി നിൽക്കുമ്പോഴോ ?

അതോ

ഏറ്റവും കടുത്ത മനോവേദനയിൽ
മുറിവിന്റെ ആഴങ്ങളിൽ നിന്ന്
വാർന്നൊഴുകുന്ന രക്തത്താൽ
നനഞ്ഞുനിന്ന എന്നെ
നീ ചേർത്തു പിടിച്ചപ്പോഴോ ?
പോകെപോകെ ജീവിതം ഏറ്റവും
ആഴങ്ങളിലേക്ക് , ഇടുങ്ങിയ ഊടുവഴികളിലേക്ക്
ഞെരുങ്ങിയമർന്ന നിമിഷങ്ങളിൽ –
ഒരു കൈയ്യകലെ നീയുണ്ട് എന്ന
ഓർമ്മപ്പെടുത്തലിലോ ..

എവിടെയാണ് ഞാൻ നിന്നെ
ഏറ്റവും അടുത്ത് ,
ഞാനും നീയുമെന്ന വേർതിരിവില്ലാതെ
കണ്ടത് ?

ഒരുമിച്ചിരുന്ന് കാപ്പി കുടിക്കാം
എന്നു പറഞ്ഞ നിമിഷങ്ങളിലെല്ലാം
നമ്മൾ നാളെയെക്കുറിച്ച് വ്യാകുലപ്പെട്ടു.
ഇന്നലെയെക്കുറിച്ച് പഴിപറഞ്ഞു...
തണുത്തുപോയ കാപ്പി കാറ്റിലൊഴുക്കി...
ഒരു കടൽ സ്നേഹമുണ്ടായിട്ടും
തുഴഞ്ഞെത്താനാവാത്ത
രണ്ടു ഭൂഖണ്ഡങ്ങളായി നമ്മൾ രൂപാന്തരപ്പെട്ടു.

നിന്നോളം എന്നെ മറ്റാരും അറിഞ്ഞില്ല
എന്നിട്ടും കണ്ടെത്താനാവാത്ത ഭൂഗർഭത്തിൽ നിന്നും
ഞാൻ നിരാശയുടെ, വേദനയുടെ, ഇരുളിന്റെ
നിറങ്ങൾ തേടിയലഞ്ഞു..
തോൽവിയുടെ, കുറ്റങ്ങളുടെ,
കുറവുകളുടെ, പേടിയുടെ, ഒറ്റപ്പെടലിന്റെ
ഏറ്റവും ആഴങ്ങൾ കണ്ടു
തീർന്നപ്പോൾ

എന്റെയുള്ളിൽ ഒരു പുതിയ നാമ്പു കിളിർത്തു.
ഇന്നിന്റെ മാത്രം നിമിഷങ്ങളിൽ ജീവിക്കാൻ

അതിന് എന്റെ ജീവനും ചോരയും നീരും
നൽകി... സമയവും പ്രതീക്ഷയും സ്നേഹവും നല്കി.


എന്റെ മുന്നിൽ പുതിയ ഒരു ലോകം തുറന്നു
അന്നു ഞാൻ നിനക്കരികിൽ ഇരിക്കുകയായിരുന്നു

വർഷങ്ങൾ ഇത്രയായെങ്കിലും ഒരു
ഡേറ്റിന് കൊണ്ടു പോകണമെന്ന് ഞാൻ
ഇതിന് മുമ്പ് വാശിപറഞ്ഞത് ഓർമ കാണണം

നിറയെ വെള്ളിവെളിച്ചം വീശുന്ന
റാന്തലുകൾ നിറഞ്ഞ ഒരിടം–
ഞാനും നീയും അത്രയും അടുത്തായിരുന്നു
ഇതിനു മുമ്പൊരിക്കലും കണ്ടിട്ടില്ലാത്തത്രയും
അടുത്ത്...,

നിന്റെ ഹൃദയം അത്രമേൽ എനിക്ക്
തൊട്ടറിയുന്ന നിമിഷം,
ഹൃദയത്തിലെ ഓരോ ചലനവും ചിത്രങ്ങളായി
ഇസിജി മെഷിനിൽ തെളിഞ്ഞു വന്നു
കൊണ്ടേയിരുന്നു.
പശ്ചാത്തല സംഗീതം പോലെ ആംബുലൻസിന്റെ
സൈറൻ
ഏത് ആവശ്യവും നിറവേറ്റാനെന്ന പോൽ
ആംബുലൻസ് ക്രൂ
നിന്റെ വിരലുകളിൽ തൊടുമ്പോൾ
ആദ്യമെന്ന പോൽ ഞാൻ ഓരോ കോശത്തെയും
അറിഞ്ഞു
നിന്റെ മുടയിഴകളിൽ വിരലോടിക്കുമ്പോൾ
മുടികൾ പൊഴിഞ്ഞു തുടങ്ങി തലയോടു കണ്ടു
തുടങ്ങി.
തൊലിയുടെ നിറം മങ്ങിത്തുടങ്ങി...
നിന്റെ ഹൃദയം ഇത്രമേൽ അടുത്ത്
അത് സ്നേഹം കൊണ്ടു നിറഞ്ഞു കവിയുന്നത്
എനിക്കു കാണാമായിരുന്നു...
ഇത്രയും അടുത്തു നീയുണ്ടെന്ന്
ഞാനറിയുന്നു.
നീയും ഞാനുമെന്ന വേർതിരിവില്ലാതെ...

# OBITUARY



Mr. Samuel George (86)
Left us on 17 May 2024



Mrs. Vasantha Padmanabhan (89)
Left us on 30 March 2024

# FROM BACKYARD CRICKET TO AUSTRALIAN U16S



Maanas Divya Bejoy



## SURAJ RAJESH'S STORY OF CRICKETING GREATNESS:

22-year-old cricketing sensation Suraj Rajesh talks to Pravasi Magazine about his journey from backyard cricket through to the state level. Suraj, whose parents Rajesh and Sujitha hail from Thalasseri and Udupi speaks with great eloquence regarding the role of his Indian background in prospering his love for the game.

We also touch on many of his unique insights regarding the sport's popularity in Australia, how the modern game is coached and the importance of simplicity and fitness not just within cricket but life in general.

*Soo first and foremost, I'd just like to ask how you first entered the game of cricket. Was cricket always as much of a priority as it is now or were there other sports and extra curriculars you were involved in?Also, as a small side question what Is the highest level of cricket you've played in?*

"I first entered cricket when I was 4 or 5 years old just through some small clinics scattered across Adelaide. As an Indian it's also something you grow up with

and are surrounded by. I would play cricket almost all the time when I visited India, making my cousins, uncles, aunties and grandparents throw me the ball.

Much like the rest of the country I would also have cricket running on the tv near constantly. When it comes to other sporting interests, throughout my primary school years, I also played a bit of soccer for my school. It was when I was around 10-11 years old that I started playing cricket for my local community club called Marion Cricket club and then moved on to play district cricket for Southern Districts.

As I got older cricket eventually became my main sport and I've just been playing the game ever since. In terms of the highest level I've played, I've I played a couple games for Australia U16s against Pakistan U16s and was also recently a part of a 2nd XI's game for South Australia."

I've just tried to put my focus on enjoying my cricket and just focus on the game's I'm playing for Adelaide Cricket club instead of looking too far ahead into the future. If higher honours come along that's great but for now what matters to me is taking it, one game at a time and doing well at the level I'm currently at.

*Are you at a stage where you're beginning to think of cricket as a feasible future career pathway?*

"It's something that's always been in the back of my mind, but recently I've just tried to put my focus on enjoying my cricket and just focus on the game's I'm playing for Adelaide Cricket club instead of looking too far ahead into the future. If higher honours come along that's great but for now what matters to me is taking it, one game at a time and doing well at the level I'm currently at."

*287 matches, 5633 runs averaging 25 with a top score of 157. Not to mention 72 wickets and a best of 4-13. Now with those stats do you see yourself as a batting allrounder and if so, what are your favoured positions and why?*

"A lot of those wickets would have been from when I was much younger, because honestly, I don't know how to ball anymore. So yeah, I've given up my bowling for good and now my main focus is just on opening the batting for Adelaide Cricket Club and performing to the best of my ability."

*Compared to 2017/2018 when you were averaging 10/11 wickets a season, this year I believe you've only bowled the one over against Glenelg. Do you think there's been a change in how the game's been coached and a gradual reduction in the number of batsmen that also bowl?*

"I think that's a tough one, you grow up both bowling and batting and then as you get older you naturally develop a greater skill for one over the other and I think that's where people choose to either be a bowler or a batter. Injury is also a factor

where if you're a really good batter, sometimes your coaches will tell you it's not worth working on your bowling. Particularly if it's not the best. However, I don't think there's any change in terms of coaching people into one skill. I think there's still plenty of space for allrounders in our game."

*Who were your inspirations growing up, was it the case that you looked up towards fellow south Asian or Malayali crickets such as Usman Khawaja and Sanju Samson?*

"I don't think there was anyone in particular growing up. It was just always having cricket in the background and growing up around cricket that really got me hooked into the game. I really can't recall any role model in particular. Just like any other Indian of course I love watching Kohli bat but I really can't name anyone else in particular."

*What is the selection system currently in place in Australian cricket, how does one slowly climb the ranks from club cricket where all of us start all the way through to the professional game?*

"I think most district clubs will hold trials for people to attend and see if there good enough to play that step higher. From there, it really is all performance based



and if your scoring runs consistently, you're more than likely to be picked for higher honours or to go up a grade. I think cricket's a great game in that it's simple, batters score runs and bowlers take wickets. If you're performing consistently in either department then you go up."

*You talk about how simple cricket is, do you think maintaining a sense of simplicity has always been a key to your success?*

"I think it's very easy to over analyse your technique and your thoughts, especially when you have a few low scores, just over analysing, trying to find answers that aren't there. But I think when I've been at my best it's just been a matter of staying relaxed, keeping it very simple and trying not to look too far ahead. A team you genuinely enjoy playing for also makes that a lot easier, when you know you're not having to prove to anyone there that you belong at that level, a team where you feel like you're just going out there and having fun with 10 other mates."

**Cricket really is all performance based and if your scoring runs consistently, you're more than likely to be picked for higher honours or to go up a grade. I think cricket's a great game in that it's simple, batters score runs and bowlers take wickets. If you're performing consistently in either department then you go up.**

*You often see BBL players play at the Grade and District level as well, there have been players who've played for Woodville, I also think of someone like Cameron Valente who's played for Port Adelaide. How big is the jump from facing regular grade cricketers to those who've had experience playing the next level up?*

"I think with T20 now, there are many T20 completions around Australia now where people go and play and get their names recognised. I've actually played with Cam at the Adelaide cricket club, also Ben Manenti who plays for Italy and the Strikers. It was definitely a big step up playing those guys that are professionally contracted. Mainly it's that they're most consistent with what they do. There is much less of a margin for error when you're facing them in the opposition. With they're bowling they're much less likely to give you a bad ball and with they're batting any bad ball you ball is almost certain to go to the boundary."

*What do you think you're most memorable performance was and why?*

"It'll definitely have to be my first 100 of this year against Northern Districts, mainly because it was a very low scoring game. I got a 100 off 200 odd balls, batting for most of the day. There was a good 9th wicket stand from the opposition that took them very close to our total. So, I think that innings was defi-

nitely the most memorable, particularly since it was my first A Grade 100 and it was a long time coming as well. The self-belief that I could score at that level was always there but for It to kick into gear and actually happen was incredible. It was a moment where I was able to prove to myself that I was certainly good enough to play at that level.

*Has the cricket, work and education balance been a struggle for you at any point? And what advice would you give to young cricketers about how to mange these different facets of their lives?*

It definitely was a struggle through high school to balance school, work and homework. At the time I also trained around 4 times a week with various different teams. I think for kids growing up It really is about keeping organised and making the best use of your time, there really isn't much more to it than trying to keep on top of your workload. Especially when you're training that many times a week, it' something that no one can really teach, one has to learn for themselves and make some mistakes along the way. Cricket is important don't get me wrong, but at that stage in your life studies are probably more important and as long as you're enjoying your cricket while you're playing it, that's what probably matters the most."



*Would you say studies whether it be University or high school should always be your first priority and that cricket should always only come second?*

"Potentially. I do think it's possible to prioritise both, but what's important is that you don't mix them together. It's mainly about having your time to switch off from both. So, when your joining cricket training, you're a 100% about cricket

training. Trying to learn, trying to get better and you're not thinking about studies. Likewise, while you're studying you shouldn't be worrying about cricket."

*We often hear that cricket is the national sport and that the Australian captain is more important than the Prime Minister. However, in my own experience throughout high school I saw many more people choosing to play soccer or footy over cricket. Do you think the sport is declining in popularity and is there a way to get more young people to play the game?*

"I don't think it's declining, but I do think there's perhaps less juniors coming through the ranks as there were previously. Potentially, I think mainly just due to a lack of advertisement. Perhaps there needs to be more emphasis on entry level cricket or grass roots cricket. To try and really get more young people into the game, because that's how I started my journey, just playing milo cricket or kanga cricket at around that primary school age. Maybe there is a decline as you're saying but I really don't think it's anything too significant."

I do think there's perhaps less juniors coming through the ranks as there were previously. Potentially, I think mainly just due to a lack of advertisement. Perhaps there needs to be more emphasis on entry level cricket or grass roots cricket. To try and really get more young people into the game, because that's how I started my journey

*With playing cricket a high level comes the need for travel, I'm aware some enjoy it and others don't, have you enjoyed it and what's the best travel experience you've had with cricket?*

"I would've travelled a lot when I was younger playing state cricket, definitely not as much now. The best part of it was going away with your teammates and just enjoying they're company for a week because when you're young you really don't get much opportunity to travel alone. In the end I think that's the best part of it, just enjoying the experience and having fun with some mates!!"

*When you talk to some who've played district or state level in India they talk of the high fitness requirements, needing to hit 12 on the beep test to even be considered for a club. What are the fitness requirements like in Australian cricket?*

Growing up playing community and district cricket here, there really isn't a large emphasis on fitness. It was only when I started playing U17s and U19s state cricket, that here was a bit more focus on fitness, that really introduced everyone to a gym or running program.

They did a 2km time trial, where you run 2km as fast as you can. Personally, I never thought they wouldn't pick you just because you ran the run slow, but it was more of an assessment to see where you were fitness wise. Particularly, during pre-season it was an assessment of your commitment to the game, to see whether or not you were actually improving or the same level as you were the previous season.

Also, as I've grown up over the past few years, I've worked very hard on the physical side of the game as well and that's not just for cricket but for life in general. Even if you're not playing a sport, it's important to keep healthy and fit. It can be as simple as trying to stay consistent with a few runs a week and keeping a regular gym schedule as well and that's really helped but I think getting exposed to those fitness standards and tests a few years ago really helped build my desire to maintain my fitness."

*Suraj's story at first glance may seem like that of any other young sporting aspirants within our community. Being brought into the game through Milo cricket and local community clubs. However, with each question a portrait of dedication and passion for the game emerges.*

*From humble beginnings in in Adelaide's clinics to the grand stages of Australia's U16s sides, cricket's allure has remained steadfast throughout his life. Simplicity and finding enjoyment in the game also emergeas the corner stones of his success. A focus on taking it one ball at a time for his Adelaide grade side instead of thinking too far ahead to his state cricket prospects is where Suraj has found his success.*

**From humble beginnings in in Adelaide's clinics to the grand stages of Australia's U16s sides, cricket's allure has remained steadfast throughout his life. Simplicity and finding enjoyment in the game also emergeas the corner stones of his success.**

*This too is a lesson for many youngsters, to not overanalyse and over criticise one's own technique and to instead try find enjoyment in the game regardless of how high a level one is playing. Though the club and district levels of the sport are dominated by south Asians, Suraj is one of only a handful of south Asian cricketers and perhaps the only south Australian Malayali cricketer that has scaled the system to reach higher honours.*

*One hopes that the success he's found in recent years paves the path for many more in our community to follow in his footsteps in the coming years.* ■


BEST PRICE & SERVICE ARE GUARANTEED FOR ALL YOUR
TRAVEL NEEDS
PHOENIX
malaysia
SriLankan
Batik air
Emirates
QATAR
scoot
ETIHAD
PLEASE CONTACT
POLY PARAKADAN
0431 257 797
poly@phoenixtravelaustralia.com
IATA


0431 729 225
Modern Curtain
DESIGNS
468 A, MAIN NORTH ROAD, BLAIR ATHOL, SA 5084
468
Modern Curtain
M. 0431 729 225


JERIN SAVIOUR 0474 112 867
JITHIN XAVIOUR 0493 964 970
SHAUN WHITE 0401 012 442
WAREHOUSE 204 Seacombe Rd Seaview Downs SA 5049
DISPLAY SHOWROOM 468A Main North Road Blair Athol SA 5084
Wall Panelling
Wall Panelling | Flooring | Acoustic Panels
Marble Look-a-like Sheets |Ready Made Toilets


ELEGANT TRENDS
LEHENGA | KURTA | SAREE | READY-MADE BLOUSE |
JEWELLERY | KERALA SAREE | KIDS CLOTHING
FOR MORE INFO, REACH US THROUGH OUR SOCIAL MEDIA PAGES, PHONE OR EMAIL:
ELEGANTTRENDS23@GMAIL.COM
+61 494 050 878
FB: ELEGANT TRENDS
INSTA: _ELEGANTTRENDS
ELEGANT TRENDS



സെൽവിൻ മാത്യു
കവലയ്ക്കൽ

സിങ്കപ്പൂർ എയർലൈൻസിന്റെ ഇക്കണോമി സീറ്റിൽ പ്രകാശ് ജോസഫ് പുറകോട്ട് ചാഞ്ഞൊന്ന് അമർന്നിരുന്നു. അഡലെയ്ഡിലേക്ക് ഇനി ആറര മണിക്കൂർ ട്രാവൽ ടൈം മുൻപിലെ ഡിസ്പ്ലേയിൽ തെളിഞ്ഞു നിന്നു.

വല്ലതും കഴിക്കാൻ കിട്ടിയാൽ കൊച്ചി സിങ്കപ്പൂർ യാത്രയുടെ എല്ലാക്ഷീണവും ഈ കണക്ഷൻ ഫ്ളൈറ്റിൽ ഉറങ്ങി തീർക്കണം എന്നോർത്തു പ്രകാശ് കണ്ണുകൾ വെറുതെ അടച്ചു.

കോവിഡ് കാലത്തിനുശേഷം ആണെന്നു തോന്നുന്നു ഒരു നിരയിൽ മൂന്നു വീതം ഒൻപത് സീറ്റുകളാണ് നേരത്തെയുള്ള എട്ടു സീറ്റുകൾക്കു പകരം ഇപ്പോൾ വിമാനത്തിൽ കാണുന്നത്. യാത്രയുടെ സുഖസൗകര്യങ്ങൾ കുറയുകയാണ്, അതോടൊപ്പം ചിലവുകൾ കൂടുകയും. ട്രാൻസിറ്റ് ഫുഡ്കോർട്ടിൽ കാവേരി റസ്റ്റോറന്റിലെ ചായക്ക് ചൂട് കുറവായിരുന്നെങ്കിലും ബില്ലിന് നല്ല ചൂടുണ്ടായിരുന്നു.

രണ്ടു വർഷത്തിനുശേഷമുള്ള അവധിക്കാലത്തിന്റെ ബാക്കിയാണ് ഇപ്പോഴുള്ള ഈ യാത്രാ മടക്കം.

അച്ചാച്ചനും അമ്മച്ചിക്കും നല്ല സങ്കടമുണ്ടായിരുന്നു വീട്ടിൽ നിന്ന് സ്തുതി പറഞ്ഞിറങ്ങിയപ്പോൾ. എല്ലായ്പ്പോഴും തീക്ഷ്ണമായി പ്രകാശിക്കുന്ന അച്ചാച്ചന്റെ കണ്ണുകൾ ഇപ്രാവശ്യം എന്തോ ഒരു ആർദ്രഭാവം ഉള്ളതുപോലെ എനിക്ക് തോന്നിയതാണോ ആവോ. ആ ചുണ്ടുകൾ പോകണ്ടടാ മോനേ എന്ന് പറയാൻ വെമ്പുന്നതുപോലെ തോന്നിച്ചുവോ. അമ്മച്ചിക്ക് പിന്നെ എന്നും ഒരു ദൈന്യഭാവമാണല്ലോ, അതങ്ങിനെ തന്നയേ എല്ലായ്പ്പോഴും ഇരിക്കൂ.

# പകൽക്കിനാവുകൾ



അവരുടെ സ്നേഹത്തിന്റെയും കാത്തിരിപ്പിന്റെയും ആകാംഷ നേരിട്ടറിയുവാനാണ് തന്റെ ആദ്യത്തെ തിരിച്ചു വരവ് ആരെയും അറിയിക്കാതാക്കിയത്.

റൂംമേറ്റ് സാജനും ജോബിനും മാത്രമാണ് പ്രകാശ് നാട്ടിൽ ചെല്ലുന്ന വിവരം അറിയാമായിരുന്നത്. എയർപോർട്ടിൽ നിന്നും പാതിരാത്രി രണ്ടുമണിക്ക് വീടിന്റെ ബെൽ അടിച്ചപ്പോൾ, അപ്രതീക്ഷിതമായി തന്നെ കണ്ടപ്പോളുണ്ടായ വീട്ടുകാരുടെ വികാരത്തിനൊന്നും ഒരു പേരും ഇടാൻ സാധിക്കാത്തതായിരുന്നു. മുന്നിൽ കാണുന്നത് സ്വപ്നമോ മിഥ്യയോ അതോ യാഥാർത്ഥ്യമോ എന്ന് തിരിച്ചറിയാൻ അച്ചാച്ചനും അമ്മച്ചിയും അനിയൻ ആകാശും നന്നേ പണിപ്പെട്ടു. സ്നേഹപ്രകടനങ്ങളുടെ എന്തൊരു തിരത്തള്ളലായിരുന്നു അന്നാ രാത്രിയിൽ. അച്ചാച്ചനെ കെട്ടിപ്പിടിച്ചപ്പോൾ അന്നാ കണ്ഠം ഇടറുന്നത് രണ്ടാമതും കാണാനായി. ആദ്യം കണ്ടത് മാസ്റ്റേഴ്സ് പഠിക്കാനായി അഡലെയ്ഡിനു ആദ്യമായി പോയപ്പോളായിരുന്നല്ലോ. അമ്മച്ചിയുടെ വാവിട്ടുള്ള കരച്ചിൽ സന്തോഷത്തിന്റേതു മാത്രമായിരുന്നെന്ന് ആ പിടി വിടാതെയുള്ള കെട്ടിപിടുത്തത്തിൽ അനുഭവിച്ചറിയാമായിരുന്നു. അനിയൻ ആകാശങ്ങനെ സ്തബ്ധനായി നിന്നു പോയി. തലേന്നു വൈകിട്ടുകൂടി ഫോണിൽ സംസാരിച്ച ചേട്ടൻ ദേ മുമ്പിൽ. ചെറിയൊരു പരിഭവം ആ കണ്ണുകളിൽ മിന്നിയോ എന്തോ. എപ്പോൾ വന്നാലും ആപ്പിൾ വാച്ച് കിട്ടണം എന്ന ഡിമാന്റിലിരിക്കുന്നവന്റെ പരിഭവ

ത്തിനെന്ത് നീളമുണ്ടാകാനാണ്. പ്രകാശ് സ്വയം ഊറിച്ചിരിച്ചു. ക്യാബിൻ ക്രൂ തട്ടി വിളിച്ചപ്പോൾ ബ്രേക്ക് ഫാസ്റ്റ് തരാൻ ആണെന്നു വിചാരിച്ചു. നല്ല ഒരു പായ്ക്കറ്റിൽ കുറച്ചു കടലയും ഒരു ടിഷ്യൂ പേപ്പറും കിട്ടി. ഇതുകൊണ്ടെന്താകാൻ.

നല്ല വിശപ്പുണ്ട്, രാത്രി കൊച്ചിൻ എയർപോർട്ടിലെ വെജിറ്റേറിയൻ റെസ്റ്റോറന്റിൽ നിന്നും ഒരു മസാലദോശ കഴിച്ചതാണ്. ബ്രേക്ക് ഫാസ്റ്റ് കിട്ടാൻ ഇനിയും താമസിക്കുമായിരിക്കും. ഇത്രയും ഓർത്തില്ല അല്ലായിരുന്നേൽ ആ ബർഗർ കിംഗിൽ നിന്നും വല്ലതും വാങ്ങി കഴിച്ചാൽ മതിയായിരുന്നു. ഇനി അതോർത്തിട്ട് കാര്യമില്ല. കണക്ഷൻ ഫ്ളൈറ്റ് ആയിരുന്നതുകൊണ്ട് സിങ്കപ്പൂരിൽ ഓടിപ്പിടുപിടിത്താണ് ഫ്ളൈറ്റ് മാറിക്കയറിയത്. വിശപ്പുള്ളതിനാൽ ഒന്നു മയങ്ങാമെന്നു വെച്ചാലും നടക്കുമെന്ന് തോന്നുന്നില്ല.

ഈ വർഷം ഇനി എന്തൊക്കെ വിശേഷങ്ങളാണ് വരാനും പങ്കെടുക്കാനും ഇരിക്കുന്നത്. 'അമ്മ'യുടെ ഓണം ഇപ്രാവശ്യം നന്നായി മുണ്ടും ജുബ്ബയുമൊക്കെ ഇട്ടൊന്നാഘോഷിക്കണം. കഴിഞ്ഞ പ്രാവശ്യം ആദ്യമായി നാട്ടിൽ നിന്നു വന്ന ഉടനേ ആയിരുന്നതുകൊണ്ട് വേഷം ഒരു സുഖമായില്ല. ഷർട്ടും മുണ്ടും ഉണ്ടായിരുന്നുവെങ്കിലും മറ്റുള്ളവരുടെ വേഷവിധാനങ്ങളുടെ മുമ്പിൽ അത്ര ഒത്തില്ല. അതുകൊണ്ട് ഇപ്രാവശ്യം നല്ല അലക്കി തേച്ച ഡ്രെസ്സ് പ്രത്യേകം പായ്ക്ക് ചെയ്ത് പെട്ടിയിൽ വച്ചിട്ടുണ്ട്. ചെണ്ടവാദ്യം വേണമെങ്കിൽ പഠിക്കാൻ പോകാമെന്നു ഈയിടെ ജോബിൻ പറയുന്നത് കേട്ടു. പറ്റിയാൽ അതും ഒന്നു നോക്കണം. ഒരു രസമായിരിക്കുമല്ലോ അതും.

നാട്ടിൽ ചെണ്ടമേളത്തിനു തുള്ളി മറിയാൻ മാത്രം അറിയാവുന്ന തനിക്ക് ചെണ്ട കൊട്ടാനും പറ്റുമെന്നറിയിക്കുമ്പോളുള്ള വീട്ടുകാരുടെ കൗതുകം പ്രകാശ് ഭാവനയിൽ കണ്ടു. അതുപോലെ ഈസ്റ്റർ, ക്രിസ്തുമസ്സ് എല്ലാം ആഘോഷങ്ങളാണല്ലോ അവിടെ...ഇനിയെന്നായിരിക്കും വീണ്ടുമൊരു നാട്ടിൽ പോക്ക്. അടുത്ത വർഷവും പറ്റിയാൽ പോകണം. എന്തൊക്കെയായാലും ഹരിതാഭം നിറഞ്ഞ തന്റെ നാട്ടിൻപുറം ഇപ്രാവശ്യം വീണ്ടും കണ്ടപ്പോൾ തന്നെ മനസ്സും ശരീരവും ഉന്മേഷംകൊണ്ട് നിറഞ്ഞു തുളുമ്പിപ്പോയി.



താൻ പഠിച്ച സ്കൂളിന്റെ ഗ്രൗണ്ടിലൂടെ പള്ളിയിലേക്കുള്ള എളുപ്പവഴി താണ്ടിയപ്പോൾ പഴയകാല ഓർമകളുടെ ഒരു ഘോഷയാത്ര തന്നെയായിരുന്നു മനസ്സിൽ.

എത്ര സുന്ദരമായിരുന്ന കാലമായിരുന്നു അതൊക്കെ. ഒരിക്കലും തിരിച്ചു കിട്ടാനാകാത്ത അസുലഭ നിമിഷങ്ങൾ...

ടോയ്‌ലറ്റിൽ പോകാനായി അടുത്തിരുന്ന വൃദ്ധദമ്പതികൾക്ക് എഴുന്നേറ്റ് കൊടുക്കേണ്ടി വന്നപ്പോൾ സീറ്റുകൾക്കിടയിലൂടെ ചെറുതായി അങ്ങോട്ടും ഇങ്ങോട്ടും ഒന്നു നടന്നു നോക്കി. ദൂരയാത്രയുടെ ഭാഗമായി കാലിനു ചെറിയ നീരുണ്ടോ എന്നൊരു സംശയം ഇല്ലാതില്ല. ബ്രേക്ക് ഫാസ്റ്റ് ആണെന്ന് തോന്നുന്നു ട്രോളിയുമായി അംഗനമാർ രണ്ടുപേർ വരുന്നുണ്ട്.

ഒരുമാസം നാട്ടിലെ പുട്ടും കടലയും ദോശയും ചമ്മന്തിയുമൊക്കെ രാവിലെ കഴിച്ചിട്ട് ഇനി തണുത്ത ബണ്ണും ചീസും ഒക്കെ കഴിക്കണമല്ലോ എന്നോർത്ത് ഒരു വല്ലായ്മ തോന്നിയെങ്കിലും വിശപ്പിന്റെ വിളിയിൽ അതെല്ലാം ഒലിച്ചുപോയി. ഇയർഫോൺ കണക്ട് ചെയ്തു ഡിസ്പ്ലേയിൽ ഒന്നു പരതി നോക്കി. വാരണം ആയിരത്തിലെ തമിഴ് പാട്ട് പ്ലേ ചെയ്തു തലയൊന്നുയർത്തി മുകളിലേക്ക് നോക്കിയപ്പോൾ എയർ കോൺവെന്റിലൂടെ തഴുകിയിറങ്ങുന്ന തണുപ്പിന്റെ അലകൾ തന്റെ നെറ്റിയിൽ ചിത്രരചന നടത്തുന്ന പ്രതീതിയാലാണുവെന്ന് തോന്നിയതാണോ ആവോ!!


എത്രപെട്ടെന്നാണ് രണ്ടു വർഷത്തെ ഉപരിപഠനം കഴിഞ്ഞു പോ



യത്. വന്ന ആദ്യസമയത്ത് കുറച്ചു കഷ്ടപ്പെട്ടുവെങ്കിലും പഞ്ചാബിയായ ഗുർദീപ്സിംഗിന്റെ കൂടെ കർട്ടൻ ജോലിക്കു പോകാനായത് വലിയ ഒരു ഭാഗ്യമായിപ്പോയി. ആ കൂടെ ഗ്ല ാസ്സ് ജനാലകളും വണ്ടികളുടെ ജനാലകളുടെ ടിന്റിങ് ജോലികൂടി ഒറ്റയ്ക്ക് ചെയ്യാൻ തുടങ്ങിയപ്പോൾ ഒരു ബുദ്ധിമുട്ടും കൂടാതെ കാര്യങ്ങൾ നീങ്ങിതുടങ്ങി. ആദ്യം തുടങ്ങിയത് ക്ലീനിംഗ് ജോലിയായിട്ടായിരുന്നവല്ലോ ഇന്നിപ്പോൾ കൂട്ടുകാർ കൂടി ഒരു ക്ലീനിംഗ് കമ്പനി സ്വന്തമായിട്ടുണ്ട്. സ്വപ്നം പോലും കാണാനാകാത്ത വളർച്ച. പ്രകാശിന് സ്വന്തം കഴിവുകളെ പ്രശംസിക്കാതിരിക്കാൻ മനസ്സു വന്നില്ല. ബിസിനസ്സിൽ ഭാഗ്യമുണ്ടേൽ വെച്ചടി വെച്ചടി കയറ്റത്തിന് നേരമധികം വേണ്ടാ എന്ന് മത്തായി കൊച്ചപ്പൻ എപ്പോഴും പറയുന്നത് ഓർത്തുപോയി. നാട്ടിൽ തടികച്ചവടത്തിന്റെ പരിപാടികളുള്ള കുടുംബത്തിൽ നിന്നായതുകൊണ്ട് ബിസിനസ്സ് എങ്ങനെ ചെയ്യണം എന്നാരും എനിക്ക് പറഞ്ഞു തരേണ്ടതില്ലല്ലോ. പ്രകാശ് അഭിമാനം കൊണ്ടു. ഇനിയും എത്രയോ വലിയ വലിയ പ്രൊജക്ട്സ് ചെയ്യാൻ കിടക്കുന്നു. എല്ലാം അതിന്റെ വഴിക്ക് താനേ വന്നോളും...

ഇതെന്താണ് ഒരു ഒച്ചപ്പാടും ബഹളവും...കണ്ണു തുറന്നപ്പോൾ എമർജൻസി എക്സിറ്റിലേക്ക് ആൾക്കൂട്ടം ഓടുന്നു. വിമാനം ആടിയിലയുന്നതു പോലെ തോന്നിക്കുന്നുവോ..പ്രകാശ് ശക്തമായൊന്നു ചുമച്ചു. വായുമർദ്ദത്തിന്റെ വ്യത്യാസമാണോ എന്തോ ശ്വാസം മുട്ടുന്നു. എന്താണ് സംഭവിക്കുന്നത് ഒരു പിടിയും കിട്ടുന്നില്ല എല്ലാവരും ലൈഫ് ജാക്കറ്റ് എടുത്ത് കയ്യിൽ പിടിക്കുന്നുണ്ട്. പ്രകാശും മുന്നിലെ സീറ്റിന്റെ അടിയിൽ നിന്നും പണിപ്പെട്ട് ലൈഫ് ജാക്കറ്റ് എടുത്തു കയ്യിൽ പിടിച്ചു. എന്തൊക്കെയോ അനൗൺസ്മെന്റുകൾ നടക്കുന്നുണ്ട്. ഈ ആൾക്കാരുടെ ബഹളം കാരണം ഒന്നും കേൾക്കാൻ വയ്യ. പെട്ടെന്ന് തന്നെ വിമാനം ഒന്നു കുത്തനെ താഴ്ന്നു. പ്രകാശടക്കം പലരുടെയും പിടിവിട്ടു പോയി. കോക്ക് പിറ്റിന്റെ അവിടെ ഒരു മഞ്ഞ വെളിച്ചം കണ്ടതുപോലെ തോന്നിയല്ലോ. അല്ലാ, ഒരു തീപിടുത്തത്തിന്റെ ലക്ഷണം തന്നെയാണല്ലോ. ദൈവമേ... എല്ലാം പസഫിക് സമുദ്രത്തിൽ അവസാനിക്കുമോ...അതോ ഇന്ത്യൻ സമുദ്രത്തിലോ... ചാകാൻ തുടങ്ങുമ്പോൾ ഏതു സമുദ്രത്തിലായാലെന്താ സ്വർഗത്തിൽ മുൻഗണന ഒന്നും കിട്ടില്ലല്ലോ. ഈ അപകടസമയത്തും പ്രകാശിന്റെ നർമ്മബോധം കൈവിട്ടില്ല.

താമസിയാതെ തന്നെ വലിയൊരു ഹുങ്കാര ശബ്ദത്തോടെ വിമാനം പൊട്ടിത്തെറിച്ചു. തീജ്വാലകൾ പേറുന്ന വിമാന അവശിഷ്ടങ്ങൾ അന്തരീക്ഷത്തിൽ ഒഴുകിയലിഞ്ഞു. അലറി കരഞ്ഞുകൊണ്ട് പ്രകാശ് ഞെട്ടിയുണർന്നു. റൂമിലെ തന്റെ ചെറിയ കട്ടിലിനടുത്ത് സാജനും ജോബിനും തന്നെ ഉറ്റു നോക്കുന്നു. നട്ടുച്ചയ്ക്ക് കിടന്നുറങ്ങിയിട്ട് സ്വപ്നം കാണുവാണോടാ എന്നുള്ള സാജന്റെ ചോദ്യം തീരുന്നതിനു മുമ്പു തന്നെ ക്ലീനിംഗ് ജോലിക്കു പോകാൻ നേരമായി, വേഗം എണീറ്റു വാടാ എന്നുള്ള ജോബിന്റെ ആക്രോശത്തിനു മുമ്പിൽ ദൈവമേ കണ്ടതെല്ലാം ഒരു പകൽക്കിനാവായിരുന്നുവോ എന്നു തിരിച്ചറിയാൻ പ്രകാശിന് പിന്നെയും കുറേ നിമിഷങ്ങൾ കൂടി വേണ്ടി വന്നു...സ്വപ്നം കാണുന്നതിന് ടാക്സ് കൊടുക്കണ്ടല്ലോ എന്ന ഏതോ സിനിമയിലെ ഡയലോഗ് ഓർമ്മയിൽ വന്നതിനൊപ്പം തന്നെ അടുത്ത ക്ലീനിംഗ് ജോലിക്കു പോകാൻ തയ്യാറായി പ്രകാശ് ഒരു സ്വപ്നച്ചടവോടെ മന്ദം മന്ദം നടന്നു നീങ്ങി....



ബിനു ഗോപിനാഥ്

# ലിപികളുടെ കഥ

ഇളം തണുപ്പുള്ള ഒരു മകര മാസ പുലരിയിൽ ചൂടുള്ള ചായ കുടിച്ചുകൊണ്ട് ബാംഗ്ലൂരിലെ തെരുവിൽ ബസ്സു കാത്തു നിൽക്കവെ വരുന്ന ബസുകളിലെ ബോർഡിൽ കുനുകുനെ കുറുനിരകൾ പോലെ കന്നട എഴുത്തുകൾ കാണുമ്പോൾ ഒരു കൗതുകം. പിന്നീട് ഒരു ഹിന്ദിക്കാരൻ ജിലേബി അക്ഷരങ്ങളെന്നു അവയെ വിളിക്കുന്നതു കേട്ടപ്പോൾ അസ്വാരസ്യം. ഓരോ ലിപിയിലും ഒരു ചരിത്രം ഉറങ്ങിക്കിടപ്പുണ്ട്. ഒരു സംസ്ക്കാരത്തിന്റെ യാത്രാപഥങ്ങൾ. മുപ്പതു വർഷങ്ങൾക്കുശേഷം അഡലൈഡിലെ തായ് റസ്റ്റോറന്റിൽ മെനു വായിച്ചപ്പോൾ അതെ അക്ഷരങ്ങളുടെ ഛായ തോന്നി. പലതരം 'ഖ' കൾ, വേഷം മാറിയ 'പ' ഒക്കെ ഏതോ അടുപ്പം കന്നടയുമായി തോന്നിച്ചു. അതെ സാമ്യം ബാലിയിലെ ക്ഷേത്രച്ചുമരുകളിലെ മന്ത്രാക്ഷരങ്ങളിലും കണ്ടു.

ലിപികളുടെ യാത്ര ഈജിപ്തിൽ തുടങ്ങി എന്നാണ് നിഗമനം. എല്ലാ ലിപികളുമല്ല. മിഷിനറിമാരും പണ്ഡിതരും രൂപപ്പെടുത്തിയ അമേരിക്കൻ ഇന്ത്യൻസിന്റെ ഭാഷകളിലെ ലിപികളും ആഫ്രിക്കയിലെ ഒസ്മാനിയ, അഡ്‌ലാം ലിപികളും സാന്താലി ഭാഷയുടെ ഓൾ ചികി ലിപിയും പരിണമിച്ചുണ്ടായവയല്ല. എങ്കിലും നമ്മുടെ മലയാള അക്ഷരങ്ങളും അയ്യായിരം വർഷങ്ങൾക്കു മുമ്പുള്ള ഈജിപ്തിലെ ലിപിയുമായി സാദൃശ്യം തിരയുന്നത് മനുഷ്യനും ഡോൾഫിനും തമ്മിൽ സാദൃശ്യം കണ്ടെത്തുന്നതുപോലെയാണ്. തക്കാളിയും ഉരുളക്കിഴങ്ങും ഒരേ കുടുംബത്തിൽപ്പെടുന്നു എന്നു പറയുന്നതുപോലെയാണ് ഈജിപ്തിൽ നിന്ന് ഫിയോനേഷ്യയിലേക്കും പിന്നീട് മധ്യപൂർവ്വ ദേശത്തെ വ്യാപാരികൾ വഴി ഇന്ത്യയിലും എത്തിയപ്പോൾ ഈ ലിപി ഖരോസ്തി, ബ്രഹ്മി എന്നിങ്ങനെ രൂപം മാറി. എന്നാൽ ബ്രഹ്മി മാത്രമേ കാലങ്ങൾ കടന്നു ഇന്ന് കാണുന്ന ഇന്ത്യൻ ലിപികളായി പരിണമിച്ചുള്ളൂ. ആയിരക്കണക്കിന് വർഷങ്ങളുടെ പരിണാമം. തെക്കേ ഇന്ത്യക്കാർ താളിയോലകളിൽ എഴുതിയതുകൊണ്ട് നമ്മുടെ ലിപി കൂടുതൽ ഉരുണ്ടതായി.

വീണ്ടും കന്നട, തായ് ബന്ധത്തിലേക്ക് വരാം. CE നാലാം നൂറ്റാണ്ടിലാണ് പല്ലവ ലിപികളുടെ ഉദയം. പല്ലവ ദേശത്തു നിന്നും ഹിന്ദു, ബുദ്ധസന്യാസിമാരും വ്യാപാരികളും കടൽ കടന്നു ഏഷ്യയുടെ കിഴക്കേ അറ്റം വരെ ചെന്നിരിക്കാം. അതിന്റെ ഫലമായി CE ഒൻപതാം നൂറ്റാണ്ടിൽ തെക്കു കിഴക്കേ ഏഷ്യയിലെ സവാല്യ രാജവംശത്തിന്റെ തുടക്കത്തിൽ പല്ലവ ലിപികൾ മാറ്റം വരുത്തി അവരുടെ ഭാഷയിൽ ഉപയോഗിച്ചു. പിന്നീട് സുഖോത്തായി രാജാക്കന്മാരുടെ കാലത്ത് തായ് ഭാഷയിലേക്കും പല്ലവ ലിപി ചുവടുവച്ചു. മറ്റു ഭാഷകളിലും ഈ ലിപിയുടെ തൊങ്ങലുകൾ കാണാം. ഇന്തോനേഷ്യയിലെ ജാവാ ദ്വീപിലെ ശ്രീവിജയ സാമ്രാജ്യത്തിലും ബാലിയിലും ഈ ഉരുണ്ട, ഒഴുക്കുള്ള അക്ഷരക്കൂട്ട് പ്രത്യക്ഷപ്പെട്ടു. ഇന്ത്യൻ ഭാഷകളുടെ, കലയുടെ, ശില്പചാതുരിയുടെ കയ്യൊപ്പുകൾ കാണാത്ത ദേശങ്ങൾ തെക്കുകിഴക്കൻ ഏഷ്യയിൽ ഇല്ലെന്നു പറയാം. കമ്പോഡിയയിലെ ആംഗോർ വാറ്റ്, തായ്‌ലന്റിലെ അയുത്തായി, വിയറ്റ്നാമിലെ മൈസോൺ, ഇൻഡോനേഷ്യയിലെ ബോറാബാഡൂർ, Prambanan എന്നീ ഹിന്ദു, ബുദ്ധ അമ്പലങ്ങളുടെ പൗരാണിക നിർമിതികൾ ഇന്ത്യൻ കൊത്തുപണിയുടെ ഭംഗി കാണിച്ചുതരുന്നു. ഈ രാജ്യങ്ങളിലെ ഉൾനാടുകളിലെ പഴയ വീടുകൾ കാണുമ്പോൾ പഴയ ഒരുവള്ളുവനാടൻ വീടുപോലെ തോന്നിയാൽ അതിശയിക്കാനില്ല.

ഇതുവരെ സൂചിപ്പിച്ച ലിപികളല്ലാതെ ലന്ന, സാൻഡലിസ്, മോൺ, ഷാൻ തുടങ്ങി പല ഭാഷകളുടെ ലിപികളും ഒരുഘട്ടത്തിൽ പല്ലവ ലിപികളിൽ നിന്നും രൂപംകൊണ്ട അക്ഷരങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. ലിപികൾ ഇനിയും മാറിക്കൂടായ്കയില്ല. പുതിയ ഭരണകൂടങ്ങളും ജനങ്ങളുടെ താൽപ്പര്യവും അനുസരിച്ച് അവ മാറാം. അലസരായ ഭാവി തലമുറ മലയാള ഭാഷയുടെ ലിപി ഇംഗ്ലീഷ് അക്ഷരങ്ങൾ മതിയെന്ന് തീരുമാനിക്കുകയില്ലെന്ന് വിശ്വസിക്കാം. കാരണം നമ്മുടെ ലിപി, ബ്രഹ്മിയിൽ തുടങ്ങി, പല്ലവ– കദംബ വഴിത്താരയിലൂടെ ഗ്രന്ഥ ലിപിയായി, പിന്നീട് തുളു, സിംഹള, തമിഴ്, മലയാളം ലിപികളായി മാറിയതാണ്. ഒരു ലിപി വേണ്ടാന്ന് വയ്ക്കുന്നത് പിന്നിട്ട കാലഘട്ടത്തിന്റെ കാല്പാടുകൾ മായ്ക്കുന്നതുപോലെയാണ്.

# നളപാചകം

ചിട്ടവട്ടങ്ങൾ തികഞ്ഞ വിഭവസമൃദ്ധമായ ഊണ്–അതാണ് മലയാളിയുടെ സദ്യ. സ്വാദിലും ഗന്ധത്തിലും വർണത്തിലും വേറിട്ട വിഭവങ്ങൾ കൊണ്ട് നാക്കിലയിൽ രചിക്കുന്ന കലാസൃഷ്ടിയാണ് ഓരോ സദ്യയും. അഡ്‌ലെയ്ഡിലെ ഓരോ മലയാളി പ്രവാസിയുടെയും മനസിൽ സ്വാദിന്റെ വിസ്മയം തീർക്കുന്ന രുചിലോകത്തെ സാമ്രാട്ടുകളാണ് കൊട്ടയത്തു വിശ്വനാഥൻ വേണുഗോപാൽ എന്ന വേണുവും ടോമി ജോർജ് എന്ന ടോമിയും. അവർ ഇരുവരുടെയും അനുഭവങ്ങളിലൂടെ ഒരു യാത്ര.



ദിവ്യ ബിജോയ്

➢ **Adelaide & Metropolitan Malayalee Association അഥവാ 'AMMA' ആയി നിങ്ങളുടെ ബന്ധം? അസ്സോസിയേഷന് വേണ്ടി ഓണസ്സദ്യ എന്നുള്ള ആശയം വന്ന വഴി?**

**ടോമി:–** ഞങ്ങൾ ഓസ്‌ട്രേലിയയിൽ എത്തുന്നത് 2005 ഇൽ ആണ്. അന്ന് മുതൽ ഉള്ള സുഹൃത്ബന്ധം ആണ് ഞാനും വേണുവും തമ്മിൽ. 2007 ൽ ആണ് ആദ്യമായി ഇത്തരത്തിൽ ഒരു കമ്മ്യൂണിറ്റി ഓണസദ്യ എന്ന ആശയം ഉണ്ടാവുന്നത്. അതിനുണ്ടായ സാഹചര്യം വളരെ രസകരം ആയിരുന്നു. ഒരിക്കൽ അസോസിയേഷന്റെ ഓണസദ്യയ്ക്ക് പോയ ഞങ്ങൾക്ക് സദ്യയിലെ വിഭവങ്ങൾക്ക് അല്പം വ്യത്യസ്തമായ , ഒരു അപരിചിതമായ രുചി ഉള്ളത് പോലെ തോന്നി. പിന്നീടാണ് വിഭവങ്ങൾ ഒരുക്കിയത് നമ്മുടെ അയൽ രാജ്യക്കാരായ 'ശ്രീലങ്കൻ ' സുഹൃത്തുക്കൾ ആണെന്ന് മനസ്സിലായത്. അപ്പോളാണ് എന്തുകൊണ്ട് നമുക്കൊരു ഓണസദ്യ തയ്യാറാക്കിക്കൂടാ? മലയാളികളായ സുഹൃത്തുക്കളെയും കമ്മ്യൂണിറ്റിയിലെ നാനാജാതി മതസ്ഥരായ എല്ലാ അംഗങ്ങളെയും ഭാഗമാക്കി നല്ലൊരു സദ്യ. ഒരു കൂട്ടായ ശ്രമം ആയി കൂടാ എന്നൊരു ആശയം എന്റെയും വേണുന്റെയും മനസ്സിൽ ഉടലെടുക്കുന്നത്. ഞങ്ങൾ വിഷയം അന്നത്തെ കമ്മിറ്റി അംഗം ആയ ബിജു ജോസഫിനോട് അവതരിപ്പിച്ചു. അദ്ദേഹം തന്ന ഊർജ്ജവും 'അമ്മ' കമ്മിറ്റിയുടെ അംഗീകാരവും പിന്തുണയും കൂടെ ആയപ്പോൾ അത് ഞങ്ങൾക്കും ഒരു ആവേശം ആയി. അങ്ങനെ ആണ് ആദ്യം ആയി മലയാളികളുടെ കൂട്ടായ്മയുടെ ഉത്തമ ഉദാഹരണവും ഓരോ അഡലൈഡ് മലയാളിയുടെയും സ്വകാര്യ അഹങ്കാരവുമായ 'ഓണസദ്യ' ആദ്യമായി ആൾക്കാരിലേക്കു എത്തുന്നത്. ഏകദേശം 300–400 അംഗങ്ങൾക്കായി ഉണ്ടാക്കിയ സദ്യ. നീണ്ട 17 വർഷങ്ങൾ കഴിഞ്ഞ് 2023 ആയപ്പൊഴേക്കും 1500 ആൾക്കാരിൽ എത്തി നിൽക്കുന്നു. സദ്യയുടെ രുചി ഇത്രത്തോളം ആൾക്കാരിലേക്കു എത്തിക്കാൻ കഴിഞ്ഞു എന്നത് ഞങ്ങൾ രണ്ടു പേർക്കും ഒരേ സമയം സന്തോഷവും അഭിമാനവും തരുന്ന ഒരു കാര്യം തന്നെ ആണ്.

➢ **ഓണസദ്യയ്ക്ക് ഒരുപാട് വിഭവങ്ങൾ വേണമല്ലോ. ഓസ്‌ട്രേലിയ പോലൊരു രാജ്യത്ത്, പ്രത്യേകിച്ചും tropical അഥവാ ഉഷ്ണമേഖലാ കാലാവസ്ഥ അല്ലാത്ത അഡലൈഡ് പോലൊരു സ്ഥലത്ത് ഇത്തരമൊരു വിഭവ സമൃദ്ധമായ സദ്യ ഒരുക്കുക എന്നത് വളരെ ശ്രമകരമായ കാര്യം തന്നെ. ഈ യാത്രയിൽ നിങ്ങൾ നേരിട്ട പ്രതിസന്ധികൾ, തയ്യാറെടുപ്പുകൾ, അതെല്ലാം ഒന്ന് വിശദീകരിക്കാമോ ?**


**വേണു :–** നല്ല ശുദ്ധമായ പച്ചക്കറികളുടെ അഭാവം തന്നെ ആയിരുന്നു ആദ്യകാലത്തെ ഏറ്റവും വലിയ പ്രശ്നം. അക്കാലത്തു കറിവേപ്പില മുതൽ പയറും (അച്ചിങ്ങ) പച്ചക്കായയും ചേനയും മുരിങ്ങക്കോലും അങ്ങനെ സദ്യക്ക് വേണ്ട പല സാധനങ്ങളുടെയും ദൗർലഭ്യം ഒരു വലിയ പ്രശ്നം തന്നെ ആയിരുന്നു. പലപ്പോഴും frozen പച്ചക്കറികൾ ഉപയോഗിക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട്. ഇന്നിപ്പോൾ കാലാ

വസ്ഥയിൽ ഉണ്ടായ മാറ്റങ്ങളും കാലാനുസ്രതമായ മാറ്റങ്ങളും കാരണം സദ്യക്കാവശ്യമായ എല്ലാ പച്ചക്കറികളും മറ്റു സാധന സാമഗ്രികളും ഇവിടെ ആവോളം ലഭ്യമാണ്. സദ്യ ഒരുക്കുന്ന ഞങ്ങൾക്ക് രുചികരമായ, ശുദ്ധമായ, നാടിന്റെ ഓർമ്മ തരുന്ന ഒന്നാന്തരം സദ്യ ഉണ്ടാക്കാൻ ഇത് വളരെയേറെ സഹായകമാകുന്നു. ഒരു പരിധി വരെ ഏറ്റവും വലിയ ഒരു പ്രതിസന്ധി നമ്മൾ തരണം ചെയ്തു എന്ന് തന്നെ പറയാം.

**ടോമി** :– വർഷങ്ങൾ ആയുള്ള കണക്കുകൾ, സദ്യക്ക് ഉപകാരം ആകുന്ന മറ്റു വിവരങ്ങൾ ഒക്കെ അടങ്ങുന്ന ഒരു ഡയറി ഞാനും വേണുവും സൂക്ഷിക്കുന്നുണ്ട്. അത് പോലെ സദ്യ ഒരുക്കുന്നത് പോലെ പ്രധാനം ആണല്ലോ അത് നിയമം തെറ്റിക്കാതെ വിളമ്പുന്നതും. ഒരു volunteers ഗ്രൂപ്പ് തന്നെ ഉണ്ട് ഞങ്ങൾക്കായി എന്ത് സഹായവും ചെയ്യാൻ ആയി.

➢ **പാചകകല എന്നാണല്ലോ പറയുക. നിങ്ങളുടെ മനസ്സിൽ കുക്കിംഗ് അഥവാ പാചകം എന്നാൽ എന്താണ്?**

**വേണു** :– ഒരു മെക്കാനിക്കൽ ഫിറ്റർ ആയ എനിക്ക് കുക്കിംഗ് ഒരു passion തന്നെ ആണ്. കണ്ടും കേട്ടും അനുഭവിച്ചും ഉള്ള രുചിഭേദങ്ങൾ ഞാൻ എന്നാൽ ആവും വിധം ഭംഗിയായി ആൾക്കാരിലേക്ക് എത്തിക്കാൻ ശ്രമിച്ചിട്ടുണ്ട്. ഉണ്ണുന്നവനെയും ഊട്ടുന്നവനെയും ഒരുപോലെ സന്തോഷിപ്പിക്കുന്ന ഒന്നാണല്ലോ പാചകം.



അതു കൊണ്ട് തന്നെ അത് ഒരു സമ്പൂർണ്ണ കല തന്നെ.

ടോമി :– പാചകത്തിലെ കണക്കുകൾ വേണുവിന് കിറു കൃത്യമാണ്. വർഷങ്ങളായി നേടിയെടുത്ത പരിചയ സമ്പത്തു വേണുവിനെ അതിനു സഹായിക്കുന്നു. കണ്ണളവെന്നും കൈപ്പുണ്യം എന്നും പഴമക്കാർ വിശേഷിപ്പിക്കുന്ന പരിചയ സമ്പത്ത്. എന്നാൽ എനിക്ക് ഇത് എന്റെ ദൈനം ദിന തൊഴിലിന്റെ ഭാഗം കൂടിയാണ്. ഹോസ്പിറ്റാലിറ്റി എന്റെ profession ആണ്. അതിനാൽ കല എന്നതിന് ഉപരി അതിൽ പരീക്ഷണങ്ങളും, കണക്കുകളും ഉണ്ട്. ക്രിയാത്മകമായ ചിന്തകളും, സമയോചിതമായ ഇടപെടലുകളും, ലീഡർഷിപ്പ് ക്വാളിറ്റിയും അതിന്റെ ഭാഗമായ മാനേജ്മെന്റ് ആൻഡ് പ്ലാനിംഗ് എല്ലാം ആണ് എനിക്കിത്.

➢ **ഈ മേഖലയിൽ നിങ്ങളുടെ മറക്കാനാവാത്ത ഒരു അനുഭവം ?**

വേണു :-വർഷങ്ങളായി നാട്ടിൽ നിന്നകന്നു താമസിക്കുന്നവർ ആണല്ലോ നമ്മളിൽ അധികംപേരും. നാട്ടിലെ വിട്ടുപോയ, നഷ്ടപ്പെട്ടുപോയ രുചിഭേദങ്ങളുടെ ഓർമ്മകളും അനുഭവങ്ങളും സദ്യകളും എല്ലാം തന്നെ ആണ് എന്റെ പ്രചോദനം.1994 ൽ കേരളത്തിൽ നിന്ന് അകന്നു താമസിച്ചു തുടങ്ങിയതാണ് ഞാൻ. ഉത്തരേന്ത്യയിൽ വളരെ പരിമിതമായ ചുറ്റുപാടുകൾക്കിടയി ൽ നിന്ന് ഞാൻ 4-5 പേർക്കായി സദ്യ ഉണ്ടാക്കി. മലപ്പുറം ജില്ലയിൽ നിന്ന് ഉള്ള എന്റെ മുസ്ലിം സുഹൃത്തുക്കൾ. അവർക്കായി ഉണ്ടാക്കിയ ചെറിയ ഒരു സദ്യ. 30 വർഷങ്ങൾക്ക് ശേഷം എനിക്ക് അവരിൽ നിന്നും ലഭിച്ച ഒരു voice message , ഇന്നും ആ സദ്യ യുടെ രുചി അവർ ഓർക്കുന്നു എന്നും അത് അവർക്കു നൽകിയ സന്തോഷം എത്ര വലുതായിരുന്നു എന്നും അറിയിച്ചു കൊണ്ടുള്ള ആ whats app message, അത് എനിക്ക് വലിയ ആത്മവിശ്വാസം ആണ് നൽകിയത് .



ടോമി:-പ്രവാസികളായ നമ്മളിൽ പലർക്കും 'സദ്യ' വർഷത്തിൽ ഒരിക്കൽ മാത്രം ഉള്ള അനുഭവം ആണ്. പ്രത്യേകിച്ച് 'ഓണസ്സദ്യ'. ഓണസദ്യ ഉണ്ടതിനു ശേഷം അവരുടെ മനസ്സ് നിറഞ്ഞു സന്തോഷത്തോടെ പറയുന്ന അഭിപ്രായങ്ങളും, ചിരിക്കുന്ന മുഖങ്ങളും തന്നെയാണ് ഏറ്റവും വലിയ പ്രചോദനം. അതുപോലെ തൃശൂർ ജില്ലയിലെ പ്രമുഖരായ പല പാചക നിപുണരുടെയും സദ്യ കഴിച്ചതിന്റെ ഓർമ്മയും കൂട്ടായ്മയുടെയും കുടുംബബന്ധങ്ങളുടെയും ഒക്കെ കഥകൾ പറയുന്ന 'കല്യാണസ്സദ്യ'കളുടെ ഓർമ്മകളും എല്ലാം ഞങ്ങൾക്ക് പ്രചോദനം തന്നെ.

➢ **"Womencan'tdrive, Mencan'tcook" എന്ന് പലപ്പോഴും പലരും തമാശരൂപേണ പറഞ്ഞു കേൾക്കുന്ന ഒരു comment ആണല്ലോ. ഇന്നത്തെ കാലത്തു കുറെ മാറ്റങ്ങൾ ഉണ്ടെങ്കിൽ പോലും പൊതുവെ Male Domination ഉള്ള മേഖല ആണല്ലോ Industrial Cooking . അത് എന്ത് കൊണ്ട് ആയിരിക്കാം എന്നാണ് നിങ്ങളുടെ അഭിപ്രായം ?**

**വേണു** :-പൊതുവെ വലിയ physical work വേണ്ടി വരുന്ന സാഹചര്യം ഉള്ളത് കൊണ്ട് തന്നെ

**പ്രവാസികളായ നമ്മളിൽ പലർക്കും വർഷത്തിൽ ഒരിക്കൽ മാത്രം ഉള്ള അനുഭവമാണല്ലോ സദ്യ. ഓണസമയത്താണ് ഒരു വർഷം ആകെക്കൂടി സദ്യയുണ്ണാൻ അവസരം കിട്ടുന്നത്. അതു തൃപ്തിയായി കഴിച്ചതിനു ശേഷം അവരുടെ മനസ്സ് നിറഞ്ഞു സന്തോഷത്തോടെ പറയുന്ന അഭിപ്രായങ്ങളും, ചിരിക്കുന്ന മുഖങ്ങളും തന്നെയാണ് ഏറ്റവും വലിയ പ്രചോദനം.**

ശാരീരികമായ പരിമിതികൾ തന്നെയാണ് ഇതിനു കാരണം. എന്നിരുന്നാലും എന്ത് സഹായത്തിനും കൂട്ടായി ഒരു കൂട്ടം സ്ത്രീകളുടെ പിന്തുണ ഞങ്ങൾക്ക് ഉണ്ട്. തേങ്ങാ അരക്കുന്നതും കഷ്ണങ്ങൾ നുറുക്കുന്നതും അങ്ങനെ ഉള്ള എല്ലാവിധ കാര്യങ്ങളിലും സഹായിക്കാൻ സന്മനസ്സുള്ള ഒരു കൂട്ടം സ്ത്രീകളുടെ സഹകരണം എന്നും ഉണ്ടെന്നുള്ള കാര്യം പ്രത്യേകം എടുത്തു പറയാതെ വയ്യ.

ടോമി :– ചുരുങ്ങിയ ചിലവിൽ, വളരെ കുറച്ചു സാധനങ്ങൾ ഉപയോഗിച്ച് വളരെ ഗംഭീരമായി ഭക്ഷണം പാകം ചെയ്യാനും, അത് സ്നേഹത്തോടെയും, വൃത്തിയായും വിളമ്പാനും കഴിവുള്ളവരാണ് സ്ത്രീകൾ. അത് കൊണ്ടുതന്നെ ആണല്ലോ വീട്ടിലെ ഭക്ഷണവും, അമ്മമാർ നമുക്കായി പാകം ചെയ്യുന്ന ഭക്ഷണവും നമുക്ക് ഏറ്റവും പ്രിയമുള്ളത് ആകുന്നത്. പക്ഷെ ഒരു ഇൻഡസ്ട്രിയൽ കുക്കിംഗ് അല്ലെങ്കിൽ AMMA ഓണസദ്യ പോലുള്ള കുക്കിംഗിന് ഒരുപാട് physical activity ആവശ്യം ആയി വരും. അത് തന്നെ ആയിരിക്കാം ഒരു പരിമിതി ആയി വരുന്നത്. എങ്കിലും എന്തും വൃത്തിയായും കൃത്യമായും ചെയ്യുന്ന ഒരു കൂട്ടം സ്ത്രീ സുഹൃത്തുക്കളുടെയും അമ്മമാരുടെയും ഒരു വലിയ പിന്തുണ ഞങ്ങൾക്ക് എന്നും കരുത്തായി കൂടെ ഉണ്ട്.

➢ **Dietery Requirements ഇന്നത്തെ കാലത്തു ഒരു പ്രധാന വിഷയം ആണല്ലോ ? പ്രത്യേകിച്ചും ഓസ്ട്രേലിയ പോലുള്ള ഒരു രാജ്യത്ത്. ഇത്തരം കാര്യങ്ങൾക്ക് വേണ്ടി നിങ്ങൾ എടുക്കുന്ന മുൻകരുതലുകൾ ?**

**ടോമി:–** സദ്യ വിഭവങ്ങൾ ശുദ്ധമായ പച്ചക്കറികളും വെളിച്ചെണ്ണയും ഒക്കെ കൊണ്ടാണല്ലോ പാകം ചെയുന്നത് . അതിനാൽ ഇതൊ രു വലിയ പ്രശ്നം ആകാറില്ല. എന്നാലും കൃത്യമായ വിവരങ്ങൾ അടങ്ങിയ RSVP നൽകുന്ന ഓരോ ആളിന്റെയും Dietery Requirements വളരെ സൂക്ഷ്മതയോടെ യും ഗൗരവത്തോടും കൂടെ തന്നെ committee അംഗങ്ങളും ഞങ്ങളും പരിഗണിക്കാറുണ്ട്. പിന്നെ ഭക്ഷണം ഉണ്ടാക്കുന്ന ഞങ്ങൾക്കുള്ള അതേ പോലെ ധാർമികമായ ഒരു ഉത്തരവാദിത്വം ഇത്തരം requirements ഉള്ള ഓരോ ആൾക്കും ഉണ്ടായിരിക്കണം. കൃത്യമായും വ്യക്തമായും വിവരം കൈമാറാൻ ഉള്ള വിവേകം ഓരോ വ്യക്തിയും കാണിക്കേണ്ടതുണ്ട്. അതിനാൽ RSVP ഒരു പ്രധാന ഘടകം ആണ്.

➢ **ഇനി ഒരു personal questioin. നിങ്ങളുടെ രണ്ടുപേരുടെയും 'Guilty Pleasure Food ' അതുമല്ലെങ്കിൽ ഓർമ്മയിൽ തങ്ങിനിൽക്കുന്ന, മറക്കാനാവാത്ത ഒരു രുചി ?**

**വേണു:–** ഞാൻ എന്നും ഒരു മധുരപ്രിയൻ ആണ്. പ്രത്യേകിച്ച് പായസം. പരിപ്പ് പ്രഥമൻ ആണ് പ്രിയം. ഉണ്ടാക്കാനും കഴിക്കാനും ഒരുപോലെ ഇഷ്ടം തന്നെ. മധുരം ആരോഗ്യത്തിന് അത്രയ്ക്ക് നല്ലതല്ല എന്ന് അറിയുമെങ്കിലും ഒരിക്കലും ഒഴിവാക്കാൻ ശ്രമിക്കാറില്ല .ഓർമ്മയിൽ എന്നും തങ്ങി നിൽക്കുന്നത് എന്റെ 'അമ്മ ഉണ്ടാക്കുന്ന അവിയലിന്റെ രുചിയും.

**ടോമി** :– എനിക്ക് മറക്കാനാവാത്തതും ഏറ്റവും ഇഷ്ടം ഉള്ളതും മീൻകറി ആണ്. പ്രത്യേകിച്ച് മാങ്ങ ഇട്ടു വച്ച മീൻകറി. ഒരു അങ്കമാലിക്കാരൻ ആണ് ഞാൻ. എന്റെ ചെറുപ്പത്തിലേ ഒരു 'രുചി ഓർമ്മ' ഞാൻ പറയാം. ഞാൻ ഇപ്പറഞ്ഞ മാങ്ങാക്കറി ഉണ്ടാക്കുന്നത് ഒരു പ്രത്യേക രീതിയിൽ ആണ്. മാങ്ങാക്കറി ഉണ്ടാക്കുന്നത് മൺകലത്തിൽ ആണ്. അടയ്ക്കാ മരത്തിന്റെ കമ്പ് വച്ച് തിരുവട എന്ന് വിളിക്കുന്ന

ഒരു base ഉണ്ടാക്കി അതിനുമുകളിൽ മൺകലം കേറ്റി വയ്ക്കും. ചുറ്റും മഞ്ഞൾപ്പൊടി വിതറും. ഉറുമ്പുകളെ അകറ്റി നിർത്താനാണീ വിദ്യ. എന്നിട്ടീ മാങ്ങാക്കറി അടച്ചു തട്ടിൻ മോളിൽ വയ് ക്കും. ദിവസം ചെല്ലുംതോറും ഈ സ്പെഷ്യൽ കറിയുടെ സ്വാദു കൂടി കൂടി വരും. ദിവസങ്ങളോളം കേട് കൂടാതെ ഇരിക്കും ഇത്. ഇന്നും, വർഷങ്ങൾ കഴിഞ്ഞും ആ മാങ്ങാക്കറിയുടെ രുചിയും മണവും എന്റെ മനസ്സിലുണ്ട്. പോഷകഗുണങ്ങൾ നിറഞ്ഞ, ഒട്ടും കലർപ്പില്ലാത്ത പച്ചക്കറികളും, കൈകൊണ്ടു പിഴിഞ്ഞെടുത്ത ശുദ്ധമായ തേങ്ങാപ്പാലും, നല്ല പുഴമീനും, നാട്ടിലെ വെളിച്ചെണ്ണയും എല്ലാം ചേർന്ന ആ രുചി, അതുതന്നെയാണ് എനിക്ക് എന്നും പ്രിയപ്പെട്ട, മറക്കാനാവാത്ത മണവും രുചിയും എല്ലാം.

**➢ നമ്മുടെ സംസ്കാരത്തിന്റെ ഒരു ഭാഗമാണല്ലോ ആഘോഷങ്ങളും സദ്യയും ഉത്സവങ്ങളും എല്ലാം. Adelaide നിവാസികളുടെ അഭിമാനമായ ഈ ഓണസദ്യ ഭാവിയിൽ ഏതു രീതിയിൽ നടത്തിക്കൊണ്ടു പോകണം എന്നുള്ളതാണ് നിങ്ങളുടെ ആഗ്രഹം ?**

വേണു :- 'കാണം വിറ്റും ഓണം ഉണ്ണണം' എന്നതാണ് ഓണസ്സദ്യയെ കുറിച്ച് പഴമൊഴി. ഉള്ളതെല്ലാം വിറ്റായാലും ഓണം ആഘോഷിക്കണം എന്നാണ് ഇതിനർത്ഥം. ആയിരത്തിലധികം പേർക്ക് ഓണസദ്യ ഒരുക്കുക എന്നത് ഒരുപാട് അധ്വാനവും തയ്യാറെടുപ്പുകളും ആവശ്യമുള്ള ഒരു കാര്യമാണല്ലോ. അതിനായി മാറ്റിവയ് ക്കാൻ സമയവും സമർപ്പണ മനോഭാവവും വേണം. പ്രത്യേകിച്ച് പ്രതിഫലം ഇല്ലാത്ത ഒരു ജോലി കൂടെ ആവുമ്പോൾ. എല്ലാവരും volunteers ആണല്ലോ. പുതിയ കാലത്തെ കുട്ടികളെ കൂടി ഉൾപ്പെടുത്തി ഈ ഗ്രൂപ്പ് വിപുലമാക്കിയാൽ ഭാവിയിൽ, അല്പ കാലം കൂടി ഇത് ഈ രീതിയിൽ നിലനിർത്തി കൊണ്ട് പോകാൻ സാധിക്കും. എല്ലാവരും കൂടെ കൂട്ടായ ഒരു ശ്രമം കൊണ്ട് മാത്രമേ ഇത്തരം സംരംഭങ്ങൾ നിലനി ൽക്കൂ.



**ടോമി** : നമ്മുടെ കലയും സംസ്കാരവും എല്ലാം വരും തലമുറയും അറിഞ്ഞിരിക്കണം. അത് പകർന്നു കൊടുക്കേണ്ടത് നമ്മുടെ ഓരോ രുത്തരുടെയും ഉത്തരവാദിത്വം ആണ്. ഞങ്ങൾക്ക് ഇക്കാര്യത്തിനായി കുടുംബത്തിൽ നിന്നും കിട്ടുന്ന സഹകരണവും എടുത്തു പറയണം.അത് പോലെ ഓരോ വ്യക്തികളും സഹകരിച്ചാൽ, വരും തലമുറയ്ക്കും ഓണസദ്യ പോലുള്ള ഇത്തരം ഒത്തു ചേരലുകളും കൂട്ടായ്മകളും ആസ്വദിക്കാനും ഒരുപാട് പേരിലേക്ക് ഇനിയും ഇതിന്റെ പേരും പെരുമയും എത്തിക്കാനും കഴിയും എന്നാണ് ഞങ്ങളുടെ പ്രതീക്ഷയും ആഗ്രഹവും. ■

പാചകം

# മിൽക് പേഡ

വളരെ ഈസിയായി മൈക്രോവേവ് ഓവനിൽ ഉണ്ടാക്കാവുന്ന പേഡ



സീമ ഗിരീഷ്



## ചേരുവകൾ

| | |
|---|---|
| 1 പാൽപൊടി | 3 കപ്പ് |
| 2 തിക്കെൻട് ക്രീം | 300 മില്ലി |
| 3 പഞ്ചസാര | 1 കപ്പ് |

ഈ മൂന്നു ചേരുവകളും മൈക്രോവേവ് ഓവനിൽ വെക്കുവാൻ പറ്റിയ ഒരു വലിയ പാത്രത്തിൽ നന്നായി ഇളക്കി ചേർക്കുക.

മൂന്നു മിനിറ്റ് ഓവനിൽ വെക്കുക.. പുറത്തെടുത്ത് നന്നായി ഇളക്കുക.

രണ്ടാമതും മൂന്നു മിനിറ്റ് ഓവനിൽ വെച്ചശേഷം പുറത്തെടുത്ത് നന്നായി ഇളക്കുക.

മൂന്നാമതും മൂന്നു മിനിറ്റ് ഓവനിൽ വെച്ചശേഷം പുറത്തെടുത്ത് നന്നായി ഇളക്കിയ ശേഷം നെയ്യ് പുരട്ടിയ പരന്ന പാത്രത്തിലേക്ക് ഒഴിച്ച് പരത്തുക. വേണമെങ്കിൽ വറുത്ത കശുവണ്ടി പരിപ്പോ ഏലത്തരിയോ മേലെ വിതറാം. തണുത്തു കഴിഞ്ഞാൽ വേണ്ട രീതിയിൽ മുറിച്ചെടുക്കാം.

മുറിക്കുന്നില്ലെങ്കിൽ ഉരുട്ടിയെടുക്കാം.

മൂന്നു ചേരുവകൾ. മൂന്നു മിനിറ്റ്. മൂന്ന് പ്രാവശ്യം. തയ്യാറാക്കാനുള്ള സമയം 15 മിനിറ്റ്. അതിൽ പാചകം ചെയ്യുവാൻ 9 മിനിറ്റ്.







കാർത്തിക താന്നിക്കൻ

# ഒരു പാതിരാകുർബ്ബാനയുടെ ഓർമയ്ക്ക്....

**നിങ്ങളുടെ ചുണ്ടിൽ ഒരു ചെറുപുഞ്ചിരി അവശേഷിപ്പിക്കാൻ ഈ യാത്രയ്ക്ക് കഴിയുമെന്ന വിശ്വാസത്തോടെ ..**

വാഹനമോടിക്കുകയെന്നത് സ്ത്രീകൾക്ക് ഒരു ബാലികേറാമലയോ? അല്ലായെന്ന് എനിക്ക് പറയണമെന്നുണ്ട്. പക്ഷേ ചിലപ്പോൾ എനിക്ക് തോന്നിയിട്ടുണ്ട് ആണെന്ന്. പുരുഷൻ വാഹനമോടിക്കുമ്പോൾ കാണിക്കുന്ന ആവേശം ഒന്നും ഒരിക്കലും സ്ത്രീകൾ ഓടിക്കുമ്പോൾ ഉണ്ടാകാറില്ല.

ഞാനൊരിക്കലും സ്ത്രീകളെ അപമാനിക്കുവാനായി എഴുതുന്നതല്ലിത്. ഞാനും ഒരു സ്ത്രീയാണ് വാഹനങ്ങളെയും അത് ഓടിക്കുമ്പോൾ ഉണ്ടാകുന്ന ആവേശത്തെയും വിഹ്വലതകളെയും ഒരുപാടിഷ്ടപ്പെടുന്ന വ്യക്തി. ഈ യാത്രയിൽ എനിക്ക് കൂട്ടായുള്ളത് ചില രസകരങ്ങളായ നിമിഷങ്ങളാണ്. ജീവിതത്തിൽ ഇങ്ങനെയും മണ്ടത്തരങ്ങൾ സ്ത്രീകൾക്കും ചിലപ്പോൾ പുരുഷന്മാർക്കും സംഭവിക്കുമെന്ന ഓർമ്മപ്പെടുത്തലോടുകൂടിയ ഒരു യാത്ര. എന്റെ ഒരു സുഹൃത്തിന്റെ അടുത്തേക്കാണ് ഈ യാത്ര.

ഡിസംബറിലെ മഞ്ഞുപുതച്ച ഒരു രാത്രി. ഉണ്ണീശോയുടെ തിരുപ്പിറവി കൊണ്ടാടുവാനായി എന്റെ സുഹൃത്തും കുടുംബവും യാത്രതിരിക്കുകയാണ്. വാഹനം ഓടിക്കുവാനുള്ള ലൈസൻസ് കിട്ടിയിട്ട് അഞ്ചു വർഷം കഴിഞ്ഞു. പക്ഷേ ഇപ്പോഴാണ് ഒരു വാഹനം എടുക്കുന്നതും അതിൽ തന്റെ അഭ്യാസപ്രകടനങ്ങൾ ആരംഭിക്കുന്നതും. സുഹൃത്തിന്റെ ഭർത്താവ് ലൈസൻസ് എടുക്കുവാൻ ഒരുപാട് പരിശ്രമിച്ചു. ഇവിടെ ഈ ഗൾഫ് നാട്ടിൽ പുരുഷന്മാർക്ക് ലൈസൻസ് കിട്ടുകയെന്നത് ബാലികേറാമലയാണ്.

ഒരുപാട് പ്രാവശ്യം പരാജയങ്ങളുമായി ഏറ്റുമുട്ടിയപ്പോൾ വാഹനമോടിക്കുകയെന്ന സ്വപ്നം വലിച്ചുകീറി ചവറ്റുകൊട്ടയിൽ എറിഞ്ഞു. ഇപ്പോൾ ഭാര്യ ഓടിക്കുന്ന വാഹനത്തിൽ സർവ്വ ദൈവങ്ങളെയും വിളിച്ച് ശ്വാസമടക്കിയിരിക്കുന്നു. തനിക്കറിയാവുന്ന പാഠങ്ങൾ ഇടയ്ക്കിടയ്ക്ക് ഭാര്യയ്ക്ക് മാർഗ്ഗനിർദ്ദേശമായി നൽകികൊണ്ടിരിക്കുന്നു.

നമ്മൾ എന്തു കാര്യവും ആദ്യം ചെയ്യുമ്പോൾ അജ്ഞതയുണ്ടാകാറുണ്ട്. പിന്നെ പല പല അബദ്ധങ്ങളിലൂടെയും സ്വയം പഠിക്കുന്ന പാഠങ്ങളിലൂടെയും അവ നമുക്ക് സ്വായത്തമാകാറുമുണ്ട്.

ശ്ശോ! ഞാൻ മടുപ്പിച്ചുവല്ലോ. നമുക്ക് യാത്ര തുടരാം. വളരെ മെല്ലെ വാഹനം ഓടിച്ചാണ് എന്റെ സുഹൃത്ത് പോകുന്നത്. ആളും വണ്ടിയും ഒഴിഞ്ഞ വഴിയായതുകൊണ്ട് എന്റെ സുഹൃത്തിന്റെ ആത്മവിശ്വാസം ഇത്തിരി മൂർദ്ധന്യാവസ്ഥയിൽ നിൽക്കുന്ന സമയം. അതാ ഒരു പോലീസ് വാഹനം... അത് തങ്ങളെ പിന്തുടരുകയാണോ എന്നൊരു സംശയം... പിന്നീട് വേറൊരു ചിന്ത മനസ്സിലേക്ക് വരുന്നതിനു മുൻപേ തന്നെ ഇതാ സംശയിച്ച കാര്യം സംഭവിച്ചു കഴിഞ്ഞിരിക്കുന്നു.

പോലീസുകാര് കൈകാണിക്കുന്നു. വാഹനം നിർത്തുവാൻ ആംഗ്യം കാണിക്കുന്നു..

'കർത്താവേ! ... പാതിരാ കുർബാന ഇനി പോലീസ് സ്റ്റേഷനിൽ'...

അങ്ങനെ ഒരു അഭിപ്രായപ്രകടനം എന്റെ സുഹൃത്ത് ഭർത്താവിൽ നിന്ന് പ്രതീക്ഷിച്ചില്ല. പോലീസുകാരനെ കണ്ട വെപ്രാളത്തിൽ അതിനു മറുപടി കൊടുക്കുവാൻ തോന്നിയതുമില്ല. സുഹൃത്ത് ശരിക്കും പേടിച്ചരണ്ടു.

സർവ്വശക്തിയുമെടുത്ത് ബ്രേക്ക് ആഞ്ഞു ചവിട്ടി. പുറകിലിരുന്ന കുട്ടികളും മുമ്പിലിരുന്ന ഭർത്താവും ആ ചവിട്ടിന്റെ ആഘാതത്തിൽ ഒന്ന് കുരിശു വരച്ച് കുമ്പിട്ടതു പോലെയായി. പോലീസ് വന്നു ചില്ലു താഴ്ത്തുവാൻ ആംഗ്യം കാണിച്ചു. വെപ്രാളത്തിൽ ഏതൊക്കെ ബട്ടൺ ഞെക്കിയെന്നറിയില്ല. എങ്ങനെയോ ചില്ലുകൾ താഴ്ന്നു.

'നിങ്ങളെന്താണ് ഈ ഹൈബീം ലൈറ്റിട്ട് വണ്ടിയോടിക്കുന്നത്? ഇവിടെ അത് ഉപയോഗിക്കാൻ പാടില്ലന്നറിയില്ലേ!' പോലീസുകാരന്റെ ചോദ്യം കേട്ട് എന്റെ സുഹൃത്തൊന്നമ്പരന്നു.

'അയ്യോ സർ എനിക്കറിയില്ലായിരുന്നു. ഞാൻ അടുത്തയിടയ്ക്കാണ് വാഹനമോടിക്കാൻ തുടങ്ങിയത്.' അതും പറഞ്ഞ് എന്റെ സുഹൃത്ത് സ്ത്രീകളുടെ സ്ഥിരം നമ്പർ പുറത്തെടുത്തു, 'കണ്ണുനീർ'

ദേ! പോലീസുകാരൻ വീണു..

'ശരി ശരി ലൈറ്റ് കെടുത്തിയിട്ട് വണ്ടിയോടിക്ക്.'

അങ്ങനെ എന്റെ സുഹൃത്ത് വണ്ടിയുടെ ലൈറ്റ് ഒക്കെ കെടുത്തി യാത്ര ആരംഭിച്ചു. അപ്പോൾ സുഹൃത്തിന്റെ വക അഭിപ്രായപ്രകടനം

'ഹും! ഞാനൊരു സ്ത്രീയായതുകൊണ്ട് ആ പോലീസുകാരൻ വെറുതെ വിട്ടു. എന്റെ സ്ഥാനത്ത് നിങ്ങളായിരുന്നുവെങ്കിൽ എപ്പോൾ ഫൈൻ എഴുതി കയ്യിൽ തന്നെന്നു ചോദിച്ചാൽ മതി. എന്നാലും രാത്രിയിൽ ലൈറ്റിടാതെ വണ്ടിയോടിക്കണമെന്നുള്ളത് പുതിയ അറിവാണ്"

നേരത്തെ ഭർത്താവ് പറഞ്ഞ അഭിപ്രായപ്രകടനത്തിന് ഒരു മറുപടി കൂടിയായിരുന്നു അത്. തെല്ല് അഹങ്കാരം കൂടിയോയെന്നൊരു സംശയം.

അങ്ങനെ വീണ്ടും യാത്ര തുടരുകയാണ്... അതാ വീണ്ടും ഒരു പോലീസ് വാഹനം അവരെ പിന്തുടരാൻ തുടങ്ങിയിരിക്കുന്നു...

' ഇനിയെന്ത് പുലിവാലാണ് പുറകെ വരുന്നത്?' അത് ഇപ്രാവശ്യം പറഞ്ഞത് ഭർത്താവാണ്, എന്നിട്ട് ഭാര്യയെ ഒന്നിരുത്തിനോക്കി. അതാ പോലീസുകാരൻ കൈ കാണിക്കുന്നു. വീണ്ടും ഭർത്താവിനും കുട്ടികൾക്കും കുരിശുവരച്ച് കുമ്പിടുവാനുള്ള അവസരം ഒരുക്കികൊണ്ട് എന്റെ സുഹൃത്ത് ആഞ്ഞുചവിട്ടി. പോലീസുകാരൻ വരുന്നതിനു മുൻപേ ചില്ലുകൾ താഴ്ത്തി.

'നിങ്ങളെന്താ വണ്ടിയുടെ ലൈറ്റ് കെടുത്തിയിട്ട് ഓടിക്കുന്നത്?' പോലീസുകാരൻ കുറച്ചു ദേഷ്യത്തിലായിരുന്നു.

' അയ്യോ! സർ കുറച്ചു മുൻപ് ഒരു പോലീസുകാരൻ വണ്ടിയുടെ ലൈറ്റ് കെടുത്തിയിട്ട് വണ്ടിയോടിക്കുവാൻ പറഞ്ഞു. അതാണ് ഞങ്ങൾ ലൈറ്റിടാത്തത്. 'വളരെ നിഷ്കളങ്കതയോടെ എന്റെ സുഹൃത്ത് പറഞ്ഞു.

'എന്ത്! 'ഇപ്പോൾ കണ്ണു തള്ളിയത് പോലീസുകാരന്റെയാണ്.

'ഒരാൾ ലൈറ്റുകെടുത്താൻ പറയുന്നു മറ്റൊരാൾ ഇടാൻ പറയുന്നു. ഇതെന്താ വെള്ളരിക്കാ പട്ടണമോ?' എന്റെ സുഹൃത്ത് മനസ്സിൽ പറഞ്ഞു.

'ഏത് പോലീസുകാരനാണ് അങ്ങനെ പറയുന്നത് '

പോലീസുകാരൻ ആകാംക്ഷഭരിതനായി.

'സത്യമായിട്ടും സർ... കുറച്ചു മുൻപാണ് ഹൈബീം ലൈറ്റ് കെടുത്തുവാൻ ഒരു പോലീസുകാരൻ പറഞ്ഞത്'

അത് കേട്ടതും പോലീസുകാരൻ ചിരിക്കുവാൻ തുടങ്ങി.എന്താണ് സംഭവിക്കുന്നതെന്നറിയാതെ എന്റെ സുഹൃത്ത് അമ്പരന്നു നിന്നു. നിങ്ങൾ എത്ര നാളായി വണ്ടിയോടിക്കുന്നു?' പോലീസുകാരൻ ചിരിച്ചുകൊണ്ടു ചോദിച്ചു.

'ഒരാഴ്ച ആയതേയുള്ളൂ സർ'...

'വണ്ടിയിലെ ഹൈബീം ലൈറ്റ് അണയ്ക്കുവാനാണ് പോലീസുകാരൻ നിങ്ങളോട് പറഞ്ഞത്.. അല്ലാതെ ലൈറ്റിടാതെ വണ്ടിയോടിക്കുവാനല്ല.'അതും പറഞ്ഞ് പോലീസുകാരൻ ലോ ബീം ലൈറ്റ് പ്രവർത്തിപ്പിച്ചു കാണിച്ചു.

'പ്ലിങ്ങ്!' എന്റെ സുഹൃത്ത് ഒരു ജാള്യതയോടെ ഭർത്താവിനെ നോക്കി.

ഭർത്താവിന്റെ മുഖത്ത് ഒരു പുച്ഛഭാവത്തോടെയുള്ള ഒരു ചെറുപുഞ്ചിരി വിടർന്നു. അയാള് മനസ്സിൽ പറയുന്നുണ്ടായിരിക്കണം, 'ഇവൾക്കിതു വേണം, ഒരു വണ്ടിയോടിക്കാൻ തുടങ്ങിയപ്പോൾ മുതൽ ഈ ലോകം മുഴുവൻ അവളുടെ തലയിലൂടെയാണ് ഓടുന്നതെന്നായിരുന്നു അവളുടെ വിചാരം.'

സുഹൃത്ത് പോലീസുകാരനോട് ക്ഷമയും പിന്നെ പുതിയ ഒരു പാഠം പഠിപ്പിച്ചുതന്നതിനുള്ള നന്ദിയും രേഖപ്പെടുത്തി വണ്ടിയെടുത്തപ്പോഴേക്കും അവിടെ പാതിരാ കുർബാന പകുതിയായിക്കഴിഞ്ഞിരുന്നു...

# ചിന്നക്കനാലും കുറെയേറെ ഓർമ്മകളും



ഷാന്റി എബ്രഹാം

മറിയം കുന്നിൽ നിന്നും ഇറങ്ങിവരുമ്പോൾ ചിന്നക്കനാൽ പാടശേഖരങ്ങൾ വ്യക്തമായി കാണാമായിരുന്നു. കൈവെള്ളയിലെ രേഖപോലെ അങ്ങിങ്ങായി വേർതിരിച്ച അതിർവരമ്പുകളും, വിജനതയെ കെട്ടിപുണർന്നതുപോലെ കിടക്കുന്ന തരിശുഭൂമികളുമെല്ലാം ആ പ്രദേശത്തിനു പ്രത്യേകമായൊരു ചൈതന്യം നൽകിയിരുന്നു. വർഷങ്ങൾ ആ പ്രദേശത്തിനു നൽകിയ മാറ്റങ്ങളെ അംഗീകരിക്കുവാൻ ഷാന്റിയുടെ മനസ്സ് അപ്പോഴും ഒരുക്കമല്ലായിരുന്നു.

നെടുകയും കുറുകയും കെട്ടിപ്പൊക്കിയ വീടുകളും, ഫ്ളാറ്റുകളുമെല്ലാം പല വർണ്ണങ്ങൾ നിറഞ്ഞ ബൾബുകളാൽ അലങ്കരിക്കപ്പെട്ടിരിന്നു. വീതിയേറിയ റോഡുകൾ ഗതാഗതത്തിന് പുതിയൊരു മുഖം നൽകികൊണ്ട്, ആധുനികതയെ ഇനിയും കെട്ടിപുണരാൻ ഒരുങ്ങുന്നൊരു സുന്ദരിയെപ്പോലെ നിലകൊണ്ടു. രണ്ടുവർഷങ്ങൾ കൂടുമ്പോൾ മാത്രം നാടിന്റെ പച്ചപ്പിലേക്ക് ഊളിയിടുന്നൊരു പ്രവാസിയായിരുന്നു ഷാന്റി. മനസ്സിൽ താലോലിച്ചുകൊണ്ടിരുന്ന മറിയം കുന്നിന്റെയും, ചിന്നക്കനാൽ പാടശേഖരത്തിന്റെയും ഛായാചിത്രങ്ങൾ ഒപ്പിയെടുക്കുവാൻ ഇന്നത്തെപ്പോലെ മൊബൈലും, ക്യാമറയുമൊന്നും ഇല്ലാതിരുന്നു കാലമായിരുന്നു തന്റെ ബാല്യമെന്ന് അവൾ ഓർക്കാതിരുന്നില്ല.

ഹൃദയത്തിന്റെ നൊമ്പരത്തിന് ഒരു പ്രത്യേക താളമുണ്ട്. അത് ഉത്ഭവിച്ച് ചെറിയൊരു നീർക്കുമിളപോലെ വീർത്ത് പൊ





ട്ടാതെ അങ്ങനെതന്നെ നിലകൊള്ളും. അതിന്റെയുള്ളിൽ ഭൂത കാലം കൊരുത്തുവച്ച കുറെയേറെ ഓർമ്മകൾ അവളിലേക്ക് ലഹരിപോലെ പടർന്നിറങ്ങി. ആ ഓർമ്മകളിൽ ആറു പെൺകു ട്ടികൾ വീണ്ടുമൊരു ബാല്യത്തിന് കോപ്പുകൂട്ടുകയായിരുന്നു.

ഷാന്റി, രശ്മി, അഞ്ജലി, തെയ്യാമ്മ, രേഷ്മ, വീണ ഇവരെല്ലാം ഇന്ന് ബാല്യവും, കൗമാരവും, യൗവ്വനവും കടന്ന് കുടുംബജീ വിതത്തിന്റെ പാതയിലൂടെ സഞ്ചരിച്ചുകൊണ്ടിരിക്കുന്നവരാണ്. ഇവർ ഇന്ന് ലോകത്തിന്റെ പലകോണുകളിൽ കഴിയുമ്പോഴും ഷാന്റിയുമായി മുഖപുസ്കത്തിലൂടെ ബന്ധം പുതുക്കുവാൻ വരാറുള്ളത് തെയ്യാമ്മ മാത്രമാണ്.

വലിയൊരു സംഗീതസംവിധായകന്റെ ഭാര്യയായി, കു ടുംബിനിയായി രണ്ടു മക്കളുടെ അമ്മയായി നാട്ടിൽ കഴി യുന്ന അവൾക്ക് ഈ നന്മകളെല്ലാം അനുഭവിക്കുവാൻ ആയുസ്സിന്റെ പുസ്തകം നീട്ടി നൽകിയത് ഈശ്വരൻ ആയി രുന്നുവെങ്കിലും, നിമിത്തമായത് ഞങ്ങൾ കൂട്ടുകാരായിരു ന്നു. മനോഹരമായിരുന്നു മറിയം കുന്നും, ചിന്നക്കനാൽ പാടശേഖരവുമെല്ലാം. കുട്ടിത്തം വിട്ടുമാറാത്ത ആ പെൺ കുട്ടികളെ ഈ വഴികളിലൂടെ യാത്ര അയക്കുവാൻ മാതാ പിതാക്കൾക്ക് ഭയമായിരുന്നു. വർഷത്തിൽ ഒന്നോ രണ്ടോ തവണ വിജനമായ ഈ പാതയിലൂടെ നടക്കുവാൻ അനു വാദം കിട്ടിയിരുന്നു. അതും പകൽ സമയങ്ങളിൽ മാത്രം. പാടശേഖരങ്ങൾക്ക് എതിർപ്പെട്ടുള്ള വിദ്യാലയത്തിലേക്ക് പോ കുവാനുള്ള എളുപ്പ വഴിയായിരുന്നു അത്. പാടങ്ങൾക്ക് അതിർ വരമ്പ് കെട്ടിപ്പൊക്കിയതിലൂടെ ഓടുവാനും, തെന്നിവീഴുവാൻ തുടങ്ങുമ്പോൾ ഒരു പ്രത്യേക താളത്തിൽ ശരീരത്തെ വശപ്പെ ടുത്തുവാനും ഒക്കെ ആ പെൺകുട്ടികൾക്ക് വശമായിരുന്നു. പാദസ്പർശനം ഏറ്റുപൊട്ടിപോകുന്ന തിട്ടകളും, പുലർകാല മഞ്ഞിന്റെ ചുംബനമേറ്റ് നൈർമല്യമായ കുറ്റിച്ചെടികളും, തൂണു കൾപോലെ പാടശേഖരങ്ങളിൽ തീറ്റതേടി വന്നിരിക്കുന്ന മുണ്ടികളും, കൊക്കുകളും, മഴയ്ക്കായ് മുട്ടിപ്പായി കരയുന്ന തവളകളും, താറാവിനെ അനുഗമിച്ചുകൊണ്ട് ചെറുവള്ളങ്ങൾ തുഴയുന്ന കർഷകരുമൊക്കെ ഉൾപ്പെടുന്ന വലിയൊരു ലോകമായിരുന്നവിടം.

അന്നൊരു സ്വാതന്ത്ര്യദിനമായിരുന്നു. സ്വാതന്ത്ര്യദിനത്തിൽ സ്കൂളിൽ പതാക ഉയർത്തുന്നതിന്റെ ആവേശത്തിലായി രുന്നു ആ പെൺകുട്ടികൾ. കയ്യിൽ കരുതിയിരുന്ന പ്ലാസ്റ്റിക് കൂടിനുള്ളിലേക്ക് അങ്ങിങ്ങായി നിൽക്കുന്ന ചെടികളിൽ നിന്നും പലതരത്തിലുള്ള പൂക്കൾ ശേഖരിക്കുന്ന തിരക്കിലായിരുന്നു അവരെല്ലാം. അതിൽ കൊങ്ങിണി, അരളി, മന്ദാരം, പിച്ചി, നിത്യകല്യാണി, ആമ്പൽ പൂക്കൾ ഇവയെല്ലാം ഉണ്ടായിരുന്നു.

പ്ലാസ്റ്റിക് കൂടു നിറയ്ക്കുവാനായി അവർ തമ്മിൽ മത്സരവും നടന്നിരുന്നു. ഏറ്റവും മനോഹരമായ പൂവ് പറിയ് ക്കുന്ന ആൾ വിജയിയാവും. ആ പെൺകുട്ടികളുടെ സാമീപ്യം അറിഞ്ഞതുപോലെ തോട്ടിലെ വെള്ളത്തിൽ നിന്നും കല്ലേമുട്ടി, വരാൽ, പള്ളത്തി മുതലായവ വെള്ളത്തിൽ നിന്നും തല ഉയർത്തി നോക്കിയിട്ട്, ഒരാന്തലോടെ തിരികെ വെള്ളത്തിലേക്ക് ഊളിയിട്ടു.അങ്ങനെ സമയം നീങ്ങിക്കൊണ്ടിരുന്നു. കുറെ കഴിഞ്ഞപ്പോൾ തെയ്യാമ്മയെ കാണാനി ല്ല. ആ പെൺകുട്ടികളുടെ മനസ്സിൽ ഭയത്തിന്റെ കാർമേഘങ്ങൾ തിങ്ങി നിറഞ്ഞു. ഒന്നാമത് വിജനമായ ആ പാടശേഖരത്തിൽ എന്തെങ്കിലും അത്യാഹിതം സംഭവിച്ചാൽ പോലും സഹായിക്കുവാൻ ആരുമുണ്ടായിരുന്നില്ല. എടീ തെയ്യാമോ?.. തെയ്യാമോ.. അവരുടെ ശബ്ദം ആ പാടശേഖരങ്ങളിൽ അലയടിച്ചുകൊണ്ടിരുന്നുവെങ്കിലും മറുപടി ശബ്ദം



മാത്രം മുഴങ്ങിക്കേട്ടില്ല. അന്വേഷണങ്ങൾക്കൊടുവിൽ ഷാന്റിയാണ് രണ്ടു കാലുകൾ ചേറിൽ ഉയർന്നു നിൽക്കുന്നത് കണ്ടത്. അനക്കം നിലയ്ക്കാത്ത കാലുകൾ.നഷ്ടപ്പെടുന്ന ഓരോ നിമിഷങ്ങൾക്കും പൊന്നിന്റെ വിലയുണ്ടെന്നു മനസ്സിലാക്കിയ ദിനമായിരുന്നു അന്ന്. ആ അഞ്ചു പെൺകുട്ടികളും കൂടി സാഹസികമായി തെയ്യാമ്മയെ കാലിൽ പിടിച്ചുവലിച്ച് കരയ്ക്കു കയറ്റിയിട്ട്, കയ്യിൽ ഇരുന്ന വെള്ള കുപ്പിയിൽ നിന്നും വെള്ളം എടുത്ത് തെയ്യാമ്മയുടെ മുഖം കഴുകി. നഷ്ടപ്പെട്ടുവെന്നു കരുതിയ പ്രാണൻ തിരിച്ചു കിട്ടിയതിന്റെ സന്തോഷത്തിൽ തെയ്യാമ്മയുടെ മുഖം മാരിവില്ല് പോലെ വിടർന്നു.

മരണത്തിന്റെ ഗന്ധമുള്ള താഴ്‌വരയിലൂടെ നടന്ന ഒരുവളെപ്പോലെയായിരുന്നു തെയ്യാമ്മയുടെ അപ്പോഴത്തെ ചേഷ്ടകൾ. ശരീരം അപ്പാടെ ചേറുകൊണ്ട് പൊതിഞ്ഞ അവളെയും കൂട്ടി ഷാന്റി, കൂട്ടുകാരോടൊപ്പം വീട്ടിലേക്ക് ഓടി. വിജനമായ പാതകൾ അവരുടെ ആ യാത്രയ്ക്ക് പുതിയ മാനങ്ങൾ നൽകാതെ രക്ഷിച്ചു. കുളിയും കഴിഞ്ഞ് തിരികെ സ്കൂളിൽ എത്തിയപ്പോഴേക്കും നേരം ഏറെ വൈകിയിരുന്നു. സ്വാതന്ത്ര്യദിനത്തിൽ പതാക ഉയർത്തിയത് പ്രധാന അദ്ധ്യാപകനായിരുന്നു. വൈകി എത്തിയതിനാൽ ആ കാഴ്ച ദൂരെ നിന്ന് കണ്ടുകൊണ്ടാണ് അവർ സ്കൂൾ അങ്കണത്തിൽ പ്രവേശിച്ചത്. സ്റ്റേജിന്റെ ഓരം ചേർന്നു നിന്നിരുന്ന മഹാത്മാഗാന്ധി അവരുടെ കൂട്ടുകാരിയായ നിമിഷയായിരുന്നു. അവൾ ഞങ്ങളെ കൈകാട്ടി അരികിലേക്ക് വിളിച്ചു. വൈകിയതിന്റെ കാരണം പറയാനായി വായ് തുറന്ന ഷാന്റിയെ വിലക്കികൊണ്ട് രശ്മി മെല്ലെ പറഞ്ഞു. ചേറിൽ വീണ തെയ്യാമ്മയ്ക്കും, നമ്മുടെ മുമ്പിൽ നിൽക്കുന്ന ഈ നിമിഷയ്ക്കും ഇപ്പോൾ ഒരേ ഛായയാണ്. അതേ രണ്ടുപേരുടെയും രൂപം അവരുടെ മനസ്സിൽ ഒന്നായിരുന്നു.

വിഷാദമൂകയായി നിന്ന തെയ്യാമ്മയുടെ കണ്ണുകളിൽ ഈറൻ പൊടിയാതിരുന്നില്ല. ആശ്വാസത്തിന്റെയും ജീവൻ തിരികെ കിട്ടിയതിന്റെയുമൊക്കെ കഥകൾ മാലോകരോട് പറയാതെ ഒരു ജീവൻ രക്ഷിച്ചതിന്റെ ചാരിതാർത്ഥ്യം ഞങ്ങളിൽ നിറഞ്ഞു നിന്നിരുന്നു.എടീ... തെയ്യാമ്മയുടെ വീട്ടിലേക്കുള്ള വഴി ഇടത്തേയ്ക്കോ, വലത്തേയ്ക്കോ?. മഹേഷിന്റെ ആ ചോദ്യം കേട്ടതും മൽഹ സീറ്റിൽ നിന്നും ചാടി എഴുന്നേറ്റു. അപ്പാ... അവരുടെ വീടെത്തിയോ?. പള്ളിക്കടവിൽ നിന്നും വലത്തേക്ക് തിരിഞ്ഞാൽ അഞ്ചാമത്തെ വീടാണ് അവളുടേത്. സ്നേഹബന്ധങ്ങൾ പുതുക്കിയപ്പോൾ തെയ്യാമ്മയുടെ കണ്ണുകൾ ഈറൻ അണിഞ്ഞിരുന്നു.

ജന്മാന്തരങ്ങളുടെ ആ കടപ്പാട് ചുംബനത്തിലൂടെ കൈമാറിയപ്പോൾ ഷാന്റിയുടെ മനസ്സ് നിറഞ്ഞിരുന്നുവെങ്കിലും മറ്റൊരു സംശയം ഉടലെടുക്കാതിരുന്നില്ല. ചിന്നക്കനാലിലെ ആ ചേറിന്റെ മണം തെയ്യാമ്മയുടെ മേനിയിൽ ഇപ്പോഴും പറ്റിപിടിച്ചിരിപ്പുണ്ടോ?. അങ്ങനെയൊരു സംശയം ഷാന്റിയുടെ മനസ്സിൽ പൊട്ടിമുളച്ചെങ്കിലും, ആ മുഖത്ത് യാതൊരു ഭാവവ്യത്യാസവും വരുത്താതെ, കുശലാന്വേഷണത്തിന്റെ അടുത്ത പടിയിലേക്ക് കടന്നിരുന്നു.



സജിമോൻ ജോസഫ്
വരകുകാലായിൽ

അമ്മ, സൗത്ത് ഓസ്ട്രേലിയയിലെ എല്ലാ മലയാളികളുടെയും മാതൃ സംഘടനയാണ്. കഴിഞ്ഞ 25 വർഷക്കാലമായി അഡലെയ്ഡിൽ നിലനിൽക്കുന്ന, പ്രവാസി മലയാളികളുടെ, സാംസ്കാരിക സംഗമ വേദിയായ, ഈ സംഘടനയ്ക്ക് സൗത്ത് ഓസ്ട്രേലിയയിൽ താമസിക്കുന്ന മലയാളികളെ കഴിഞ്ഞ കാലങ്ങളിൽ ഒരു കുടക്കീഴിൽ അണിനിരത്തുവാൻ സാധിച്ചു എന്നത് അഭിനന്ദനീയമായ വസ്തുതയാണ്.

'കേരളം വളരുന്നു, പശ്ചിമഘട്ടങ്ങളെ
കേറിയും കടന്നും ചെന്നന്യമാം രാജ്യങ്ങളിൽ'

എന്ന മഹാകവി പാലാ നാരായണൻ നായരുടെ വരികളെ അന്വർത്ഥമാക്കിക്കൊണ്ട് ഈ കങ്കാരുവിന്റെ നാട്ടിൽ മലയാളി സമൂഹം വളരുകയാണ്.

ജാതിക്കും മതത്തിനും അതീതമായി, ഒരേ ഭാഷ എന്ന അടിസ്ഥാന ശിലയിൽ മലയാളികൾ ഒത്തുകൂടുന്ന സംഗമവേദിയാണ് മലയാളി അസോസിയേഷനുകൾ. അതു നമ്മുടെ ഭാവി തലമുറയ്ക്ക് ബന്ധങ്ങൾ നെയ്യുവാനും, പരസ്പരം കണ്ടുമുട്ടുവാനും, അറിയുവാനും കൂടിയുള്ള ഒരു വേദിയാണ്.

# മറുനാടും മലയാളപ്പച്ചയും



ഇന്നു മലയാളി കുടിയേറി പാർക്കുന്ന ലോകത്തിന്റെ പ്രധാന നഗരങ്ങളിലെല്ലാം ജാതിയുടെയും മതത്തിന്റെയും രാഷ്ട്രീയ ചായ്‌വുകളുടെയും അടിസ്ഥാനത്തിലുള്ള സംഘടനകളും കൂട്ടായ്മകളും വ്യാപകമായി മുളച്ചു പൊങ്ങിയിട്ടുണ്ട്. മലയാളി അസോസിയേഷനുകൾ എന്ന മാതൃ സംഘടനകളുടെ പ്രവർത്തനങ്ങൾ ഓണം, വിഷു, ക്രിസ്തുമസ് ആഘോഷങ്ങളിലേക്ക് പരിമിതപ്പെടുത്തുകയും ചെയ്യുകയാണ്. ജാതിമത രാഷ്ട്രീയ ബന്ധങ്ങളുടെ സുഖസുഷുപ്തിയിൽ എല്ലാം മറക്കുന്ന പ്രവാസി മനസ്സിലാക്കേണ്ട ഒരു കാര്യം ഇവിടത്തെ പ്രവാസിയുടെ മൂന്നാം തലമുറ, അവരുടെ ആദ്യ തലമുറയു ടെ മാതൃഭാഷാ പരിജ്ഞാനം കരഗതമാക്കാത്തിടത്തോളം കാലം, ഈ സംവിധാനങ്ങൾ എല്ലാം അവർക്ക് ഒരുനാൾ അന്യ മായിരിക്കും എന്ന വസ്തുതയാണ് . ഈ യാഥാർത്ഥ്യം കാലം തെളിയിക്കുക തന്നെ ചെയ്യും.
ആഗോളവൽക്കരണത്തിലൂടെ അതിവേഗം ചുരുങ്ങിക്കൊണ്ടിരിക്കുന്ന ഇന്നത്തെ വിശ്വഗ്രാമത്തിൽ, ഓരോ പുതിയ ഭാഷാ പരിജ്ഞാനവും അമൂല്യമായ ജീവിതായുധമാണ്. കേരളക്കരയിൽ ഒരിക്കൽപോലും ഓണം ഉണ്ടിട്ടില്ലാത്ത ഗണത്തിൽ പെടുന്നവരാണ് നമ്മുടെ കുഞ്ഞുങ്ങളിൽ പലരും. വേഷവും ഭക്ഷണവും ഭാഷയും മാത്രമല്ല സംസ്കാരം. അതു ചില മൂല്യങ്ങളോടുള്ള ഇഷ്ടവും വിശ്വസ്തതയും കൂടിയാണ്.

ആധുനിക മലയാളി വിശ്വപൗരനാണ്. ഐശ്വര്യപൂർണ്ണവും സമ്പൽസമൃദ്ധവുമായ ഒരു ജീവിതത്തിന്റെ മരുപ്പച്ചകൾ തേടി മലയാളി അവന്റെ പ്രയാണം അനസ്യൂതം തുടരുന്നു. പലതിനെയും എത്തിപ്പിടിക്കാനുള്ള വെമ്പലിൽ നമുക്കും പലതും നഷ്ടപ്പെട്ടു പോകാറുണ്ട്. നമ്മുടെ സംസ്കാരത്തിന്റെ നല്ല അംശങ്ങൾ നമ്മുടെ കുഞ്ഞുങ്ങളിലേക്ക് പകർന്നു നൽകുന്നതിൽ മലയാളഭാഷയ്ക്കുള്ള പ്രാധാന്യം അളവറ്റതാണ്. വൈറ്റ് ഓസ്ട്രേലിയ പോളിസി നിർമാർജനം ചെയ്ത ശേഷം ഇവിടെ കുടിയേറിയ ആദ്യകാല മലയാളികളുടെ രണ്ടാമത്തെയും മൂന്നാമത്തെയും തലമുറകൾ ഇന്നിവിടെ ജീവിക്കുന്നുണ്ട്.

നാം മലയാളി എന്ന് സ്വയം വിളിക്കുന്നത് മലയാളത്തിന്റെ അടിത്തറയിൽ നിന്നുകൊണ്ടാണ്. അതിനാൽ തന്നെ മലയാളഭാഷ നമ്മുടെയും നമ്മുടെ അനന്തര തലമുറകളുടെയും സാംസ്കാരിക വ്യക്തിത്വ രൂപീകരണത്തിന്റെ നാരായവേരാണ്. നമ്മൾ ഇന്നു കൊളുത്തുന്ന ചിരാതുകളിൽ നിന്നു വേണം വരും നാളുകൾക്ക് പ്രകാശമാകേണ്ട ദീപങ്ങൾ നമ്മുടെ ഭാവി തലമുറ തെളിയിക്കുവാൻ. എന്റെ മക്കളെ നിങ്ങൾ നമ്മുടെ സംസ്കാരത്തിന്റെ നല്ല അംശങ്ങളെ എന്തുകൊണ്ട് കൈവിട്ടു എന്ന് ഒരുകാലത്ത് വിലപിക്കാതിരിക്കണമെങ്കിൽ, 'അച്ഛാ അഥവാ അമ്മേ എന്നെ എന്തുകൊണ്ട് ചെറുപ്പത്തിൽ മലയാളം പഠിപ്പിച്ചില്ല'?എന്ന് ഒരുകാലത്ത് നമ്മുടെ മക്കൾ നമ്മളോട് ചോദിക്കാതിരിക്കണമെങ്കിൽ നമ്മുടെ മക്കളുടെ മലയാള ഭാഷാ പഠനത്തിന് നാം പ്രോത്സാഹനം നൽകണം. അഡലെയ്ഡിൽ മലയാളഭാഷാ പഠനത്തിനായുള്ള സംരംഭങ്ങൾക്ക് നമുക്ക് ഓരോരുത്തർക്കും താങ്ങും തണലും ആകാം.

ലോകമെമ്പാടുമുള്ള എല്ലാ കുടിയേറ്റ സമൂഹങ്ങളും അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാന പ്രതിസന്ധികളിൽ ഒന്നാണ് പുതിയ തലമുറയുടെ മാതൃഭാഷാ പരിജ്ഞാനം. ഇവിടെ ജനിച്ചു വളരുന്ന നമ്മുടെ അടുത്ത തലമുറയുടെ മാതൃഭാഷ ഏതാണ്? ഒരു വ്യക്തി അനായാസം സംസാരിക്കുന്ന ഭാഷയാണോ മാതൃഭാഷ? അതോ ഒരു വ്യക്തി ജനിച്ചു വളർന്ന സമൂഹത്തിന്റേതോ? അടിസ്ഥാനപരമായി ഒരു കുഞ്ഞിന്റെ കർണ്ണപുടങ്ങളിൽ ആദ്യമായി സ്വന്തം അമ്മയുടെ നാവിൽ നിന്നും ഒഴുകിയെത്തുന്ന നാദ വിസ്മയമാണോ മാതൃഭാഷ? ഈ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക അത്ര എളുപ്പമാണെന്ന് തോന്നുന്നില്ല.

ഏതൊരു സംസ്കാരത്തിന്റെയും ആധാരശിലകളിൽ ഒന്ന് ഭാഷയാണ്. ആശയസംവേദനത്തിനുള്ള ഉപാധിയാണ് ഭാഷ. ജീവിക്കുന്നതും മരിക്കുന്നതും കാലാകാലങ്ങളിൽ മാറ്റങ്ങൾക്ക് വിധേയമാകുന്നതും ആണ് ഭാഷ. 2000 വർഷങ്ങൾക്കു മുൻപ് ജീവിച്ചിരുന്ന യേശുനാഥൻ, കാൽവരിയിലെ മരക്കുരിശിൽ കിടന്ന് ഇങ്ങനെ വിലപിച്ചു. 'ഏലി ഏലി ലമ ശബക്ത്താനി'. 'എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടത് എന്തുകൊണ്ട്?' അറമിയക് ഭാഷയിലാണ് ക്രിസ്തുനാഥൻ ആ വചനങ്ങൾ അരുളി ചെയ്തത്. യേശുദേവന്റെ ഭാഷയായ അറമിയക് ഇന്നു സിറിയയുടെ തലസ്ഥാനമായ ഡമാസ്കസിന്റെ പ്രാന്ത പ്രദേശങ്ങളിലെ മൂന്നു ചെറു ഗ്രാമങ്ങളിലെ വെറും 15000 തോളം വ്യക്തികൾ മാത്രം സംസാരിക്കുന്ന ഭാഷയായി മാറിയിരിക്കുന്നു. അവരുടെ യുവതലമുറ സംസാരിക്കുന്നത് അറബിയിലോ തദ്ദേശ ഭാഷകളിലോ ആണെന്നറിയുമ്പോഴാണ് ഈ ദുരവസ്ഥയുടെ ആഴവും പരപ്പും നമുക്ക് മനസ്സിലാക്കുവാൻ സാധിക്കുന്നത്.

ഐക്യരാഷ്ട്രസഭയുടെ കണക്കുകൾ അനുസരിച്ച് ലോകത്തിൽ ഏകദേശം 6000 ഭാഷകൾ ഉണ്ട്. ഈ നൂറ്റാണ്ട് അവസാനിക്കുന്നതിന് മുമ്പ് ഇതിൽ 90% ഭാഷകളും നശിക്കും. 440 ഓളം ഭാഷകൾ ഈ തലമുറയുടെ അന്ത്യത്തോടെ കാലയവനികക്കുള്ളിൽ തിരോധാനം ചെയ്യും.

എണ്ണത്തിൽ 70 മില്യൻ മാത്രമുള്ള ജർമ്മൻകാർ ലോകത്തിൽ എവിടെയായാലും അവരുടെ ജർമൻ ഭാഷ പരിജ്ഞാനം

കൈവിടുകയില്ല. ഫ്രഞ്ചുകാരനും സ്പെയിൻകാരിയും അവനവന്റെ മാതൃഭാഷയെ മുറുകെ പുൽകുന്നു. 'കുരച്ച്, കുരച്ച്, മലയാളം അരിയുന്നവരായി' മാറുന്നതിലൂടെയാണ് നമ്മൾ ഈ പൊക്കിൾകൊടി ബന്ധത്തിൽ അരിവാൾ വയ്ക്കുന്നത്. പല ഭാഷകൾ അനായാസമായി കൈകാര്യം ചെയ്യുവാനുള്ള കഴിവ് പ്രകൃതി കുരുന്നു മനസ്സുകൾക്ക് നൽകിയിട്ടുണ്ട്. ദ്വിഭാഷാ പരിജ്ഞാനം കുഞ്ഞുങ്ങളുടെ ബുദ്ധിശക്തി വർദ്ധിപ്പിക്കുവാൻ ഉതകുമെന്നാണ് ശാസ്ത്രീയ പഠനങ്ങൾ തെളിയിക്കുന്നത്.

ഭഗവത്ഗീതയിലെ പ്രശസ്തമായ ഈ വരികൾ നമ്മുടെ സാംസ്കാരിക വേരുകൾ അറ്റു പോകാതിരിക്കേണ്ടതിന്റെ പ്രാധാന്യം ഉണർത്തുന്നു.

'സ്ഥനേ സ്ഥിതസ്യ പത്മസ്യ/ മിത്രേ വരുണ ഭാസ്കരോ/ സ്ഥാനാത് ഭ്രഷ്ടസ്യ പത്മസ്യ/ ശോഷതോ പോഷക വപി(ഹി!)'
(ഒരു താമര അതിന്റെ സ്ഥാനത്തു നിൽക്കുമ്പോൾ വെള്ളം അതിനെ പരിപോഷിപ്പിക്കും. സൂര്യൻ വിടർത്തി നിർത്തും. എന്നാൽ വേരറ്റു പോയാലോ? ഇതേ വെള്ളം അതിനെ അഴുക്കി കളയും, സൂര്യൻ അതിനെ കരിച്ചു കളയും )

ശ്രീ എൻ എൻ കക്കാട് പാടിയത് പോലെ
കാലമിനിയും ഉരുളും

വിഷു വരും വർഷം വരും തിരുവോണം വരും പിന്നെ ഓരോ തളിരിലും പൂ വരും കായ് വരും,അപ്പോൾ ആരെന്നും എന്തെന്നും ആർക്കറിയാം.

വരിക സഖി അരികത്തു ചേർന്നുനിൽക്കൂ, പഴയൊരു മന്ത്രം സ്മരിക്കാം അന്യോന്യം ഊന്നുവടികളായി നിൽക്കാം.ഹാ സഫലമീ യാത്ര.!'

പ്രവാസികളായ നമ്മൾ ജീവിതസായാഹ്നത്തിൽ പുറകോട്ട് തിരിഞ്ഞു നോക്കുമ്പോൾ 'ഹാ സഫലമീ യാത്ര' എന്ന് പറയുവാൻ നമുക്ക് ഓരോരുത്തർക്കും സാധിക്കട്ടെ.!





രജ്ഞിത്ത് നൈനാൻ മാത്യു


പുനിലാവ് വെളിച്ചം കാണിച്ച വഴിയിലൂടെ ഞാൻ നടന്നു. പുൽപ്പടർപ്പുകളിൽപറ്റി നിന്ന ജലകണങ്ങൾ കാലുകളെ നനയ്ക്കാതിരുന്നില്ല പുതിയ താമസസ്ഥലത്തേക്ക് തിരിയുന്ന ഇടവഴിയിൽ ഇരുട്ട് പതിയിരിക്കുന്നു. തീപ്പെട്ടി ഉരച്ചപ്പോൾ ഇരുട്ട് അകന്നു മാറി. വീട്ടിലെത്തിയപ്പോൾ വല്ലാത്ത ക്ഷീണം തോന്നി. ഉറങ്ങിയത് എപ്പോഴാണെന്ന് അറിഞ്ഞതുകൂടിയില്ല. ഉണർന്നപ്പോൾ മുറ്റത്തും പരിസരത്തും വെളിച്ചം വലവീശിയിരുന്നു.

രണ്ടു ദിവസം അവധി എടുക്കുകയായിരുന്നു പുതിയ ചുറ്റുപാടുകളുമായി ഇണങ്ങുവാൻ കുറഞ്ഞത് രണ്ടു ദിവസമെങ്കിലും എടുക്കും. തിരക്കൊഴിഞ്ഞ ഗ്രാമം. പട്ടണത്തിലെ ഓഫീസ് ആയിരുന്നു കൂടുതൽ സൗകര്യപ്രദമെന്ന് തോന്നാതിരുന്നില്ല. ആയുസിന്റെ പുസ്തകത്തിൽ നിന്നും കൊഴിഞ്ഞു പോയ ദിനങ്ങൾക്കിടയിൽ ആകെ നേട്ടമായി കിട്ടിയത് നല്ലൊരു പേരു സമ്പാദിക്കുവാൻ കഴിഞ്ഞു എന്നതായിരുന്നു.

ഇത്ര പെട്ടെന്ന് ഒരു മാറ്റം പ്രതീക്ഷിച്ചിരുന്നില്ല. ശ്യാം, നിങ്ങൾക്ക് മാറ്റമായി ആഫീസർ വിളിച്ചു പറഞ്ഞപ്പോൾ മനസ്സ് വല്ലാത്തൊരു ചുഴിയിൽ അകപ്പെട്ട അവസ്ഥയിൽ ആയിരുന്നു. പുതിയ വീട്ടിൽ തനിയെ ഇരുന്നപ്പോൾ മനസ്സ് പിന്നിട്ട വഴികളിലൂടെ സഞ്ചരിക്കുവാൻ തുടങ്ങി.

അച്ഛൻ ആയിരുന്നു ജീവിതത്തിലെ എല്ലാം. ഓഫീസിൽ നിന്നു വന്നാൽ ആദ്യം തന്നെപറ്റിയായിരുന്നു അന്വേഷണം. വാത്സല്യത്തോടെ അരികിൽ വിളിച്ചിരുത്തും. പലതും പറയും. ജീവിതഭാരങ്ങൾ തന്നിലേക്ക് ഇറക്കി വയ്ക്കുകയായിരുന്നുവോ എന്ന് ഇന്ന് തോന്നിപോകുന്നു. നീണ്ടകാലം ആ സ്നേഹം അനുഭവിക്കുവാൻ കഴിഞ്ഞില്ല. ഓഫിസിൽ

# ഓർമ്മകൾ





ഇരിക്കുമ്പോൾ ടെലഗ്രാം കിട്ടി. പെട്ടന്നായിരുന്നു അച്ഛന്റെ മരണം. വീട്ടിൽ എത്തിയപ്പോൾ മൺകുടത്തിൽ അസ്ഥികഷണങ്ങൾ. ചിത ഒരുക്കിയ സ്ഥലം. ആ തീയിൽ വാടിയതും മങ്ങലേറ്റതുമായ വൃക്ഷത്തലപ്പുകൾ. നോക്കി നിന്നപ്പോൾ ഹൃദയം ഉരുകുന്നതായി തോന്നി. വേദന തളം കെട്ടി നിന്ന വീട്, ആഴമുള്ള മുറിവുകൾ എല്ലാ ഹൃദയങ്ങളിലും ഏറ്റിരിക്കുന്നു. അമ്മയും അനുജനും താനും മാത്രം അടങ്ങിയ കുടുംബം.

വേദന തെല്ലു ശമിച്ചപ്പോൾ സ്വയം തീരുമാനമെടുത്തു. എല്ലാഭാരങ്ങളും താൻ ഏറ്റിരിക്കുന്നു. കഴിഞ്ഞ മാസത്തിലായിരുന്നു അച്ഛന്റെ ഓർമ്മ ദിവസം. ഒരിക്കലും മുടക്കമില്ലാതെ അന്നു വീട്ടിൽ എത്തുന്നു. അനുജനെ പഠിപ്പിച്ചു. ഇന്നു അവൻ ഒരു ഡോക്ടറാകുവാൻ പോകുന്നു. അമ്മയെപ്പോഴും വിളിക്കാറില്ല. ആ കുറവ് അനിയൻ പരിഹരിക്കുന്നു. ശീലങ്ങൾ മാറ്റുവാൻ പറ്റാത്തതുകൊണ്ട് അമ്മ വല്ലപ്പോഴും ഒരു കത്ത് അയയ്ക്കും.

രണ്ടു മുറിയും അടുക്കളയും ചേർന്ന വീട്. ചുറ്റിനും കാടും പടർപ്പും വളർന്നു കിടക്കുന്ന പുരയിടം. തനിയെ താമസിക്കുവാൻ പേടി തോന്നും. കത്ത് നോക്കുവാൻ ശിവപ്രസാദിനെ ഓഫിസിൽ അയച്ചു. അയലത്തെ വീട്ടിലെ വിളറി വെളുത്ത കൊച്ചു പയ്യൻ. സാറിനെ എല്ലാവരും അന്വേഷിച്ചു. രണ്ടു കത്തും തന്നയച്ചു. അനുജന്റെ കത്താണ്. കഴിഞ്ഞ ആഴ്ചയിൽ ഞാൻ വീട്ടിൽ ഉണ്ടായിരുന്നു. 'അമ്മ സുഖമായിരിക്കുന്നു. വീട്ടിൽ ഒരു വിളക്കിന്റെ കുറവുണ്ട്. തീരെ വെളിച്ചമില്ല. ഈ കാര്യത്തിൽ ചേട്ടൻ എന്തെങ്കിലും ചെയ്തേ പറ്റുകയുള്ളു. വിവാഹകാര്യത്തെപ്പറ്റി അനുജന്റെ സൂചന. ഊണ് തയ്യാറാക്കി വച്ചതിനുശേഷം അമ്മ നെല്ലിക്കാട്ടു പോയിരുന്നു.

തനിയെ ഇരുന്നു മുഷിഞ്ഞപ്പോൾ തെക്കേപ്പുരയിൽ ഉറങ്ങുവാൻ കിടന്നു. തെക്കേലെ ശാരദചേച്ചി വന്നു വിളിച്ചപ്പോഴാണ് ഉറക്കമുണർന്നത്. ഊണ് വിളമ്പിത്തരുവാൻ 'അമ്മ പറഞ്ഞേൽപ്പിച്ചിരുന്നു. പഴയ ആകൃതിയല്ല, എല്ലും തോലുമായി രക്തം പറ്റിയ ശരീരം. ഞങ്ങൾ ഒരുമിച്ച് ഉണ്ണാനിരുന്നു. ചേച്ചിയ്ക്ക് എന്തുപറ്റി? എന്താണ് അസുഖം? ഇങ്ങനെ ആളുമാറുമോ?

ഒന്നും മിണ്ടിയില്ല പ്ലേറ്റിലേക്ക് കണ്ണുനീർ ചിതറി വീണു. ദുർമാർഗ്ഗിയായ ഭർത്താവ്. തമ്മിലുള്ള വിശ്വാസം നഷ്ടപ്പെട്ടിരിക്കുന്നു. ഇനിയും പോകില്ലെന്ന് പറഞ്ഞ് വന്നതാണ്. ഇവിടെ അച്ഛനും അമ്മയും സമ്മതിക്കുന്നില്ല. ഒരു സ്ത്രീ വിചാരിച്ചാൽ പുരുഷനെ നന്നാക്കാമെന്നാണ് അവരുടെ നിഗമനം. നാളെ ഞാൻ പോകുകയാണ് മണി.

തല താഴ്ത്തി പടി കടന്നു പോകുന്ന ചേച്ചിയെ ഞാൻ നോക്കി നിന്നു. ചുരുണ്ട മുടിയും സ്വർണ്ണ നിറവും ആരോഗ്യം മുറ്റി നിന്ന പെൺകുട്ടി. വളരെ പെട്ടന്നായിരുന്നു വിവാഹം. നല്ല സാമ്പത്തികശേഷിയുള്ള സുമുഖനായ വരൻ. കല്യാണത്തിന്റെ തലേ രാത്രി ഞങ്ങളെല്ലാം ആ വീട്ടിലായിരുന്നു. എല്ലാം എത്ര ഭംഗിയായി നടത്തി. ശാരദയ്ക്ക് ഇത്ര നല്ല നില വന്നുചേർന്നതിൽ എല്ലാവരും സന്തോഷിച്ചു.

പക്ഷേ എല്ലാം ക്ഷണികമായിരുന്നു. അയാളെപ്പറ്റി പിന്നീട് കേട്ട കഥകൾ എല്ലാവരെയും ലജ്ജിപ്പിക്കുന്നതായിരുന്നു. ശാരദയെ ഒഴിവാക്കുവാൻ അയാൾ പലതും ചെയ്തു. മറ്റു മാർഗ്ഗങ്ങൾ ഇല്ലെന്നു തോന്നിയപ്പോൾ ചെറുത്തു നിൽക്കുവാൻ ശാരദയും ശ്രമിച്ചു കാണും. അവസാനം അത് മരണത്തിൽ കലാശിച്ചു. വ്യക്തമായ തെളിവുകൾ ഒന്നും ഇല്ലാത്ത മരണം. വിവരം അറിഞ്ഞതുപോലും താമസിച്ചാണ്. ആർക്കും ചെന്നു കാണുവാൻപോലും കഴിഞ്ഞില്ല.

അനുജന്റെ കത്തുമായി ഞാൻ മരവിച്ചിരുന്നു.



M J Nattukari

# Under The Sequoia Tree

The warm summer breeze blows through the meadow, the wind playing across the fields of flowers, everything around me swaying in the most hypnotic and soothing rhythm. My back rests against the delicate wood of a sequoia, as my eyes soak in every second of this precious view. My hands unconsciously tracing small circles in cool dark soil, searching for the warmth of her hands.

The view off this mountain. Can't compare to any other. The world has a different meaning here, trees that tower over you, look as though you could walk over them in a single step. The busy streets and loud buildings are silent, and the still blue tinted glare running along the horizon, the ocean.

The soft clouds above stare down at me, begging for me to join them in the sky. If only I could.



Everything fits so perfectly, nothing on earth can compare to this feeling, except for her.

The sun won't set for another hour, and right now there's nowhere on earth I would rather be.

The only thing that could make today better is if it started to rain. I guess this will have to do for today though.

I can only spare a few more moments in this joy, before I have to return to the mess of a routine I call my life.

I pick myself up, grabbing my yellow slippers as I do. Savoring these seconds, digging my feet into the cool damp soil beneath, and filling my lungs with the sweet scents and freeing air of the mountain. I don't want to leave but I have to, it's what she would have wanted me to do.



I don't know why she left, but I know that the only place she felt alive was here.

Two weeks before she disappeared, she brought me here. Her eyes beaming with joy as she ran out of the car holding my hand, leading me under our tree. The sequoia. My favorite tree, and coincidentally hers too. Most sequoias these days are towering beauties surrounded by their family. But not ours, it's still only a baby, just a couple meters taller than us. The wood is so soft and delicate. And if you look closely enough under the lowest branch you can find her name, next to mine.

I miss her, her warmth beside me on the colder days, and her crazy cold brews that we end up puking out, that she brings in the heat.

I remember we came here every day that I could get off work early and how we would spend hours in silence. Neither of us wanted to talk, we didn't have to. I wonder now, what if we did?

Would she tell me she was leaving? Would she tell me why?

I have the feeling that she wouldn't have, even if I had asked.

I couldn't even think about this place at first. It took me a week to realize she had left, with no intention of return. But still, I waited, patiently. Holding myself each time I thought about her. After 3 weeks I broke, I finally started to accept she wouldn't turn back.

At first I was spending all my lonely hours in my room, in her clothes. Hoping she would be in the kitchen talking about her new brew recipe or on the couch asleep after watching a scary movie. I didn't want to believe she left, I didn't want to believe she wouldn't return.

But that's not her, she won't come back. She would never turn back.

It's been four months now, it's hard moving on. But I'm trying to forget her, slowly, slowly. These days it's almost bearable. I got back to work, and I've decided to choose a different major.

But I still come back to the mountain, besides school and work I spend most of my time here now.

A week after she left, and I got back to work, this mountain re-appeared in my thoughts.

Then one day I decided I should come down here, what was the worst that could happen?

The air of the mountain grass swept me under a wave of stillness and memories. With every step I took closer to our sequoia my heart pounded, my head flushed with relief for a reason I couldn't place. Maybe i thought she would be waiting for me there, a stupid thought really. I know she would not be there, but I still hoped she would be.

But seemingly enough, instead of her loving eyes, was a note. Carefully folded and stuck onto the sequoia with a pale yellow pin. 'To my love' written delicately in her handwriting. I was scared to open it.

What if it was a…

No. I couldn't think that way, I just couldn't. My hands, working against me. Removed the pin, catching the note in the other hand.

Taking short and shallow breaths, forcing myself to calm down. I dropped under the sequoia, hugging my knees.

My breath is under control now, my heart racing a little less. I begin to slowly open the folds.

Her writing, her words, they nearly break me.

It's not as cruel as I thought it would be. At least I know she is safe now.

Before I can stop myself, my eyes are spilling with tears, my cheeks now hot and wet. I keep telling myself that I know she is okay, and that's all I need. It starts raining, and anyone would find this depressing, but not to me. It fills me with happiness. As if on cue, my tears stop falling. She always smiled the widest when it was raining.

And a single forgotten memory comes to my mind. Her words loop in my mind, holding me in comfort.

"Everything precious to me in this world is right here, under our sequoia", she told me.

Too bad it didn't rain today.

Maybe it will...tomorrow. ■



THE TOTAL
ACCOUNTING . TAX . FINANCE

# BUSINESS TAX SPECIALISTS

## SERVICES PROVIDED

- Accounting Services
- Business Advisory
- Taxation
- Insurance Services
- Loans and Finance
- Payroll Services
- BAS/GST
- Company/Trust Registration
- CFO Services




**Adelaide**
saki@thetotal.com.au
Phone: 0435-944-052
Address:13/168 Melbourne St,
North Adelaide SA 5006,
Australia

**Melbourne**
abin@thetotal.com.au
Address: Level 24
570 Bourke St,
Melbourne Vic, 3000

**Brisbane**
sanju@thetotal.com.au
Address:2C/1990 Logan Road,
Upper Mt Gravatt – Brisbane

Silver Jubilee 25 Celebration

ADELAIDE & METROPOLITAN MALAYALEE ASSOCIATION



# GLORIOUS YEARS